

അകറ്റി നട്ടാലും വേരുകളും ചില്ലകളും പരസ്പരം കെട്ടിപ്പുണരുന്ന വൃക്ഷങ്ങൾ പോലെയാണ് മനുഷ്യരും. ഏതു മഹാമാരി യിൽ അകറ്റി നിർത്തപപ്പെട്ടാലും പരസ്പരം കൂടിച്ചേരാനുള്ള ഒരു ജൈവതൃഷ്ണ നമ്മെ അലോസരപ്പെടുത്തിക്കൊണ്ടേയിരിക്കും. ഉടലുകൾ വിലക്കായി മാറുന്നിടത്ത് വാക്കുകൾ കൂട്ടായി വരും. കൂട്ടിനു വാക്കുകളുള്ളപ്പോൾ ആരും ഏകരല്ല; ഒരു മഹാമാരിക്കും നമ്മെ വെല്ലുവിളിക്കാൻ കഴിയില്ല. വാക്കിന്റെ ചങ്ങാടമേറി ഉണ്മയുടെ ലോകത്തേക്ക് ഒരു കൂട്ടായ്മ നടത്തിയ അനുഭൂതി സഞ്ചാരത്തിന്റെ ഓർമ്മകളാണ് ഇവിടെ സമാഹരിക്കപ്പെടുന്നത്. പുസ്തകത്താ ളുകളിലൂടെ അനാവരണം ചെയ്യപ്പെട്ട ജീവിത സങ്കീർണ്ണതകളുടെ വായനാനുഭവങ്ങളാണ് 'ഉണ്മ'യുടെ ഉള്ളടക്കം. അതിജീവനത്തിന്റെ അടയാളപ്പെടുത്തലായി നമ്മുടെ കലാലയചരിത്രത്തിൽ ഈ ഉദ്യമം രേഖപ്പെടുത്തപ്പെടും - തീർച്ച.

എഡിറ്റോറിയൽ ബോർഡ്

**Title : UNMA (Collection of Reviews)**
**Published in 2022**

| | | |
|---|---|---|
| *Chief Editor* | : | Vinod Thomas |
| *Editorial Board Members* | : | Vijayalakshmi K S<br>Salini P<br>Akhila G M<br>Abdulkareem Aseena K<br>Dr. Neeraja V S<br>Dr. Basheer Poolakkal<br>Dr. Shibu B |
| *Published by* | : | Language Department & IQAC<br>NMSM Govt. College, Kalpetta |
| *Address* | : | Puzhamudi P O<br>Kalpetta, Wayanad<br>Kerala, India |
| *Printer* | : | Kavery Offset Printers, Kakkodi |
| *Cover Design* | : | Intimate, Balussery |
| | | Ist Edition |
| *ISBN* | : | 978-81-954638-00 |

# ഉള്ളടക്കം

1. ഹിഗ്വിറ്റ: കഥപറച്ചിലിന്റെ വേറിട്ട വഴികൾ ........................................... 4
*നന്ദിത.സി.പി.*

2. ഉദകപ്പോള: നഗരജീവിതത്തിന്റെ കാണാപ്പുറങ്ങൾ ............................... 7
*മനോജ് എം.ജി.*

3. A Thousands splendid suns ..................................................... 9
*Abdulkareem Aseena K*

4. ജഹനാര ............................................................................................ 12
*ഡോ. പി സി അഷ്റഫ്*

5. ഖബർ ................................................................................................. 24
*ഷാർലറ്റ് എസ് കുമാർ*

6. ആദിത്യനും രാധയും മറ്റുചിലരും - ഒരു വേറിട്ട വായനാ അനുഭവം .... 28
*ഷീജ.കെ.എസ്.*

7. Lust for Life: Painting the Life of a Painter ............................. 33
*Dr. Shibu.B*

8. കരിനീല: പെൺമനസ്സിലെ പ്രണയ നിഗൂഢതകൾ ............................. 39
*ദേവതീർത്ഥ.എം.ജെ.*

9. **'नेपथ्य राग' में जिह्वाविहीन नारी** ............................................ 42
നീരജ

10. റൂമിയും മസ്നവിയും, ചില സൂഫീ ചിന്തകളും ................................. 45
*ഡോ.ബഷീർ പൂളക്കൽ*

11. യക്ഷി: പുരുഷ കാമനയുടെ ഭ്രമ സന്ദേഹങ്ങൾ .................................. 53
*ശാലിനി പി*

12. Othello the Tragedy of dubiety ............................................... 56
*Akhila G M*

13. കരുണ - ഉന്മാദിയിൽ നിന്നും പരിത്യാഗിയിലേക്ക് ............................. 58
*വിനോദ് തോമസ്*

14. 'അക്കർമാശി': തിളങ്ങുന്ന ഇന്ത്യയിലെ അർദ്ധ ജാതിക്കാരന്റെ നിലവിളികൾ ........ 62
*വിജയലക്ഷ്മി.കെ എസ്*

15. ഹൃദയസ്പർശിയായ സ്പർശം ......................................................... 72
*നൗഷിജ.എ*

16. കർഷക ജീവിതത്തിന്റെ കാണാപ്പുറങ്ങളിൽ ..................................... 77
*അന്നക്കുട്ടി പി.എം.*

# ഹിഗ്വിറ്റ: കഥപറച്ചിലിന്റെ വേറിട്ട വഴികൾ

നന്ദിത.സി.പി.

മലയാള ചെറുകഥാരംഗത്ത് വാക്കുകള്കൊണ്ട് പുതിയൊരു മിഥോളജി സൃഷ്ടിച്ച എഴുത്തുകാരനാണ് എൻ എസ് മാധവൻ. ഉറക്കത്തിന്റെ ഉണർവ്വിൽ കിടക്കുന്ന ബിംബങ്ങളെ ജപിച്ചുണർത്തുകയും സ്ഥലകാലങ്ങളെ ഉടച്ചുവാർക്കുകയും ചെയ്യുന്ന മാന്ത്രിക വിദ്യയാണത്. ആ മാന്ത്രിക വിദ്യയിൽ നിന്നും ഉത്ഭവിച്ചതാണ് ഹിഗ്വിറ്റ എന്ന ഏഴുകഥകളടങ്ങിയ കഥാസമാഹാരം. ഓരോ കഥകളും ഒന്നിലൊന്ന് വ്യത്യസ്തവും, അതിലുപരി വ്യക്തമായ രാഷ്ട്രീയ പ്രസക്തിയും ഉള്ള കഥകളാണ്. അനുവാചകരെ വശീകരിക്കുന്ന, ബോധ്യപ്പെടുത്തുന്ന ഈ ശില്പചാതുരി നമ്മുടെ സാഹിത്യത്തിന്റെ ഐശ്വര്യത്തെ വിളംബരം ചെയ്യുന്നു. മലയാള ചെറുകഥാ ലോകത്തിലെ മഹാസൗന്ദര്യമാണ് ഹിഗ്വിറ്റ.

ഹിഗ്വിറ്റ എന്ന ആദ്യകഥ തികച്ചും ഫുട്ബോൾ പശ്ചാത്തലത്തിൽ മുന്നേറിക്കൊണ്ട്, വലിയൊരു അർത്ഥ തലത്തിലേക്കു വളരുന്നു. ഫാദർ ഗീവർഗ്ഗീസച്ചന് എന്ന ഫുട്ബോൾ പ്രേമി രക്ഷകനാകുന്നു. സ്ത്രീ സമൂഹം നേരിടുന്ന വെല്ലുവിളിയെ തികച്ചും, യാഥാർത്ഥ്യ ബോധത്തോടെ അവതരിപ്പിക്കുന്നു. കൊളംബിയയുടെ ഗോളിയായ ഹിഗ്വിറ്റയുടെ സ്വരൂപത്തിലാണ് ഗീവർഗ്ഗീസച്ചന് കഥാനായകനാകുന്നത്. ജബ്ബാർ എന്ന ക്രൂരനിൽ നിന്നും പന്ത് തട്ടുന്ന ലാഘവത്തോടെ, ലൂസിയെ രക്ഷിക്കുകയും കഥ അവസാനിക്കുകയും ചെയ്യുന്നു. ശാന്തനായി യാതൊരു ഗൃഹാതുരത്വ വ്യഥയും കൂടാതെയുള്ള മടക്കം ഏകാകിയായ ഗോളിയെ ഓർമ്മിപ്പിക്കുന്നു.

രണ്ടാമത്തെ കഥയാണ് വന്മരങ്ങൾ വീഴുമ്പോൾ ഇന്ദിരാഗാന്ധിയുടെ വധവും, മരണവുമെല്ലാം എത്രത്തോളമാണ് സിക്ക് വംശജരെ ബാധിച്ചതെന്ന് നമുക്ക് ജഗ്ഗി എന്ന കുഞ്ഞിൽ നിന്ന് വ്യക്തമാകുന്നു. ആ കുട്ടിയും, അവന്റെ അമ്മയും സിസ്റ്റർ അഗതയുടെ സഹായത്താൽ രക്ഷപ്പെടുന്നു. ആക്രമണകാരികളിൽ നിന്നും,

ശവപ്പെട്ടിയിലാക്കിക്കൊണ്ട് സമുദായവിലക്കുകളെയും, രാഷ്ട്രീയ ജീർണതയുമൊക്കെ തകർത്തുകൊണ്ട് സിസ്റ്റർ അവരെ രക്ഷപ്പെടുത്തുന്നു. രാഷ്ട്രീയ എതിരാളികൾ വീഴുമ്പോൾ അത് സാധാരണക്കാരെ എങ്ങനെ ബാധിക്കുന്നുവെന്ന നേർക്കാഴ്ചയാണിത്.

സ്ത്രീപുരുഷ ബന്ധവും, ലൈംഗീകതയും അതിന്റെ വ്യത്യസ്ത തലങ്ങളുമാണ് കാർമെന എന്ന മൂന്നാം കഥയിലെ ഇതിവൃത്തം. ഭാരതീയ സംസ്ക്കാരത്തോട് ഏറെ ചേർന്നു നില്ക്കുന്ന ഈ കഥയിൽ, ഗംഗാതീരവും കേരളത്തിന്റെ തനത് കലാരൂപങ്ങളും, വെനീസ് എന്ന പ്രദേശവും പശ്ചാത്തലമായി വരുന്നു. രാഘവൻ - കാർമെൻ ബന്ധവും, വിദേശീയവും, തദ്ദേശീയവുമായ സംഘടനങ്ങളും ഇവിടെ പ്രതിഫലിക്കുന്നുണ്ട്.

എന്റെ മകൾ സ്ത്രീ എന്നതാണ് നാലാമത്തെ കഥ. സ്വന്തം മകളില് അവളുടെ വയറ്റിൽ ഒരു ചെറിയ ഗർഭപാത്രം വിടരുവാൻ കാത്തിരിക്കുകയാണ് എന്ന് തിരിച്ചറിയുന്ന അച്ഛൻ ബാല്യകാല സ്മരണകളുടെ ഇടയിൽ നിന്നും കൗമാരത്തിലേക്ക് വളർന്നു വരുന്ന ഒരു പെൺകുട്ടിയുടെ മാറ്റം ഒരച്ഛന് നോക്കിക്കാണുന്ന കഥാരീതി.

ഇരുപതാം നൂറ്റാണ്ടിൽ ഉണ്ടായ ഏറ്റവും വലിയ മൂന്നു രാഷ്ട്രീയ പ്രക്രിയകളും കമ്മ്യൂണിസത്തിന്റെ ഉദയവും, അസ്തമയും കോളനി വിമോചനം തുടങ്ങിയവ പശ്ചാത്തലമായി വരുന്ന കഥയാണ് നാലാലോകം. ഇന്ത്യക്കാരനായ ഗോവിന്ദൻകുട്ടിയും, റഷ്യക്കാരനായ ബക്കുനിനും ബഹിരാകാശ പേടകത്തില് വെച്ച് കണ്ടുമുട്ടുന്നു. റഷ്യയിലെ സ്റ്റാലിൻ, ഗർബച്ചേവ് തുടങ്ങിയ ഭരണാധികാരികളുടെ പരിഷ്ക്കാരങ്ങൾ സോവിയറ്റ് യൂണിയനെ റിപ്പബ്ലിക്കുകളായി മാറ്റി. ഒപ്പം മൂന്നാംലോകത്തിനെ മുഴുവൻ അവർ അനാഥമാക്കി മാറ്റുന്നു. കഥയില് കമ്മ്യൂണിസവും പ്രതിപാദിക്കുന്നുണ്ട്. പ്രത്യേകിച്ച് കേരളത്തില് മരിച്ചുപോയ നേതാക്കളുടെ സ്മരണക്കായി ലൈബ്രറികളും, ആശുപത്രികളും, പാർട്ടി ആപ്പീസുകളുമാണ് പണിയുന്നത്. പ്രതിമകളെപ്പോലെ അവ നശിപ്പിക്കുവാൻ എളുപ്പമല്ലോ. ഇവിടെ ആകാശം നാലാലോകമായി മാറുന്നു. സമകാലിക ചരിത്രത്തെക്കുറിച്ചുള്ള ധാർമ്മിക രാഷ്ട്രീയ പ്രസ്താവനകളാണ് വന്മരങ്ങൾ വീഴുമ്പോൾ നാലാലോകം തുടങ്ങിയവ വർഗീകരണത്തിന്റെ കൗതുകമുള്ളവർക്ക് അവയെ

ഏറ്റവും മികച്ച രാഷ്ട്രീയ കഥകൾ എന്നുവിളിക്കാം.

കാണി എന്ന കഥയും, ഇതുപോലെ സ്ത്രീപുരുഷ ബന്ധങ്ങളുടെ വഴിവിട്ട രീതികൾ, മാതാപിതാക്കളുടെ കെട്ടുറപ്പില്ലായ്മ തുടങ്ങിയവ മക്കളെ എങ്ങനെ ബാധിക്കുന്നു എന്ന ലളിതമായ കഥാവിഷ്ക്കാരമാണ്. ഇവിടെ എന്റെ മകൾ സ്ത്രീ, കാണി തുടങ്ങിയ കഥകളിലൂടെ ജീവശാസ്ത്രപരമായ വസ്തുവായി മാത്രം പരിഗണിക്കപ്പെട്ട സ്ത്രീ ശരീരത്തെ പുനർഭാവനം ചെയ്യാനാണ് മാധവൻ ശ്രമിക്കുന്നത്. പുരുഷലിംഗത്തിനു വിശേഷ പദവി കല്പ്പിക്കുന്ന പ്രതീക ക്രമത്തിലെ പിതാവിന്റെ നിയമങ്ങൾ ലംഘിക്കുന്ന സ്ത്രീ ശരീരങ്ങളെക്കുറിച്ചാണ്. സ്ത്രീ ശരീരങ്ങൾ വ്യത്യസ്തമായി പ്രതിനിധാനം ചെയ്യപ്പെടുന്നവയും, അനുഭവിക്കുകയും ചെയ്യുന്നവയാണെന്ന കാഴ്ചയാണ് ഈ പുനർഭാവനകളിലുള്ളത്. പുതിയ കാലത്തിന്റെ സ്വത്വാനുഭവങ്ങളാണവ. മേൽക്കോയ്മയ്ക്കുള്ള സാമൂഹിക നിയമങ്ങൾ പ്രതിഫലിപ്പിക്കുന്ന ആകാരങ്ങളിലേക്കും, അഭിരുചികളിലേക്കും സ്ത്രീ ശരീരത്തെ ചുരുക്കുകയും വസ്തു രൂപങ്ങളാക്കുന്ന പ്രയോഗങ്ങളെ ചെറുക്കാൻ ഇവ ശ്രമിക്കുന്നു.

വിലാപങ്ങൾ എന്നവസാനത്തെ കഥ പെരുമാൾ എന്ന ഭരണാധികാരിയെ കേന്ദ്രമാക്കി കഥ പുരോഗമിക്കുന്നു. തീർത്തും, ഇത് രാഷ്ട്രീയ വിമർശനമാണ്. ഓരോ ഭരണാധികാരികളുടേയും അഴിമതിയും, കെടുകാര്യസ്ഥതയും ജനങ്ങൾ അത് അസഹിഷ്ണുതയോടെ നോക്കിക്കാണുന്ന നിസ്സഹായവസ്ഥയും ഇവിടെ കാണുന്നു.

മാധവന്റെ കഥകൾ സ്വത്വത്തെ സംബന്ധിച്ച പൂർവ്വ സങ്കല്പങ്ങളിൽ നിന്ന് വിരുദ്ധമായ ആശയങ്ങൾ അവതരിപ്പിക്കുന്നു. സ്വത്വകേന്ദ്രീതമെന്നു വിളിക്കാവുന്ന ഒരു രാഷ്ട്രീയം അവയിൽ രൂപപ്പെടുന്നുണ്ട്. ഇത്തരത്തിൽ മുഖ്യധാരയുടെ വിസ്തൃത സന്ദർഭത്തിൽ നിന്നു പാർശ്വവല്ക്കരിക്കപ്പെടുന്ന പ്രത്യേക വിഭാഗങ്ങളുടെ ജീവിതത്തേയും, സ്വാതന്ത്ര്യത്തെയും, പ്രതിരോധത്തെയും കുറിച്ച് മാധവന്റെ കഥകൾ സംസാരിക്കുന്നു.

# ഉദകപ്പോള: നഗരജീവിതത്തിന്റെ കാണാപ്പുറങ്ങൾ

മനോജ് എം.ജി.

ഞാൻ എന്ന വക്താവിന്റെ വ്യത്യസ്ത ജീവിത പശ്ചാത്തലത്തിലൂടെയാണ് പി.പത്മരാജന്റെ ഉദകപ്പോള എന്ന കഥ പുരോഗമിക്കുന്നത്. നഗരത്തിൽ ജോലി തേടിയുള്ള യാത്രയ്ക്കിട യിലാണ് ഞാൻ ഋഷിയെ കണ്ടുമുട്ടുന്നത്. കരുണാകരമേനോന്റെ ബംഗ്ലാവിൽ ജോലിക്കുവേണ്ടിയുള്ള അഭിമുഖത്തിനായാണ് ഞാനും, ഋഷിയും, ശാരദയും എത്തുന്നത്. ഋഷിയിലൂടെയാണ് ഞാൻ നഗരത്തിന്റെ മേച്ചിൽ പുറങ്ങളിൽ സഞ്ചരിക്കുന്നത്.

ഈ നോവലിൽ പ്രത്യക്ഷപ്പെടുന്ന വ്യത്യസ്തനായ ഒരു കഥാപാത്രമാണ് തങ്ങൾ .കൂട്ടിക്കൊടുപ്പുകാരനായാണ് തങ്ങളെ പത്മരാജന് അവതരിപ്പിക്കുന്നത്. മനുഷ്യബന്ധങ്ങളും, വൈകാരിക ബോധങ്ങൾക്കും ഇടമില്ലാത്ത നഗരജീവിതത്തിന്റെ പ്രതിനിധിയാണ് തങ്ങൾ പെൺശരീരങ്ങൾ ഉപഭോഗവസ്തുവാകുന്ന സാമൂഹിക ദുരന്താവാസ്ഥയാണ് തങ്ങൾ വെളിപ്പെടുത്തുന്നത്. തങ്ങളുടെ മുറിയിൽ വച്ചാണ് ഞാനും, ജയകൃഷ്ണനും, ഋഷിയും സംഗമിക്കു ന്നത്.

ഒരു യാത്രയിലാണ് തങ്ങള് ക്ലാരയുമായി പരിചയപ്പെടുന്നത്. ക്ലാരയുടെ മനസ്സറിയാന് തങ്ങള് നിയോഗിക്കുന്നത് ഞാൻ എന്ന വക്താവിനെയാണ്. അവർ തങ്ങളിൽ നിന്ന് രക്ഷപ്പെട്ട് മാംസവില്പ നയുടെ വിശാല ലോകത്തേക്ക് സഞ്ചരിക്കുന്നുണ്ട്. അവളുടെ രക്ഷപ്പെടൽ മണ്ണാറത്തൊടി ജയകൃഷ്ണനുമായാണ് ഇതിന് അവളെ സഹായിക്കുന്നത്. തങ്ങളുടെ സഹായി ആയ ആന്റപ്പനാണ് ആദ്യ ഇടപാടുകാരന് എന്ന നിലയിലുള്ള വാത്സല്യവും, സ്വാതന്ത്ര്യവും ക്ലാര എനിക്കു നല്കുന്നുണ്ട്. ക്ലാര മാംസവില്പ്പനയുടെ വിശാലലോകത്തേക്ക് വളരുന്നുണ്ട്. മദ്യത്തിനും, ലഹരിക്കും അടിമയായി മാറിയ ക്ലാര ബലാത്സംഗം ഇഷ്ടപ്പെടുന്ന തരത്തിലുള്ള

ലൈംഗീക അരാജകത്വത്തിലേക്ക് കൂപ്പുകുത്തുന്നു.

ദുരന്തങ്ങള് ഏറ്റുവാങ്ങുന്ന മറ്റൊരു കഥാപാത്രമാണ് റിട്ടയർ ഐ.എസ്. ഉദ്യോഗസ്ഥനായ കരുണാകരമേനോൻ. അയാളുടെ കത്തെഴുത്തുകാരനായതോടെ മേനോന്റെ സങ്കീർണ്ണമായ മനോഭാവങ്ങളും തകർച്ചയും തിരിച്ചറിയാൻ എനിക്ക് കഴിയുന്നുണ്ട്. അവസാന വിലാസക്കാരനും മരിച്ചതോടെ മോനോന്റെ ബംഗ്ലാവിലെ എന്റെ ജോലി അവസാനിച്ചു. ഇടയ്ക്ക് ഫോൺ വിളിക്കണേ എന്ന് പറയുമ്പോൾ?എനിക്ക് നമ്പരില്ല? എന്ന മറുപടിയോടെയാണ് നോവൽ അവസാനിക്കുന്നത്.

ഗ്രാമത്തിന്റെ നന്മയ്ക്കുമേലുള്ള നഗരവത്ക്കരണം തകർത്ത കഥാപാത്രമാണ് ജയകൃഷ്ണൻ. അച്ഛന് മയങ്ങിക്കിടക്കുമ്പോൾ തലയിണയ്ക്കടിയിൽ നിന്ന് താക്കോലെടുത്താണ് ജയകൃഷ്ണൻ സമ്പന്നനാവുന്നത്. മദ്യം വിഴുങ്ങിയ ജയകൃഷ്ണൻ പൂർണ്ണ തകർച്ച ഏറ്റുവാങ്ങുന്നു.

നാഗരിക സംസ്ക്കാരത്തിന്റെ ഭാഗമായ ലഹരി, വൈകൃതങ്ങൾ, കൊലപാതകം എന്നിവ സന്നിവേശിപ്പിച്ച കഥാപാത്രമായാണ് ആന്റപ്പനെ പത്മരാജൻ വരച്ചിടുന്നത്. ആന്റപ്പൻ ഒടുവിൽ നിയമത്തിന്റെ പിടിയിലാവുകയാണ് ചെയ്യുന്നത്.

നഗരത്തിന്റെ സമസ്ത വൈരൂപ്യങ്ങളും ഉദകപ്പോളയില് നമുക്ക് കാണാം. ഇതിലെ എല്ലാ കഥാപാത്രങ്ങളും ദുരന്തങ്ങള് ഏറ്റുവാങ്ങുന്നുണ്ട്. നഗരത്തിലെ മനുഷ്യാവസ്ഥയുടെ ദയനീയതയും നോവലില് അനാവരണം ചെയ്യപ്പെടുന്നു.

മലയാള സിനിമയും, സാഹിത്യവും ഒരുമിച്ചു നടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. വായനയുടെ ആവേശത്തിൽ വായിച്ചതിനെ കാഴ്ചാനുഭവമാക്കാനുള്ള അഭിനിവേശം അക്കാലത്തുണ്ടായിരുന്നു. വായിച്ച കഥാപാത്രങ്ങൾ തിരശ്ശീലയിൽ അഭിനേതാവിലൂടെ നേരിട്ട് കാണുക എന്നത് വലിയ കാര്യമാണ് പത്മരാജന്റെ ഉദകപ്പോള എന്ന നോവലാണ് തൂവാനതുമ്പികൾ എന്ന സിനിമയ്ക്ക് ആധാരമായത്.

# A THOUSAND SPLENDID SUNS
## *A Breathtaking of Love, Fear and Hope*

Abdulkareem Aseena K

"One could not count the moons that shimmer on her roofs And the thousand splendid suns that hide behind her walls." The seventeenth century Iranian poet Saib Tabrizi describes the beauty of his homeland in these lines from his poem 'Kabul'. Afghan-American writer Khaled Hosseini chose to name his second novel 'A Thousand Splendid Suns' borrowing from Josephine Davis' translation of the verse.

A novel inspired by the blue burqa-clad women of Afghanistan and their shattered existences, it recounts the lives of three women who have had to weather the turmoils and upheavals in the social and political spheres of the country. The brave spirit of these women so inspired Hosseini that it led him to write this female-centered novel that focuses chiefly on women and the role they play in contemporary Afghan society. Having read 'The Kite Runner', it was a sure bet that this would be another winning stroke from the master storyteller. Hosseini not only quenches the thirst of his admirers, but also ensures that a chord of empathy is struck even in the hardest hearts.

The chief protagonist Mariam, a teenager from Herat, is the illegitimate daughter of Jalil, a wealthy local businessman.Mariam's

mother, Nana is resentful towards Jalil whose display of affection towards Mariam, she says, is deceptive. The truth of Nana's words is laid bare as Jalil fails to stand up for Mariam when she is left desolate after Nana commits suicide. Jalil becomes an accomplice in his legitimate family's attempt to get rid of the girl and Mariam finds herself sent off to Kabul as the wife of Rasheed, a shoemaker, who is a widower and many years her senior. Mariam has to bear the brunt of Rasheed's bad temper and malice right from the moment she realises that she wouldn't be able to bear him a child.

Years have gone by and Mariam is now an elderly woman living totally detached from any other kinds of human existence, though we see in her a craving for some kind of a human connection. At this point of time enters Laila, into the framework of the novel. Laila is a comparatively freer being, having been born in an educated family. Laila's life is antithetical to that of Mariam's in that it seems to be more fulfilling. She is surrounded by people who love and care for her; her dad, Hakim who dotes on his daughter, her friends, who are ambitious about their friend and Tariq, the love of her life. The unexpected turn of events however sends Laila's life spiralling down into a dump. Overnight, the young girl finds herself orphaned and is taken in by Mariam and Rasheed. In her attempt to protect the seed, that she realizes Tariq has planted in her, she succumbs to the aged Rasheed's decision to take her as a wife. Mariam is malicious initially, though as the tumultuous journey of life proceeds, we see her warming to Laila as they both attempt to cope up with Rasheed's mistreatment. Aziza, Laila's daughter, becomes the focus of all of their affection. Hosseini beautifully captures the mother-daughter undertones that their relationship takes up.

Hosseini has woven the novel into a transgenerational novel spanning three decades and very interestingly manoeuvres to capture the stark contrast in the lives of three generations of women. The

political turmoil in Afghanistan progresses in the background and the Taliban's rise to power and the subsequent curtailing of all women's rights only helps turn lives more sour. Love is a pivotal point of all the actions that happen in this novel. Love "draws characters out of their isolation, that gives them the strength to transcend their own limitations, to expose their vulnerabilities and to perform devastating acts of self-sacrifice." This self-sacrifice can be seen coming forth from most of the characters. However, it is Mariam's self-sacrifice that is most prominent. There is a ray of hope at the end as Tariq and Laila return to Kabul after the fall of the Taliban in the hope of partaking in the rebuilding of their beloved nation.

# ജഹനാര

ഡോ. പി സി അഷ്റഫ്

വിഖ്യാത എഴുത്തുകാരൻ ഗബ്രിയേൽ ഗാർസിയ മാർകേസുമായി അദ്ധേഹത്തിന്റെ സുഹൃത്തും കൊളംബിയൻ എഴുത്തുകാരനുമായ ജഹശിശീ ആപിലെയോ മെൻഡോസ നടത്തിയ ദീർഘ സംഭാഷണം ദി ഫ്രാഗ്രൻസ് ഓഫ് ഗുവാ എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ സംഭാഷണങ്ങളിലൊരിടത്ത് ഏത് കൃതിയാണ് മാർകേസിന്റെ 'മാസ്ററർ പീസ്' എന്ന ചർച്ച കടന്നുവരുന്നു. ലോകം മുഴുവൻ മാസ്റ്റർ പീസായി കണക്കാക്കുന്ന, നൊബേൽ പുരസ്ക്കാരം നേടിക്കൊടുത്ത 'ദി വൺ ഹൺഡ്രഡ് യേർസ് ഓഫ് സോളിറ്റിയൂഡ് നെയല്ല തന്റെ മികച്ച കൃതിയായി മാർകേസ് കരുതുന്നത്. അത് 'ദി ഓട്ടം ഓഫ് ദി പാർട്രിയർക്ക് ആണ്. മാർകേസ് പറയുന്നത്, ഏകാന്തയുടെ നൂറുവർഷങ്ങളിലെ ഏകാന്തത നമ്മളെല്ലാം അനുഭവിക്കുന്ന ഏകാന്തതയാണ്, എന്നാൽ ഓട്ടം ഓഫ് പാട്രിയാർക്കിൽ അധികാരത്തിന്റെ ഇടനാഴിയിലെ ഏകാന്തതയാണ്. അത് നമുക്ക് അപരിചിതമായ ഏകാന്തതയാണ്. എ പോയം ഓൺ ദി പവർ ഓഫ് സോളിറ്റിയൂഡ് എന്ന് അദ്ദേഹം ആ കൃതിയെ വിശേഷിപ്പിക്കുന്നു. അധികാരത്തിന്റെ ഇടനാഴിയിലെ ഈ ഏകാന്തത അതിന്റെ എല്ലാ തീക്ഷ്ണതയോടും നമ്മെ അനുഭവിപ്പിക്കുന്ന ഒരു ആത്മകഥയാണ് ഏതാണ്ട് മൂന്നൂറ്റിയെഴുപത് വർഷങ്ങൾക്ക് മുമ്പെഴുതിയ മുഗൾ രാജകുമാരി ബീഗം ജഹന്നാരയുടെ ആത്മകഥ.

മുഗൾ രാജാക്കന്മാർ അവരുടെ ആത്മകഥാ രചന ഒരു പാരമ്പര്യം പോലെ അനുഷ്ഠിച്ചു വന്നവരായിരുന്നു. മുഗൾ വംശ സ്ഥാപകൻ തിമൂർ, 'തുജകി തിമൂറി' എന്ന പേരിലും ബാബർ, 'തുജകി ബാബറി' 'ബാബർ നാമ' എന്ന പേരുകളിലും ഹുമയൂൺ 'ഹുമയൂൺ നാമ' എന്ന പേരിലും ജഹാംഗീർ 'തുജകീ ജഹാംഗീർ' എന്ന പേരിലും ആത്മകഥകൾ എഴുതിയിട്ടുണ്ട്. ദർബാറിലെ 'വാക്യ നവീസ്' (Recorder of Events)ന്റെ ഔദ്യോഗിക രേഖകളുടെ പരിവേഷമാണ് ആ

കൃതികളെ ചൂഴ്ന്ന് നില്ക്കുന്നത്. ഇതിൽ നിന്നെല്ലാം വളരെ വ്യത്യസ്തവും അധികാരത്തിന്റെ ഇടനാഴിയിലെ ഉപജാപങ്ങളുടെയും ഭ്രാതൃഹത്യയുടെയും കൊടും ക്രൂരതകളുടെയും അതോടൊപ്പം തന്നെ പ്രണയത്തിന്റെയും കവിതകളുടെയും സംഗീതത്തിന്റെയും ചിത്രങ്ങളുടെയും മസൃണതകളും ജാസ്മിൻ കൊട്ടാരത്തിന്റെ തണുത്ത ഇടനാഴികൾ പോലെ അധികാരത്തിന്റെ കരുണരഹിതമായ വഴിയിലെ ഇരുട്ട് പിടിച്ച ഏകാന്തയുടെയും വർത്തമാനങ്ങളാണ് ജഹന്നാരയുടെ ആത്മകഥ. ഒരിക്കലും പ്രസിദ്ധീകരിക്കാനുള്ള ഉദ്ദേശ്യത്തോടെയല്ലാതെ, ഒരു മർമ്മരം പോലെ തന്റേതന്നെ ആത്മാവിനോട് സംവദിക്കൻ വളരെ രഹസ്യാത്മകമായി എഴുതിയ ഒരു ആത്മകഥയായതുകൊണ്ട് നഗ്നസത്യങ്ങളുടെ തീക്ഷ്ണമായ പൊള്ളൽ ഈ കൃതി വായനക്കാരെ അനുഭവിപ്പിക്കുന്നു.

1657 -ൽ സമ്രാട്ട് ഷാജഹാൻ പക്ഷപാത രോഗബാധിതനാകുന്നു. ഷാജഹാന് ദാര, ഷൂജ, ഔറംഗസീബ്, മുറാദ് എന്നീ നാല് പുത്രന്മാരും ജഹനാര, രോഷൻ ആര എന്നീ രണ്ട് പുത്രിമാരുമാണ് ഉണ്ടായിരുന്നത്. ദാര (43 വയസ്സ്)യായിരുന്നു കിരീടാവകാശി. അദ്ധേഹം പിതാവിനൊപ്പം രാജധാനിയിൽ തന്നെയായിരുന്നു വാസം. ഷൂജ (41 വയസ്സ്) ബംഗാളിലെ സുബേദാറും ഔറംഗസീബ് (39 വയസ്സ്) ദക്ഷിണാത്യത്തിലെ സുബേദാറും മുറാദ് (33 വയസ്സ്) ഗുജറാത്തിലെ സുബേദാറും ആയിരുന്നു. മുഗൾ രാജാക്കന്മാരെ ഭരണകാര്യങ്ങളിൽ സഹായിച്ചിരുന്നത് അവരുടെ മാതാവോ പ്രധാന പട്ടമഹിഷിയോ ആയിരുന്നു. ഷാജഹാൻ ചക്രവർത്തിയുടെ മാതാവും ഭാര്യയും വളരെ മുമ്പേ മരിച്ചതുകൊണ്ട് രാജ്യകാര്യങ്ങളിൽ പിതാവിനെ സഹായിക്കേണ്ട കർത്തവ്യം മൂത്ത പുത്രിയായ ജഹന്നാരയ്ക്കായിരുന്നു. കർമ്മകുശലയും വിദുഷിയും രാജ്യതന്ത്രജ്ഞയുമായ ജഹനാര രാജ്യത്തിന്റെ ഏത് കുഴഞ്ഞ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കി ഷാജഹാന് ഏറ്റവും വേണ്ടപ്പെട്ടവളായി മാറി. ഉദ്യോഗ കയറ്റം, സാമന്തന്മാർക്ക് വേണ്ട ഉപദേശം നല്കൽ, വിവിധ രാജ്യങ്ങളിലേക്ക് തന്ത്രപ്രതിനിധികളെ അയക്കൽ തുടങ്ങിയ കാര്യങ്ങളിലെല്ലാം രാജകുമാരി ജഹനാരയുടെ തീർപ്പായിരുന്നു സമ്രാട്ടിന്റെ വിളംബരം. ഷാജഹാന്റെ രാജധാനിയിൽ ജഹന്നാരയ്ക്കും ദാരയ്ക്കും ഭരണകാഴചപ്പാടുകളിലും നയരൂപീകരണത്തിലും ഒരേ സ്വരമായിരുന്നു. പ്രത്യേകിച്ച് അക്ബർ

കാണിച്ച വിശാലമായ ഉൾക്കൊള്ളൽ മനോഭാവം പിന്തുടരുന്നതിൽ. എന്നാൽ സങ്കുചിത മതകാഴ്ചപ്പാട് വെച്ചുപുലർത്തിയിരുന്ന ഔറംഗസീബ് ഇവരുടെ നയനിലപാടുകൾക്കെതിരായിരുന്നു.

ഷാജഹാന്റെ രോഗവാർത്ത പെട്ടെന്ന് തന്നെ കാട്ടുതീപോലെ പടർന്നു. അത് എങ്ങും അസ്വസ്ഥത സൃഷ്ടിച്ചു. ഇതാണ് മികച്ച അവസരം എന്ന് മനസ്സിലാക്കിയ ഔറംഗസീബ് തന്റെ കൂടെയുള്ള സൈനിക ശക്തികൊണ്ടും അതിലുപരി പാമ്പാട്ടി വീണ വായിച്ച് പാമ്പിനെ കളിപ്പിക്കുന്നത് പോലെ മതമാകുന്ന വീണമീട്ടി സിംഹാസനം കീഴടക്കാനുള്ള എല്ലാ കുടില തന്ത്രങ്ങളിലും മുഴുകി. അദ്ദേഹം പിതാവിനെ ആഗ്രാകോട്ടയിൽ ബന്ധനസ്ഥനാക്കി. ജ്യേഷ്ഠനും അടുത്ത കിരീടാവകാശിയുമായ ദാരയുടെ ശിരസ്സറുത്ത് പിതാവിന്റെ കാരഗൃഹത്തിലേക്ക് ഒരു വെള്ളിത്തളികയിൽ പട്ടിൽ മൂടി സമ്മാനമെന്ന വണ്ണം കൊടുത്തയച്ചു. പിതാവിനോടൊന്നിച്ച് ബന്ധനസ്ഥയായി കഴിഞ്ഞുകൂടിയിരുന്ന ജഹനാര സ്വസഹോദരന്റെ രക്തപങ്കിലമായ ശിരസ്സുകണ്ട് ഞെട്ടി. ഈയൊരു മുഹൂർത്തത്തിൽ അവരൊരു പ്രതിഞ്ജയെടുത്തു, അത് ആത്മകഥ എഴുതുക എന്നതായിരുന്നു. രക്തപങ്കിലമായ ഈ കാലഘട്ടം അതിന്റെ നിജാവസ്ഥയിൽ ആരും അറിയാതെ പോകരുത്. അവർ തന്റെ ആത്മകഥ എഴുതിത്തുടങ്ങുന്നത് ഇങ്ങനെയാണ്:

‘‘ഹാ മരണം! നീ മനുഷ്യരൂപം പൂണ്ട് എന്റെ മുന്നിൽ നില്ക്കുന്നു! രൗദ്രനയനങ്ങളാൽ നീ എന്നെ തുറിച്ചുനോക്കുകയാണ്. നിന്റെ കടും നിശ്വാസം എന്റെ മുഖത്ത് വീഴുന്നതിനൊത്ത് എന്റെ ആശകളും തകർന്നു കൊണ്ടിരിക്കുന്നു. സഹോദരനായ ദാരയുടെ ശിരസ്സിതാ തറയിൽ കിടക്കുന്നു. പുത്രന്റെ ശിരസ്സ് പിതാവായ ഷാജഹാൻ ചക്രവർത്തിയുടെ മുമ്പിൽ കാഴ്ചവെയ്ക്കപ്പെട്ടിരിക്കുന്നു. പിന്നീടത് എന്റെ മുമ്പിൽ കാരാഗൃഹത്തിലെത്തി. എന്റെ സഹോദരൻ എത്ര നിർഭാഗ്യവാനാണ്. എനിക്കവന്റെ നാമം പോലും ഉച്ചരിക്കാനാവുന്നില്ല. യുവരാജാവായ ദാരാ, നിന്റെ ആത്മാവിന് അസാധാരണമായ മഹിമയുണ്ടായിരുന്നു. അക്ബറിന്റെ പ്രേമസന്ദേശം നിന്റെ ഹൃദയാന്തരാളത്തിൽ മാറ്റൊലി കൊണ്ടിരുന്നു. അല്ലയോ വഞ്ചക ശിരോമണിയായ ഔറംഗസീബ്, ഞാൻ നിന്നെ വെറുക്കുന്നു. അത്യധികം വെറുക്കുന്നു. എന്റെ സഹോദരൻ ദാര എനിക്ക് ഏറ്റവും പ്രിയപ്പെട്ടവനാണ്. ഞാൻ അവന്റെ വത്സല

സഹോദരിയായിരുന്നു. പിതാമഹനായ അക്ബർ ചക്രവർത്തിയുടെ സ്വപ്നം സാക്ഷാൽക്കരിക്കണമെന്നായിരുന്നു ദാരയുടെ അഭിലാഷം. ഔറംഗസീബ് ഞാൻ നിന്നെ ശപിക്കുന്നു. ഹതഭാഗ്യനായ ദാരയെ നീ തെരുവാധാരമാക്കി. നിരീശ്വരവാദിയെന്ന് കുറ്റം ചുമത്തി വധിച്ചു. ഔറംഗസീബ്, നീ സ്വന്തം കനിഷ്ഠ സഹോദരനായ മുറാദിനേയും സഹോദരന്മാരുടെ പുത്രന്മാരെയും ഗ്വാളിയോർ കോട്ടയിൽ വെച്ച് 'പപിർ നീർ' (മുഗളന്മാരുടെ കാലത്ത് രാജ്യദ്രോഹികളായ രാജകുമാരന്മാരെ ഗ്വാളിയോർ കോട്ടയിലാണ് തടങ്കലിൽ വെയ്ക്കാറ്. ഏതാണ്ട് ഇംഗ്ലണ്ടിലെ ടവർ ഓഫ് ലണ്ടൻ, അല്ലെങ്കിൽ ഫ്രാൻസിലെ വാസ്തീൻ കോട്ടയോട് സാമ്യമുള്ള കോട്ടയാണത്. അവിടെ തടവുകാരെ വധിക്കാതെ കറുപ്പിൽ നിന്നെടുക്കുന്ന ഒരു വിഷപാനീയം കൊടുത്ത് ബുദ്ധിഭ്രംശം വരുത്തി ചേതന നശിപ്പിക്കുന്നു. ആ പ്രവൃത്തി വധത്തേക്കാൾ അതിഭയാനകമാണ്) കൊടുത്ത് കൊന്നു. നീ എനിക്കെന്തുകൊണ്ട് വിഷം തരുന്നില്ല? എങ്കിൽ എന്റെ ചേതന നഷ്ടപ്പെട്ടുകൊള്ളുമായിരുന്നല്ലോ. നൈരാശ്യത്തിന്റെ ഗാംഭീര്യം അനുഭവിക്കേണ്ടതില്ലായിരുന്നു. എല്ലാ വ്യഥകളിൽ നിന്നും മോചനം ലഭിച്ചേനെ.

ഔറംഗസീബ്, ഞാൻ പ്രവചിക്കുന്നു, അല്ലയോ ശക്തിമാൻ, നീ ഈശ്വരനെ ഭയപ്പെടുന്നു: അദ്ധേഹത്തെ സ്നേഹിക്കുന്നില്ല. സമ്രാട്ട് അക്ബർ ദാനം ചെയ്തിരുന്ന ഓരോ ചെമ്പുനാണയവും ഓരോ സ്വർണമുദ്രയായി പരിണമിച്ചിരുന്നു. എന്നാൽ നിങ്ങൾ നൽകുന്ന ദാനം 'മുള്ള്' ആയി പരിണമിക്കുന്നു. നീയാകട്ടെ ധ്വംസനത്തിനുവേണ്ടി കച്ചകെട്ടിയിരിക്കുന്നു. ഞാൻ നിന്നെ താക്കീത് ചെയ്യുന്നു, ഔറംഗസീബ്. പിതാവിനോടുള്ള നിന്റെ പെരുമാറ്റം ജീവിതം മുഴുവൻ നിനക്ക് പശ്ചാത്താപത്തിനടവരുത്തും. നീ ഏത് മാർഗ്ഗത്തിലാണോ ചരിക്കുന്നത് ആ മാർഗത്തിൽ നിന്റെ നിഴൽ നിന്നെ അതിക്രമിച്ച് മുന്നോട്ടുപോകും. അത് നിന്നെ ആപത്തിലാഴ്ത്തും. വിശുദ്ധ ഖുർആൻ നിന്നെ ആ നിഴലിന്റെ പിടിയിൽ നിന്ന് രക്ഷിക്കുവാൻ കഴിയുകയില്ല.

ഞാൻ ആഗ്രകോട്ടയിലെ ഒരു സൗധത്തിൽ ഇരുന്ന് കൈവിളക്കിന്റെ മങ്ങിയ പ്രകാശത്തിൽ വിറയ്ക്കുന്ന കരങ്ങളോടെ എന്റെ ആത്മകഥ എഴുതുകയാണ്. എന്നാൽ എന്റെ അന്തരംഗത്തിലെ രഹസ്യം രഹസ്യമായിത്തന്നെ സൂക്ഷിക്കും. അങ്ങനെ

ചെയ്തില്ലെങ്കിൽ പിന്നെ ഞാനെങ്ങനെ ജീവിക്കും? ഞാൻ ഒരു സ്ത്രീയാണ്. ഇവിടെ, ഈ നിർജന രാത്രി ഞാൻ എന്റെ വിലാപ കാവ്യം വിസ്മൃതിക്ക് നൽകീട്ട് പോകും. എന്റെ ജീവിതത്തിലെ ദുഃഖവും ഗീതവും വിസ്മൃതിയെ ഏല്പിക്കുന്നു.

മൃതർ മാത്രമാണ് ശാന്തിയുടെ അവകാശികൾ. അല്ല, അവരുമല്ല. ധനമോഹത്താൽ ശവകുടീരങ്ങളും തകർക്കപ്പെട്ടിട്ടുണ്ടല്ലോ. അതിനാൽ ഞാൻ വിലയേറിയ വെണ്ണക്കല്ലുകളാലലംകൃതമായ ശവകുടീരത്തിൽ അന്ത്യനിദ്ര കൊള്ളാനാഗ്രഹിക്കുന്നില്ല. എന്റെ ശവകുടീരത്തിനാവരണം ഹരിത തൃണമായിരിക്കട്ടെ. കാല്പാദങ്ങൾ പതിക്കുമെങ്കിലും പുല്ല് വീണ്ടും കിളുർക്കുമല്ലൊ."

ജഹനാര തന്റെ ദുഃഖം തന്നോടുതന്നെ പറയാനരംഭിച്ചു. അങ്ങനെ രാജകുമാരി ജഹനാരയുടെ ആത്മകഥ വിരചിതമായി.

പിതാവിന്റെ മരണാനന്തരവും ജഹനാര പതിനാലു വർഷക്കാലം ആഗ്രകോട്ടയിൽ തടവിൽക്കഴിഞ്ഞു. ജീവിതത്തിന്റെ അന്ത്യകാലത്ത് അവർ സൂഫി ജീവിതമാണ് നയിച്ചിരുന്നത്. അവരുടെ മനസ്സ് ഔറംഗസീബിന് പോലും മാപ്പ് നൽകുന്ന വിശാലത കൈവരിച്ചു. അവർ ആത്മകഥയിലൊരിടത്ത് അതിനെക്കുറിച്ച് എഴുതുന്നുണ്ട്. ധിരവധി തവണ കൂടിക്കാഴ്ചയ്ക്ക് അനുമതി തേടിയിരുന്നുവെങ്കിലും ഔറംഗസിബിന് മുഖം നൽകാൻ അവർ ഒരിക്കലും ഒരുക്കമായിരുന്നില്ല. അവസാനം അവർ ഔറംഗസീബിനെ കാണാൻ സമ്മതിക്കുന്നുണ്ട്. അതിനെക്കുറിച്ച് അവർ ഇങ്ങനെ എഴുതുന്നു:

"ഞാൻ പുഷ്പങ്ങളുടെ നീറ്റിൽ കേശഭാരം കഴുകി. ശരീരത്തിൽ മുല്ലപ്പൂവിന്റെ അത്തർ പുരട്ടി. ശുഭ്രവസ്ത്ര ധാരിണിയായി ഞാനിന്ന് എന്റെ സഹോദരനെ എതിരേല്ക്കും. സഹോദരീസഹോദരന്മാർ തമ്മിൽ കൂടിക്കാഴ്ച നടത്തുന്ന പുണ്യ ദിനമാണിന്ന്. ഗ്വാളിയോർ കോട്ടയിൽ സ്വവംശജരുടെ ബുദ്ധിസ്ഥിരത നശിക്കുവാൻ വേണ്ടി ഔറംഗസീബ് പാനപാത്രത്തിൽ വിഷം ചേർത്തു. ഞാനും അവനൊരു പാനപാത്രം നൽകും. അതിൽ വിഷം ഉണ്ടായിരിക്കുകയില്ല. ഹിംസാമനോഭാവം ഉന്മൂലനം ചെയ്യുന്ന അമൃതധാരയായിരിക്കും ആ പാന പാത്രത്തിൽ. അതിൽ നിന്ന് പ്രവഹിക്കുന്ന ധാരയുടെ പേര് 'ദുഃഖം' എന്നായിരിക്കും. ഔറംഗസീബ് എന്നിൽ നിന്ന് നിനക്ക്

യാതൊരു ഉപദ്രവവും ഉണ്ടാകുകയില്ല. വിഷം കുടിപ്പിച്ച് എന്നെ വധിക്കുവാൻ സാധിക്കുകയില്ല. വിഷപാനത്തിൽ ഞാൻ ആത്മഹത്യ ചെയ്യുകയുമില്ല. എന്റെ നാലുപാടും അഖണ്ഡമായ നിശ്ശബ്ദത വ്യാപരിക്കും. ഞാൻ ശാന്തി തരണം ചെയ്യും. ഏത് സമാധിയിലാണോ മനുഷ്യർ ശാന്തി ആഗ്രഹിക്കുന്നത് ആ സമാധിക്കു ചുറ്റും ഇന്ന് പനിനീർപ്പൂവിന്റെ സുഗന്ധം വമിച്ചുകൊണ്ടിരിക്കുന്നു.

ഞാൻ എന്റെ ആത്മകഥ നശിപ്പിക്കും. ഇല്ല! ഇല്ല! എന്തിന് നശിപ്പിക്കണം. ഈ ആത്മകഥയാണ് കാരാഗൃഹജീവിതത്തിൽ എന്റെ തോഴി. ഇത് ഞാൻ എന്റെ ഹൃദയ രക്തം കൊണ്ട് എഴുതിയതാണ്. ഇതിൽ എന്റെ പ്രിയതമന്റെ സ്മൃതി അലിഞ്ഞു ചേർന്നിരിക്കുന്നു. ഇതിലെ ഓരോ വാക്കും എന്റെ അന്തരംഗത്തിന്റെ പ്രതിധ്വനിയാണ്. ഞാൻ ഇന്ന് സമ്രാട്ട് ബാബറിനെക്കുറിച്ചോർക്കുന്നു.'എന്റെ ആത്മാവിനെപ്പോലെ വിശ്വസ്തനായ ഒരു ബന്ധുവിനേയും എനിക്ക് ലഭിച്ചില്ല' എന്നാണദ്ദേഹം പറഞ്ഞിട്ടുള്ളത്. ഞാൻ ഈ എഴുത്തുകൾ ജാസ്മിൻ കൊട്ടാരത്തിന്റെ കല്ലിനടിയിൽ സൂക്ഷിച്ചിട്ട് പോകും. ഭാവിയിൽ എന്നെങ്കിലും ജാസ്മിൻ കൊട്ടാരം നശിക്കും. അപ്പോൾ എന്റെ ആത്മകഥ അതിന്റെ അവശിഷ്ടങ്ങൾക്കിടയിൽ നിന്ന് മനുഷ്യർക്ക് ദൃഷ്ടി ഗോചരമാകും. സമ്രാട്ട് ഷാജഹാന്റെ പുത്രി ജഹനാരയെപ്പോലെ ദീനയും ദുഃഖിതയുമായി ആരും ഉണ്ടായിരുന്നില്ലെന്ന് മനുഷ്യർ അറിഞ്ഞുകൊള്ളും"

പിന്നീട് തന്റെ ആത്മകഥയുടെ കുറേഭാഗം അവർ നശിപ്പിച്ചു. പെട്ടെന്നുണ്ടായ മനഃപരിവർത്തനം മൂലം ബാക്കി ഭാഗങ്ങൾ നശിപ്പിക്കാതെ ജാസ്മിൻ കൊട്ടാരത്തിന്റെ കല്ലിന്നടിയിൽ ഒളിപ്പിച്ചു. വളരെക്കാലം കഴിഞ്ഞ് -200 വർഷങ്ങൾക്കുശേഷം - 1886-ൽ ഇന്ത്യയിലെ ചരിത്രസ്ഥലങ്ങൾ സന്ദർശിക്കാനെത്തിയ ഫ്രഞ്ച്കാരിയായ ആൻഡ്രിയ ബുട്ടെൻസൺ ജാസ്മിൻ കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ ജഹനാരയുടെ ആത്മകഥ കണ്ടെത്തി. ആത്മകഥയുടെ കുറേഭാഗങ്ങൾ ജഹനാര സ്വയം നശിപ്പിക്കുകയും ഇരുന്നൂറ് വർഷം കല്ലിന്നടിയിൽ കിടന്നതുമൂലം കുറേഭാഗം നശിച്ചുപോകുകയും ചെയ്ത ആ കയ്യെഴുത്തുപ്രതി കാശ്മീരിൽ നിന്ന് പേർഷ്യൻ ഭാഷയിൽ പ്രകാശിതമായി.

നിരവധി ചരിത്രമുഹൂർത്തങ്ങളുടെ നേർ ദൃക്സാക്ഷിയുടെ

യഥാതഥമായ വിവരണം എന്ന നിലയ്ക്ക് ഈ ആത്മകഥയ്ക്ക് വളരെയധികം ചരിത്രമൂല്യം ഉണ്ട്. അതോടൊപ്പം തന്നെ വിദുഷിയും ഭരണതന്ത്രജ്ഞയും ഉയർന്ന മൂല്യങ്ങൾ ജീവിത കാഴ്ചപ്പാടിൽ കൈകൊണ്ട അധികാരത്തിന്റെ ഉന്നത ശ്രേണിയിലിരുന്ന ഒരു സ്ത്രീ മനസ്സിന്റെ അനാവരണം എന്ന നിലയ്ക്കും ഈ ആത്മകഥനത്തിന് പ്രാധാന്യം ഉണ്ട്. ഈ ആത്മകഥയുടെ കുറേഭാഗങ്ങൾ ജഹനാരയുടെ മനോഹരമായ പ്രണയത്തെ പ്രതിപാദിക്കുന്നതാണ്. ഷാജഹാന്റെ വിശ്വസ്ത സാമന്തനും ബുന്ദീരാജാവുമായ ഛത്രസാലൻ ജഹനാരയുടെ കാമുകനായിരുന്നു. എന്നാൽ കൊട്ടാരത്തിൽ ആ പ്രണയത്തോട് എതിർപ്പുള്ളവർ ഉണ്ടായിരുന്നു. ഔറംഗസീബിനോട് കൂറ് പുലർത്തുന്നവരായിരുന്നു പ്രധാനമായും. അതിനെക്കുറിച്ച് ജഹനാര പലപാട് എഴുതുന്നുണ്ട്. ഒരിടത്ത് ഇങ്ങനെ കാണാം, " ഒരു ദിവസം ദർബാറിൽ വലിയ കോലാഹലമുണ്ടായി. ദുലേറിനെ സംബന്ധിച്ച് ഞാൻ ചിന്തിക്കുകയോ? അവനൊരു നർത്തകിയുടെ പുത്രനല്ലെ? (ദുലേർ ഛത്രസാലന്റെ അമ്മ ഒരു നർത്തകിയായിരുന്നു എന്നാണ് കിംവദന്തി. എന്നാലത് ശത്രുക്കളുടെ കുപ്രചാരണമായിരുന്നു.ദുലേറിന് സംഗീതത്തിലും സാഹിത്യത്തിലും അപാരമായ പാണ്ഡിത്യമുണ്ടായിരുന്നു എന്നത് സത്യമാണ്) സമ്രാട്ട് ഷാജഹാന്റെ ഓമനപ്പുത്രിയായ ജഹനാരയ്ക്ക് എന്തുതന്നെ വേണമെങ്കിലും ചെയ്യാൻ കഴിയും. രാജകുമാരി ജഹനാരയ്ക്കെതിരായി ശബ്ദിക്കാൻ ഈ സാമ്രാജ്യത്തിൽ ആരാണുള്ളത്? ഞാൻ ഡൽഹിയിലെ ഗായകശ്രേഷ്ഠന്നാണ് സമ്മാനം നൽകിയത്. അവനെ രാജദർബാറിൽ പ്രവേശിപ്പിക്കുവാൻ യോഗ്യനാക്കി എന്നുമാത്രം. ഒരു ദിവസം എന്റെ ആ അനുഗൃഹീത ഗായകൻ അശ്വാരൂഢനായി അനുചരന്മാരൊത്ത് പതാക പാറിച്ച് കൊട്ടാരത്തിൽ പ്രവേശിക്കുകയായിരുന്നു. മാർഗമധ്യേ ജഹാംഗീറിന്റെ വിശ്വസ്ത സേനാനായകനായിരുന്ന മുഹബ്ബത് ഖാനെ കണ്ടുമുട്ടി. റാണാ പ്രതാപസിംഹന്റെ സഹോദര പുത്രനായ മുഹബ്ബത്ഖാൻ രാജദ്രോഹിയും മതദ്രോഹിയുമായിരുന്നു. ദർബാറിലേക്ക് വരുന്ന സമയം അയാളുടെ അനുചരന്മാരും ഗായകന്റെ അനുചരന്മാരും തമ്മിൽ ഏറ്റുമുട്ടി. മുഹബ്ബത് ഖാൻ രാജാ ദാരയുടെ ശത്രുവായിരുന്നു. ഈ പുതിയ സംഭവത്തോടെ അദ്ധേഹത്തിന് എന്നോടും വൈരമായി. അവൻ കയ്യിൽ പതാക കൂടാതെ ദർബാറിൽ പ്രവേശിച്ചു. പതാക എവിടെ എന്ന് സമ്രാട്ട് അന്വേഷിച്ചു.

പതാകയുടെ ആവശ്യമില്ലെന്നായിരുന്നു അപ്പോൾ മുഹബ്ബത്ഖാൻ കൊടുത്ത മറുപടി. ഒരു ഗായകന് പതാക കൂടാതെ രാജദർബാറിൽ പ്രവേശിക്കാമെങ്കിൽ സേനാനായകന് പതാകകൂടാതെ പ്രവേശിക്കാം പോലും! എന്നാൽ ഗായകന് പതാകയുടെ ആവശ്യമില്ലെന്ന് സമ്രാട്ട് കല്പിച്ചു. ദർബാറിൽ ഞങ്ങൾക്ക് ശത്രുക്കളധികവും, ഔറംഗസീബിന് മിത്രങ്ങളധികവുമാണ്."

ദുലേറിനെ വിവാഹം കഴിക്കാൻ ജഹന്നാര അങ്ങേയറ്റം ആഗ്രഹിച്ചിരുന്നു. എന്നാൽ അക്ബർ മുഗൾ രാജകുമാരിമാരുടെ വിവാഹം നിരോധിച്ചിരുന്നു. കുടുംബകലഹമുണ്ടാവുകയും സിംഹാസനത്തിനുവേണ്ടിയുള്ള മാത്സര്യം വർദ്ധിക്കുകയും ചെയ്യുമെന്നായിരുന്നു അദ്ധേഹത്തിന്റെ ധാരണ. എന്നാൽ ദാര ശുക്കോ അക്ബറിന്റെ ഈ നിയമം മാറ്റിയെഴുതുമെന്ന പ്രതീക്ഷ ജഹനാരയ്ക്കുണ്ടായിരുന്നു. ദാര അങ്ങനെയുള്ള വാഗ്ദത്തം ജഹനാരയ്ക്ക് നൽകിയിരുന്നു. മാത്രമല്ല അവർ ഇങ്ങനെയും കൂടി എഴുതിവെയ്ക്കുന്നു, "മുഗൾ രാജകുമാരിമാരുടെ വിവാഹം നടത്തരുതെന്ന അക്ബർ ചക്രവർത്തിയുടെ നിർദ്ധേശം അംബരചുംബിയായ കോട്ടപോലെ എന്റെ മുമ്പിൽ നിൽക്കുന്നു. സാമ്രാജ്യത്തിന്റെ നന്മയ്ക്കായി അക്ബർ മുഗൾ രാജകുമാരിമാരുടെ ജീവിതം മരുഭൂമിയാക്കാനാഗ്രഹിച്ചു. ദാര സമ്രാട്ട് അക്ബറിന്റെ നിയമം ഭേദഗതി ചെയ്യും. തനിക്കിഷ്ടമുള്ള ഒരാളെ വരിച്ചുകൊള്ളാൻ തന്റെ സഹോദരിയെ അനുവദിക്കും.ശ്രീരാമചന്ദ്രൻ വനവാസത്തിന് പുറപ്പെട്ടപ്പോൾ സീത പറയുകയുണ്ടായി, 'എന്റെ ഭർത്താവ് രാജകൊട്ടാരത്തിൽ കഴിയുകയോ, സ്വർഗത്തിൽ ദേവന്മാരുടെ രഥത്തിൽ വിരാജിക്കുകയോ, ഘോരവനാന്തരത്തിൽ അലയുകയോ എന്തുമായിക്കൊള്ളട്ടെ, ഭർത്താവിന്റെ ചരണമാണ് സ്ത്രീക്ക് ശരണം."

മതാന്ധനും അധികാരത്തെ കൈപ്പിടിയിലൊതുക്കാൻ എന്ത് ക്രൂരതയും ചെയ്യുന്ന ഔറംഗസീബ് ഈ ആത്മകഥയിൽ നിറഞ്ഞുനില്ക്കുന്നു. ഔറംഗസീബ് സംഗീതം നിഷിദ്ധമാക്കിയത്രെ. സംഗീതശില്പികൾ തങ്ങളുടെ വാദ്യയന്ത്രങ്ങൾ വിലാപയാത്രയായി കൊണ്ടുപോയി കുഴിച്ചുമൂടി. ഔറംഗസീബ് സംഗീതം നിരോധിച്ചതോടെ കലാകാരന്മാർ വിലാപയാത്ര നടത്തി. അതുകണ്ട് കുതുകിയായ ഔറംഗസീബ് അതാരുടെ വിലാപയാത്രയാണെ

ന്നന്വേഷിച്ചു. സംഗീതത്തിന്റെ വിലാപയാത്രയാണെന്നറിഞ്ഞപ്പോൾ അദ്ധേഹം ഇങ്ങനെ പറഞ്ഞു,' ഇനി ഉയിർത്തെഴുന്നേല്ക്കാത്ത വിധം കുഴിച്ചുമൂടാൻ വിസ്മരിക്കരുത്.'

ഔറംഗസീബ് ഒന്നൊന്നായി തന്റെ സഹോദരങ്ങളെ കൊന്നുതള്ളി. അവരുടെ മക്കളേയും തന്റെ ക്രൂരതയ്ക്കിരയാക്കി. മുഗൾ രാജവംശത്തിൽ തന്റെ സിംഹാസനത്തിന് ഭീഷണിയാകുന്ന ഒരൊറ്റ രാജകുമാരനെപ്പോലും ബാക്കിവെച്ചില്ല. അവരിൽ പലരും ക്രൂരമായാണ് വേട്ടയാടപ്പെട്ടത്. ദാരയുടെ

മകൻ സുലൈമാൻ ശുക്കോ ഔറംഗസീബിന്റെ മുന്നിൽ കീഴടങ്ങിയപ്പോൾ ഒരപേക്ഷയെ മുന്നോട്ടുവെച്ചിരുന്നുള്ളു, 'ഇളയച്ഛാ, എന്നെ വധിച്ചുകൊള്ളുക. പക്ഷെ, പപീർ രസം കുടിപ്പിക്കരുതെ.' പപീർ രസം കുടിപ്പിക്കില്ലെന്ന് ഔറംഗസീബ് അവനോട് പ്രതിജ്ഞ ചെയ്തുവെങ്കിലും ഗ്വാളിയോർ കോട്ടയിൽ പ്രവേശിച്ച അന്നുതന്നെ സുലൈമാനെ മറ്റു പാനീയത്തിൽ ചേർത്ത് ആ വിഷ ദ്രാവകം കുടിപ്പിച്ചു. ഒരു മാസത്തിന് ശേഷം അവനെ വധിക്കുകയും ചെയ്തു.

ഷാജഹാൻ ആഗ്ര കോട്ടയിൽ വെച്ച് മരിച്ചപ്പോൾ ഔറംഗസീബ് ആ മരണം ഒളിപ്പിച്ചെവെച്ചു. ആ ചക്രവർത്തിയുടെ ശവസംസ്കാരത്തിൽ വെറും നാലുപേരാണ് പങ്കെടുത്തത്. ഷാജഹാന്റെ മൃതദേഹം കോട്ടയുടെ പിന്നാലെ ഭിത്തി തുരന്ന് വാതിലുണ്ടാക്കി. സൂര്യോദയത്തിനുമുമ്പേ അനാഡംഭരമായി സമാധി മന്ദിരത്തിലേക്ക് കൊണ്ടുപോയി. പ്രജകൾ സമ്രാട്ടിന്റെ മൃതദേഹം കണ്ട് വിപ്ലവമുണ്ടാക്കുമെന്ന് ഔറംഗസീബ് ഭയപ്പെട്ടിരുന്നു.

ഷാജഹാന് ശേഷം മുഗൾ സാമ്രാട്ടായി അവരോധിക്കപ്പെടാൻ ദാരയ്ക്കാണ് ഭാഗ്യമുണ്ടായിരുന്നതെങ്കിൽ ഇന്ത്യയുടെ ചരിത്രം തന്നെ മറ്റൊരു വിധത്തിലാകുമായിരുന്നുവെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അക്ബറേക്കാൾ ഉൽതിഷ്ണു ആയിരുന്നു ദാര. കൃഷി മുതൽ തത്ത്വചിന്ത വരെയും ചിത്രകല മുതൽ സംഗീതം വരെയുമുള്ള എല്ലാ മേഖലകളിലും അദ്ധേഹത്തിന് ആധികാരികമായ അറിവുണ്ടായിരുന്നു.

1615-ൽ ജനിച്ച ദാര ഷിക്കോ 44-ാം വയസ്സിൽ ദാരുണമായി കൊല്ലപ്പെടുമ്പോഴേക്കും അമ്പതോളം ഉപനിഷത്തുക്കളും

ഭഗവദ്ഗീതയും പഴയനിയമവും പുതിയ നിയമവും മറ്റു ചില പ്രാചീന സംസ്കൃത ഗ്രന്ഥങ്ങളും പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ മേൽനോട്ടം വഹിക്കുകയും അവ പൂർത്തിയാക്കുകയും ചെയ്തിരുന്നു. 1656-ൽ ഒരു സംഘം ബ്രാഹ്മണ പണ്ഡിറ്റുകളെ രാജകൊട്ടാരത്തിൽ വിളിച്ചുചേർത്ത് ഉപനിഷത്തുക്കളുടെ വിവർത്തനം തുടങ്ങി. അങ്ങനെ അമ്പതോളം ഉപനിഷത്തുക്കൾ ഒരു വാല്യമായി സിർ-ഇ-അക്ബർ (മഹത്തായ രഹസ്യം) എന്ന പേരിൽ പേർഷ്യനിൽ ദാര പുറത്തുകൊണ്ടുവന്നു. 1654-ൽ മജ്മ-അൽ-ബഹ്റൈൻ (രണ്ട് സമുദ്രങ്ങളുടെ സംഗമസ്ഥാനം) എന്ന ശീർഷകത്തിൽ സൂഫി ചിന്തകളും ഉപനിഷദ് ദർശനങ്ങളും തമ്മിലുള്ള പാരസ്പര്യത്തെ മുൻനിർത്തി സ്വന്തമായി ഗ്രന്ഥം രചിച്ചു. കാലിഗ്രാഫിയുടേയും ചെറുചിത്രങ്ങളുടേയും മനോഹരമായ ആൽബങ്ങൾ ഉണ്ടാക്കാനും ദാര സമയം കണ്ടെത്തി. സംസ് കാരങ്ങൾക്കും പാരമ്പര്യങ്ങൾക്കും കുറുകെ സഞ്ചരിച്ച ദാര തനിക്കു ചുറ്റും സൂഫികളേയും യോഗികളേയും മറ്റു മതങ്ങളിലെ പുണ്യവാളന്മാരേയും കൊണ്ടുനടന്നു.

ഷാജഹാൻ തന്റെ ഇളയപുത്രന്മാരെയെല്ലാം സാമ്രാജ്യത്തിലെ വിവിധ പ്രവിശ്യകൾ ഭരിക്കാൻ ദൂരെ അയച്ചപ്പോൾ ദാരയെ തനിക്കൊപ്പം നിർത്തി. പ്രതിവർഷം 20 ലക്ഷം രൂപ ദാരയ്ക്ക് അനുവദിച്ചു. ഉയർന്ന പദവിയുള്ള മുഗൾ പ്രഭുക്കന്മാർക്കുപോലും കിട്ടാത്ത വാർഷിക ശമ്പളം. ഇതിൽ സിംഹഭാഗവും ദാര ചെലവഴിച്ചത് ഉപനിഷത്തുക്കളുടെ വിവർത്തനം ഉൾപ്പെടെയുള്ള രചനാത്മക പ്രവർത്തനങ്ങൾക്കാണ്. പേർഷ്യനിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഉപനിഷത്തുക്കൾ പിന്നീട് ആ ഭാഷയിൽനിന്നാണ് ലാറ്റിനിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുന്നത്. തുടർന്നു മറ്റു യൂറോപ്യൻ ഭാഷകളിലേക്കും. അതോടെയാണ് ഉപനിഷദ് ദർശനങ്ങളുടെ ആഴവും മാഹാത്മ്യവും യൂറോപ്യന്മാർ മനസ്സിലാക്കുന്നത്. തന്റെ ജീവിതത്തിന് ഏറ്റവും സാന്ത്വനം നൽകിയത് ഉപനിഷത്തു ക്കളാണെന്ന് 19ാം നൂറ്റാണ്ടിലെ ജർമൻ തത്ത്വചിന്തകനായ ആർതർ ഷോപ്പൻ ഹോവർ പറഞ്ഞപ്പോൾ ആ സാന്ത്വന ദാർശനിക സ്പർശ ത്തിനു കാരണഭൂതനായ സ്വപ്നവിഹാരിയായ മുഗൾ രാജകുമാരൻ ഡൽഹിയിലെ ഹുമയൂൺ ശവകുടീര സമുച്ചയത്തിലെവിടെയോ മണ്ണിലലിഞ്ഞിട്ട് രണ്ടു നൂറ്റാണ്ടു കഴിഞ്ഞിരുന്നു.

അഫ്ഘാനിസ്ഥാനിൽ നിന്ന് ഒരു സൈന്യവുമായി വന്ന ബാബർ (14881530) ദില്ലി ആസ്ഥാനമാക്കി 1526-ൽ സ്ഥാപിച്ച മുഗൾ രാജവംശത്തിൽ അധികാരക്കൈമാറ്റം എന്നും രക്തരൂക്ഷിതമായിരുന്നു. ബാബറുടെ പുത്രൻ ഹുമയൂണിന് (1508 1556) ഒരവസരത്തിൽ രാജ്യം തന്നെ നഷ്ടപ്പെട്ടു. പിന്നീട് പേർഷ്യക്കാരുടെ സഹായത്തോടെയാണ് അദ്ദേഹം അത് വീണ്ടെടുത്തത്. ഹുമയൂണിന്റെ പുത്രനായ അക്ബറുടെ (15421605) അന്ത്യകാലത്ത് മുഗൾ കൊട്ടാരങ്ങളിൽ നിന്ന് അഭ്യന്തര കലാപത്തിന്റെ അഗ്നിജ്വാലകൾ ഉയരാൻ ആരംഭിച്ചു. അക്ബറുടെ പുത്രനായ സലിം രാജകുമാരൻ (15691627) പിതാവിനെതിരെ പടയൊരുക്കം നടത്തി അധികാരം കരസ്ഥമാക്കി. ജഹാംഗീർ എന്ന പേരിൽ ചക്രവർത്തിയായിത്തീർന്ന അദ്ദേഹത്തെ പുത്രൻ ഖുസ്രു സ്ഥാനഭ്രഷ്ടനാക്കാൻ ശ്രമിച്ചു. യുദ്ധത്തിൽ തോറ്റ ഖുസ്രു ബന്ധനസ്ഥനായി. കാരാഗൃഹത്തിലായിരുന്ന ഖുസ്രുവിനെ പിതാവിന്റെ അറിവോടെ വധിച്ചു. മറ്റൊരു സഹോദരനായ സഹറയറെ പൊരുതി തോല്പിച്ച് അന്ധനാക്കി. ഷാജഹാനും ഇതേ അനുഭവം നേരിടേണ്ടി വന്നു. അദ്ദേഹത്തിന് ശേഷം സമ്രാട്ട് പദവി ലഭിക്കേണ്ടിയിരുന്നത് മൂത്തപുത്രനായ ദാര ശുക്കോവിനായിരുന്നു. എന്നാൽ ഷാജഹാന്റെ മൂന്നാമത്തെ മകനായ ഔറംഗസീബ് (1618 1707) കുടിലമാർഗങ്ങളിലൂടെ തന്റെ ജ്യേഷ്ഠ സഹോദരന്മാരായ ദാരയേയുംഷൂജയേയും ഇളയ സഹോദരനായ മുറാദിനേയും വധിച്ച് സിംഹാസനാവരോഹണം ചെയ്തു. ദാര ചക്രവർത്തിയായി ക്കാണാനായിരുന്നു ഷാജഹാന് ആഗ്രഹം. ഇത് മനസ്സിലാക്കിയിരുന്ന ഔറംഗസീബ് പിതാവിനേയും അദ്ദേഹത്തിനു അനുകൂലമായ നിലപാടെടുത്തിരുന്ന സഹോദരി ജഹനാരയേയും മരണം വരെ തടവിലിട്ടു. ഇവിടെ ചരിത്രം ആവർത്തിക്കുകയായിരുന്നു. പക്ഷെ, തന്റെ മുൻഗാമികളെപ്പോലെ നയതന്ത്രജ്ഞനോ ഉല്പതിഷ്ണു പോലുമോ ആയിരുന്നില്ല അദ്ദേഹം. മതത്തിന്റെ പേരും പറഞ്ഞ് ഏതു ദുർവൃത്തിക്കും വഞ്ചനയ്ക്കും അക്രമങ്ങൾക്കും അനീതിക ൾക്കും കൂട്ടുനിൽക്കാൻ ഔറംഗസീബിന് ഒട്ടും വൈമനസ്യം ഉണ്ടായിരുന്നില്ല. മറ്റു മുഗൾ ചക്രവർത്തിമാർ സംഗീതം, നൃത്തം, കല, സാഹിത്യം എന്നീ മേഖലകളിൽ അവിസ്മരണീയമായ സംഭാവനകൾ നല്കിയപ്പോൾ ഔറംഗസീബിന്റെ യാഥാസ്ഥിതി

കത്വം നിരോധനത്തിലൂടെ ഈ രംഗങ്ങളെ ക്ഷയോന്മുഖമാക്കി. അദ്ധേഹത്തിന്റെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളും ഭരണത്തിലെ പാളിച്ചകളും ആണ് മുഗൾ സാമ്രാജ്യത്തിന്റെ പതനത്തിനു കാരണമായത്. ജഹനാര ഒരു പ്രവാചകിയെപ്പോലെ തന്റെ ആത്മകഥയിൽ ഈ പതനത്തെ പ്രവചിക്കുന്നു. അതാണ് ആ ആത്മകഥയെ ചരിത്രത്തിന്റെ ഒരുപദാനം എന്നതിനേക്കാൾ കാലാതിവർത്തിയാക്കുന്നത്.

# ഖബർ

ഷാർലറ്റ് എസ് കുമാർ

കെ ആർ മീരയുടെ ഖബർ എന്ന നോവലിന്റെ പശ്ചാതലം നീതിയും നിയമവും നടപ്പിലാക്കുന്ന ഒരു കോടതിയുടേതാണ്. നോവലിന്റെ തലക്കെട്ട് വായിക്കുമ്പോൾതന്നെ അനുവാചകരുടെ മനസ്സിലേക്ക് സന്നിവേശിക്കപ്പെടുന്ന ഖബർ എന്ന ആശയം തുടക്കം മുതൽ നോവൽ പുരോഗമിക്കുന്നതിലൂടെ നോവൽ അവസാനിക്കും വരെ പരന്നു കിടക്കുന്നുണ്ട്. ഈയൊരു നോവൽ കഥാപാത്ര സൃഷ്ടികളാൽ തന്നെ വായനക്കാരുടെ മനസ്സിനെ പിടിച്ചുലയ്ക്കുന്നുണ്ട്. അത്തരത്തിലാണ് കെ.ആർ. മീര ഈ നോവലിന്റെ രചന നിർവ്വചിച്ചിരിക്കുന്നത്. ഏറ്റവും ലളിതമായ ഭാഷയിലാണ് കെ.ആർ.മീര ഈ നോവലിന്റെ രചന നടത്തിയിരിക്കുന്നതും.

കെട്ടുകഥകളുടെയും, കണ്ണ്കെട്ടലുകളുടെയും ചെപ്പിലടച്ച് സമകാലിക ലോകത്തിന്റെ കഥ പറയുകയാണ് 'ഖബർ'. ഇന്നത്തെ സാഹചര്യത്തില് അതായത് കമ്പ്യൂട്ടർ യുഗത്തിൽ ഇത്തരം കഥകൾ എഴുതുന്നത് ബുദ്ധിയല്ല. എങ്കിൽ കൂടി കഥയുടെ ആ മുഖത്തിൽ എഴുത്തുകാരി പറഞ്ഞുവെയ്ക്കുന്നുണ്ട്. ചിലപ്പോഴൊക്കെ ചില കെട്ടുകഥകൾ യാഥാർത്ഥ്യങ്ങളേക്കാള് വിശ്വസനീയമായി തീരാറുണ്ട്. പലപ്പോഴും യുക്തിയുടെ അതിർ വരമ്പുകളെ ഭേദിച്ച് മുത്തശ്ശി കഥകളോളം അവിശ്വസനീയമായ വഴികളിലൂടെ നമ്മൾ തന്നെ നമ്മുടെ ജീവിതത്തെ ചിന്തിച്ചു കൂട്ടും. പിന്നെയെപ്പോഴോ യാഥാർത്ഥ്യത്തിലേക്ക് കെട്ടുപൊട്ടിയ പട്ടം പോലെ തിരികെ വരികയും ചെയ്യുന്നു. സ്പൈഡർമാൻ, സൂപ്പർമാൻ, ബ്ലാക്മാൻ പോലുള്ള സിനിമകളിലെ അയദാർത്ഥ്യങ്ങളെ യാദാർത്ഥ്യമാക്കി പ്രേക്ഷകർ വിലയിരുത്തുന്ന പോലെ. ഒരു പക്ഷെ ഖബർ എന്ന നോവലിന്റെ അടിസ്ഥാ ന ഘടകവും ഇതുതന്നയായിരിക്കും.

ഭാവന സച്ചിദാനന്ദനാണ് നോവലിൽ കേന്ദ്ര കഥാപാത്രമായി അനുവാചകരുടെ മുമ്പിലെത്തുന്നത്. ഈ കഥാപാത്രം ഒരു ജില്ലാ

ജഡ്ജിയാണ്. അമ്മയായും, മറുവശത്ത് നിയമത്തെ കാത്തു സൂക്ഷിക്കുന്ന കാവലാളായും ഭാവന വേഷപ്പകർച്ച നടത്തുന്നുണ്ട്. കെ.ആർ.മീര തന്റെ ഈ നോവൽ ആരംഭിക്കുന്നത് പ്രണയ ജോഡികളിലൂടെയാണ്. സ ഹപാഠികളായിരുന്ന പ്രമോദും, ഭാവനയും. ഈ പ്രണയ ജോഡികളിലൂടെ എഴുത്തുകാരി മനശാസ്ത്രപരമായ ഒരു സമീപനം സ്വീകരിച്ചിട്ടുണ്ട്. സമപ്രായക്കാർ തമ്മിൽ വിവാഹം കഴിക്കുമ്പോൾ തുല്യരാണെന്ന ഭാവത്തിൽ നിന്നും മാറി ഞാനെന്ന ഭാവം ഉടലെടുക്കുകയും ചെയ്യുന്നു. അവ പിന്നീട് തുടർജീവിതത്തെ പ്രശ്നങ്ങളായി ബാധിക്കുകയുംകയും ചെയ്യുന്നുണ്ട് എന്നുള്ള താക്കീത് വായനക്കാർക്കും അതുപോലെ തന്നെ പൊതു സമൂഹത്തിനും നല്കുന്നുണ്ട്. ഇതിനൊരു ഉത്തമ ഉദാഹരണമാണ് ഈ കഥയിലെ വില്ലൻ കഥാപാത്രവും കാമുകനും ഭർത്താവുമായ പ്രമോദ്. സമപ്രായക്കാരായതിനാൽ എന്തിനും ഏതിനും സമാസമം എന്ന പ്രത്യയ ശാസ്ത്രത്തില് അടിയുറച്ച് വിശ്വസിക്കുന്നതിനാൽ വിവാഹ ശേഷം ഭാവനക്കുണ്ടായ സ്ഥാനക്കയറ്റം പ്രമോദിന്റെ മനസ്സിനെ വല്ലാതെ ഉലയ്ക്കുകയും ഇതിനിടയിൽ പെരുമാറ്റ വൈകല്യമുള്ള തന്റെ മകൻ അദ്വൈതിനെപറ്റി പോലും ചിന്തിക്കാതെ രണ്ടാം വിവാഹത്തിന് തയ്യാറെടുക്കുകയും ചെയ്യുന്നുണ്ട്. പിന്നീട് വിവാഹ മോചനത്തി ലേക്കും ഇത് വഴി തെളിച്ചു. ഇതുപോലെ തന്നെ പുരുഷമേധാവിത്വ ത്തിന്റെ ക്രൂരമായ മുഖം മറ്റൊരു കഥാപാത്രത്തിലൂടെയും നമുക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അതായത് ഭാവനയുടെ അച്ഛൻ. തന്റെ ക്രൂരതകള്ക്ക് മുമ്പിൽ നിർന്നിമേഷനായി നില്ക്കുന്ന ഒരമ്മ. ഈ അമ്മ എല്ലാ സങ്കടങ്ങളെയും ഉള്ളിൽ ഒതുക്കി കൊണ്ട് പ്രതികരണ ശേഷി നഷ്ടപ്പെട്ട് പുരുഷമേധാവിത്വത്തിന്റെ കരാള ഹസ്തങ്ങളിൽ അമരുന്ന കാഴ്ച ഈ നോവലിൽ നമുക്ക് ദർശിക്കാവുന്നതാണ്. ഇത്തരത്തില് ഭാവനയുടെ അച്ഛനെയും അമ്മയെയും കഥാപാത്ര നിരൂപണം നടത്തുമ്പോൾ പുതു തലമുറയും പഴയ തലമുറയും തമ്മിലുള്ള വ്യത്യാസമാണ് വായനക്കാർക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. അമ്മയുടെ അത്രപോലും സഹനശേഷി മകള്ക്കില്ലാതെ പോവുന്നു എന്നുള്ളത് ഇതിനുദാഹരണമാണ്. ഭാവനയും പ്രമോദും തമ്മിലുള്ള വിവാഹമോചന ത്തിലേക്ക് എത്തിക്കുന്നതും ഈ ഒരു കാരണം തന്നെയാണ്.

അടുത്തതായ് മാജിക്കൽ റിയലിസത്തിലേക്ക് അനുവാചകരെ എത്തിക്കുന്ന കഥാപാത്രമാണ്. 'യോഗീശ്വരനമ്മാവൻ' പ്രായമാകുമ്പോൾ ജീവിതത്തിലെ എല്ലാ ലൗകിക സുഖങ്ങളെയും വെടിഞ്ഞ് ഹിന്ദു ആചാര പ്രകാരം മോക്ഷം പ്രാപിക്കുവാനായി കാശീനാഥനിൽ അഭയം പ്രാപിക്കുന്നതിനും പരലോകവാസം പ്രാപിക്കാതെ തന്നെ ഇഹലോകത്തേക്ക് ശക്തിമത്തായി തിരികെ വരുന്നതും നമുക്ക് ഈ കഥാപാത്രത്തിലൂടെ കാണാൻ സാധിക്കുന്നുണ്ട്. ഹിന്ദുക്കൾക്ക് കാശിയെങ്കിൽ ഇസ്ലാംമത വിശ്വാസികൾക്ക് മക്ക എന്ന സങ്കല്പ്പത്തെയും ഊട്ടി ഉറപ്പിക്കുന്ന തരത്തിലുള്ള കഥാപാത്രമാണിദ്ദേഹം.

ചേരമാൻ പെരുമാളിനൊപ്പം മക്കയിൽ പോയി മതപരിവർത്തനം നടത്തി തിരികെ വന്ന ഹസ്സൻകോയ നോവലിന്റെ തലക്കെട്ടായ 'ഖബർ' ഇദ്ദേഹത്തിന്റേതാണ്. ഹസ്സൻകോയയുടെ പിന്തലമുറക്കാരനും ഹസ്സൻകോയയോട് ഏറ്റവും ആദരവ് പുലർത്തിയിരുന്ന കഥാപാത്രമാണ് കഥയിൽ മറ്റൊരു പ്രധാന സ്ഥാനം കൈവരിക്കുന്നത്. അദ്ദേഹമാണ് 'കാക്കശ്ശേരി ഖയാലുദ്ധീൻ തങ്ങൾ'. രണ്ടേക്കർ പതിനെഞ്ച് സെന്റ് സ്ഥലത്തിൽ തെക്കെ പുറത്തായി സ്ഥിതി ചെയ്യുന്ന ഖബർ തന്റെ പൂർവ്വികന്റേതാണെന്ന തിരിച്ചറിവിലാണ് ഖയാലുദ്ദീൻ തങ്ങൾ കേസിൽ ഹർജിക്കാരനാകുന്നത്. ഖബർ എന്നത് നോവലിൽ ഒരു കേസായിട്ടാണ് പരിഗണിക്കപ്പെടുന്നത്. എതിർകക്ഷികളായ സലാഹുദ്ദീൻ തങ്ങൾ ഉൾപ്പടെയുള്ള രണ്ട് സഹോദരന്മാരും ചാരിറ്റബിൾ ട്രസ്റ്റ് ഭാരവാഹികളും തെക്കെ പുറത്തുള്ള ഖബറിടത്തിൽ ഓഡിറ്റോറിയവും കല്യാണ മണ്ഡപവും പണിയുവാൻ തീരുമാനമെടുക്കുകയും ചെയ്യുന്നു. ഓഡിറ്റോറിയത്തോട് ചേർന്നുള്ള ശൗചാലയം പണിയുന്നതിലുള്ള എതിർപ്പാണ് ഇപ്പോൾ ജില്ലാ ജഡ്ജിയായിരിക്കുന്ന ഭാവനയുടെ മുമ്പിൽ കേസ്സിന്റെ രൂപത്തിൽ വന്നിരിക്കുന്നത്. ഭാവനാ സച്ചിദാനന്ദൻ ഈ കേസിനാണ് നോവലിൽ വിധി പ്രഖ്യാപിക്കേണ്ടതും.

നോവൽ പുരോഗമിക്കുമ്പോൾ മിന്നിമറിയുന്ന ഒട്ടേറെ കഥാപാത്രങ്ങളായ റോഷി, സലീമ, മഞ്ചു, ഹരികൃഷ്ണൻ തുടങ്ങിയവർ ഈ നോവലില് അവരുടേതായൊരു വ്യക്തി മുദ്ര

പതിപ്പിച്ചിരിക്കുന്നത്. നോവലിൽ ഖബർ കേസ് വിധി പ്രഖ്യാപിക്കുന്ന ന വംബർ 9, 2019 അയോധ്യ കേസിന്റെയും അന്തിമ വിധി പ്രസ്താവന നടത്തിയ ദിവസമായിരുന്നതിനാലും ചരിത്രപരമായ ഒരു പ്രാധാന്യം ഈ ഖബർ കേസിനുണ്ട്.

ന്യായ അന്യായങ്ങളെ മുഖവിലക്കെടുക്കാതെ കേസിന് അന്തിമ വിധി പ്രഖ്യാപനമുണ്ടാകുന്നുണ്ട്. വിധി എന്താണെന്നല്ലേ. ഖബർ സ്ഥാനം അവിടെയില്ലെന്നും ആ സ്ഥാനത്ത് ഓഡിറ്റോറിയവും കല്യാണ മണ്ഡപവും പണിയാമെന്നുള്ള അന്തിമ വിധി പ്രസ്താവന ഒടുവിൽ വരികയും ചെയ്യുന്നു.

കഥയിൽ ഭാവന തങ്ങളുടെ അതായത് കാക്കശ്ശേരി തങ്ങളുടെ മായിക ലോകത്തിലൂടെ സഞ്ചരിക്കുകയും തന്റെ ഭർത്താവിൽ നിന്നും ലഭിക്കാത്ത സ്നേഹം തങ്ങളിൽ നിന്ന് സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ ഭാവന ജീവിതത്തിലാദ്യമായി മറ്റൊരാളിന്റെ അസാന്നിധ്യത്തിൽ അവൾ പരിപൂർണ്ണത അനുഭവിക്കുകയും ചെയ്യുന്നു. ഇത്തരത്തിലാണ് ഈ നോവൽ അവസാനിക്കുന്നത്.

എന്തുകൊണ്ടും ചരിത്രപരമായ വസ്തുതകളെ ഖബറുമായി കൂട്ടി ചേർക്കുമ്പോൾ ഹിന്ദു വിശ്വാസ പ്രകാരം ഖബറില്ലെന്നും , ഇസ്ലാം മതവിശ്വാസ പ്രകാരം ഖബറുണ്ടെന്നുമുള്ള തർക്കം മുന്നിട്ടു നിൽക്കുന്നതിനാലും മനുഷ്യൻ എന്ന രീതിയിൽ ഇതെല്ലാം ഒരു വിശ്വാസമായി കണ്ടാൽ മാനവ രാശിക്ക് മുന്നോട്ടുള്ള പ്രയാണം അനായാസകരമായിരിക്കുകയും ചെയ്യും

# ആദിത്യനും രാധയും മറ്റുചിലരും - ഒരു വേറിട്ട വായനാ അനുഭവം

ഷീജ.കെ.എസ്.

ഒരു കാലഘട്ടത്തിലെ യുവതലമുറയെ ആഴത്തിൽ സ്വാധീനിച്ച ഡൽഹി. ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു തുടങ്ങിയനോവലുകൾ രചിച്ച മയ്യഴിയുടെ കഥാകാരൻ എം. മുകുന്ദന്റെ ആദിത്യനും രാധയും മറ്റുചിലരും എന്ന നോവലാണ് ഞാൻ പരിചയപ്പെടുത്തുന്നത്. മലയാളത്തിലെ ആധിനീക സാഹിത്യകാരന്മാരിൽ പ്രധാനിയായ എഴുത്തുകാരനാണ് എം.മുകുന്ദൻ. കേരളത്തിലെ ഫ്രഞ്ച് അധിനിവേശ പ്രദേശമായ മയ്യഴിയിൽ (ഇന്നത്തെ മാഹി) 1942 സെപ്റ്റംബർ 10 നാണ് എം. മുകുന്ദൻ ജനിക്കുന്നത്. 1961 മുതൽ മലയാള സാഹിത്യത്തിൽ നിറഞ്ഞുനിൽക്കുന്നു. ഫ്രഞ്ച് നയതന്ത്ര ഉദ്യോഗസ്ഥനായി ജീവിതം ആരംഭിച്ച മുകുന്ദൻ കേരള സാഹിത്യ അക്കാദമി അധ്യക്ഷനായും പ്രവർത്തിച്ചിട്ടു്. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, കേശവന്റെ വിലാപങ്ങൾ, ആവിലായിലെ സൂര്യോ

ദയം, റഷ്യ നൃത്തം, ഒരു ദളിത് യുവതിയുടെ കഥനകഥ തുടങ്ങി നിരവധി നോവലുകൾ മലയാള സാഹിത്യത്തിനു നൽകിയ മുകുന്ദൻ 1993 ൽ എഴുതിയ നോവലാണ് ആദിത്യനും രാധയും മറ്റു ചിലരും. മലയാള സാഹിത്യത്തിൽ അന്നുവരെ നിലനിന്നിരുന്ന രചനാ സങ്കേതങ്ങളിൽ നിന്ന് വ്യത്യസ്തമായാണ് മുകുന്ദൻ ഈ നോവൽ അവതരിപ്പിക്കുന്നത്. നവീനമായ രചനാരീതിയും രചനാ പദ്ധതിയും കൊ് വ്യത്യസ്തവും ദീപ്തവുമായ ഈ കൃതിയുടെ വായന ഒരു നൂതന അനുഭവമായിരിക്കും വായനക്കാരനു നൽകുക. ഈ നോവൽ കഥയും കഥാകാരനും മാത്രമല്ല ഒരേ സമയത്ത് വിമർശകനായും കഥാകൃത്തിനെ ഈ നോവലിൽ ഉടനീളം കാണാം. മൂന്നു വ്യത്യസ്ത കാലങ്ങളേയും കാലഘട്ടങ്ങളേയും പ്രതിനിധീകരിക്കുന്ന വ്യത്യസ്തരായ മൂന്നുപേർ ഈ നോവലിനെ ആദ്യാവസാനം വിലയിരുത്തുകയും ചെയ്യുന്നു. ബൃഹസ്പതി, അഭിമന്യു ജലൻ, റോമി

ഫെർണാസ് എന്നിങ്ങനെ പ്രതീകാത്മകമായ അഥവാ കാലഘട്ടങ്ങളെ പ്രതിനിധീകരിക്കുന്ന പേരുകൾ തന്നെയാണ് കഥാകൃത്ത് ഇവർക്കായി തെരഞ്ഞെടുത്തത്. കഥനടക്കുമ്പോൾതന്നെ ഈ മൂന്നു പേരും കഥാ സന്ദർഭങ്ങളെ വ്യത്യസ്ത തലങ്ങളിൽ നിന്നും നോക്കികാണുകയും വിമർശിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു ്. ഇവർ ഈ കഥയിലെ കഥാപാത്രങ്ങളല്ല എന്നതും വ്യത്യസ്തത തന്നെയാണ്. മൂന്നു വ്യത്യസ്തമായ കാഴ്ചപ്പാടിലൂടെ ആദിത്യനേയും രാധയേയും ഈ കഥ യേയും ഇവർ വിലയിരുത്തുകയും ചെയ്യുന്നു.

ആദിത്യൻ എന്ന കേന്ദ്ര കഥാപാത്രത്തിന്റെ ജീവിതമാണ് ഈ നോവൽ പറയുന്നത് എങ്കിലും രാഷ്ട്രീയവും സാമൂഹീകവുമായ ചില നിലപാടുകളെ തുറന്നു കാട്ടുകയും ചെയ്യുന്നുണ്ട്.

ആത്യന്തീകമായി ഇതൊരു പ്രണയ കഥതന്നെയാണ്. മലയാളത്തിലെ ഒരു റൊമാന്റിക് നോവലായി നമുക്കിതിനെ വിലയിരുത്താം. സ്നേഹം,പ്രേമം എന്നിവയ്ക്ക് ഒരു പുതിയ അർത്ഥം അതായത് യഥാർത്ഥ സ്നേഹം എന്നത് ഒരു താദാത്മ്യം പ്രാപിക്കലാണെന്ന തിരിച്ചറിവാണ് ഈ നോവൽ പറഞ്ഞുവയ്ക്കുന്നത്. അതോടൊപ്പം തന്നെ കാലാതീതമായ ഒരു രാഷ്ട്രീയ കാഴ്ചപ്പാടും ഈ നോവൽ മുന്നോട്ടുവയ്ക്കുന്നു.പരിസ്ഥിതിയുടെ രാഷ്ട്രീയമൊക്കെ കാലാതീതമായി നമുക്ക് ഈ നോവലിൽ ദർശിക്കാം. അരാഷ്ട്രീയമെന്നു തോന്നിപ്പിക്കുന്ന എന്നാൽ കൃത്യമായി മനുഷ്യപക്ഷത്തും പ്രകൃതിപക്ഷത്തും നിലനിൽക്കുന്ന യുവതലമുറയെക്ക് അമ്പരന്നുപോകുന്ന ഇന്നത്തെ യാഥാസ്ഥിതിക രാഷ്ട്രീയക്കാരേയും നമുക്ക് ഈ നോവലിൽ കാണാൻ കഴിയും. മനുഷ്യന്റെ സഹജീവി സ്നേഹത്തിൽ ഏറ്റവും ഉദാത്ത മാതൃകയിൽ നിൽക്കുന്ന നിസ്വാർത്ഥമായ രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ഇടതുപക്ഷക്കാരനായ അഗ്നിവേശും ഈ കഥയിലെ ഒരു കഥാപാത്രമാണ്.

യുവതലമുറയുടെ രാഷ്ട്രീയബോധത്തിന്റേയും തിരിച്ചറിവിന്റേയും മുന്നിൽ തന്റെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് പ്രസക്തിയില്ലായെന്ന തിരിച്ചറിവിൽ അപകർഷതാബോധത്തിന്റെ പടുകുഴിയിലേക്ക് ആുപോകുന്ന ഒരു കഥാപാത്രം കൂടിയാണ് അഗ്നിവേശ്. നീ ഞാൻ ആയി മാറുക, ഞാൻ നീയായി മാറുക

അത്രത്തോളം താദാത്മ്യം പ്രാപിക്കലാണ് പ്രേമം എന്ന് ആദിത്യനും രാധയും പറഞ്ഞു വയ്ക്കുന്നു. ഈ നോവലിൽ കാലവും ഒരു കഥാപാത്രമായി മാറുന്നു. ചിലയിടങ്ങളിൽ കാലം ഈ നോവലിൽ ഇല്ലാതാവുകയും ചെയ്യുന്നു. ഞാൻ ഞാനാകുന്നത് എപ്പോഴാണെന്ന് ഉറക്കെ ചിന്തിക്കുന്നുണ്ട് ഈ നോവൽ. ഞാൻ ആരാ ണെന്ന് തിരിച്ചറിയപ്പെടുമ്പോഴാണ് ഞാൻ ജനിക്കുന്നത് എന്നാണ് മുകുന്ദൻ ഈ നോവലിലൂടെ നമ്മളോട് പറയുന്നത്. നിങ്ങളുടെ തിരിച്ചറിവുകളാണ് നിങ്ങളെ നിങ്ങളാക്കുന്നത്. എൺപതുകളിൽ നിലനിന്നിരുന്ന അസ്ഥിത്വരാഹിത്യത്തെക്കുറിച്ചാണ് മുകുന്ദൻ പറഞ്ഞു വയ്ക്കുന്നത്. ഇരുപത് അധ്യായങ്ങളിലായി എഴുത പ്പെട്ടിരിക്കുന്ന ഈ നോവലിൽ കഥാപാത്രങ്ങൾ ആദിത്യനും രാധയുംമാറി പകരം ഭാസ്ക്കരനും ലീലയും വരുന്നുണ്ട്. അതോടൊപ്പംതന്നെ കാലഗണനയെ ഓരോ അധ്യായങ്ങളിൽ നിന്നും എടുത്തുമാറ്റിയിരിക്കുന്നു എന്ന പ്രത്യേകതയും നമുക്ക് ഈ നോവലിൽ ദർശിക്കാം. ഒന്നാം അധ്യായത്തിൽ നാലാം അധ്യായ ത്തിൽ രംഗപ്രവേശം ചെയ്യാനിരിക്കുന്ന കഥാപാത്രത്തെക്കുറിച്ച് നമ്മോടുപറഞ്ഞ് വായനക്കാരനെ വിഭ്രമാത്മകഥയിൽ എത്തിക്കുന്നു. അതും ഈ നോവലിലെ ഒരു രചനാ സങ്കേതമായി നമുക്ക് വിവക്ഷിക്കാം.

ഇന്നത്തെ കാലഘട്ടത്തിലെ കുലസ്ത്രീകളെ ഓർമ്മിപ്പിക്കുന്നു ആദിത്യന്റെ അമ്മ. പട്ടുസാരിയുടുത്ത് ശിവക്ഷേത്രത്തിൽപോയി പാലും പൂക്കളും അർപ്പിക്കുന്ന അമ്മയുടെ ഇഷ്ടങ്ങൾക്ക് അനുസരിച്ച് ജീവിക്കേിവരുന്ന ആദിത്യൻ എന്ന നായകൻ. ഇത്തരം കഥാപാത്രങ്ങളെ (അമ്മമാരെ) ഇക്കാലത്തും നമുക്ക് കാണാൻ കഴിയും എന്നതാണ് ഈ നോവലിന്റെ കാലിക പ്രസക്തി. തനിക്കുവേ ണ്ടിയല്ലാതെ ചുറ്റുമുള്ളവർക്കുവേിമാത്രം മറ്റുള്ളവരെ കാണിക്കാൻ വേണ്ടിജീവിക്കേണ്ടിവരുന്ന ആദിത്യൻ. യാഥാസ്ഥിതികതയുടെ അങ്ങേത്തലയ്ക്കൽ നിന്നുകൊ് ചിന്തിക്കുന്ന ഇന്നത്തെ ആധുനീക കുലസ്ത്രീ. പഴമയിൽ കടിച്ചുതൂങ്ങിക്കിടക്കുന്ന ആഢ്യത്വത്തിന്റെ ലക്ഷണങ്ങൾ ഇതെല്ലാമാണെന്ന് കരുതുന്ന ആ നിരർത്ഥകതയെ പരിഹസിക്കുകയും ചെയ്യുന്നു് കഥാകൃത്ത്. ഒരു സിതാറിന്റെ മനോഹരമായ പാട്ടിൽ ഒരു ചെറിയ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ആദിത്യൻ അമ്മയുടെ തൃപ്തിക്കുവേണ്ടി തന്റെ എല്ലാ

ഇഷ്ടങ്ങളും മാറ്റിവയ്ക്കുകയാണ്. മകന്റെ റാങ്കുകളിൽ അഭിമാനം കൊള്ളുകയും അവന്റെ സ്വത്വം തിരിച്ചറിയപ്പെടാതെ പോകുകയും ചെയ്യുന്ന ആദിത്യന്റെ അമ്മ. ആചാരങ്ങളിലും യാഥാസ്ഥിതി കതയിലും ആ്യുപോയ ഒരു തലമുറ എങ്ങനെയാണ് പുതിയ യുവതയെ ഇല്ലായ്മചെയ്യുന്നതെന്ന് ഈ നോവൽ പറഞ്ഞു പോകുന്നുണ്ട .അമ്മയ്ക്കു വേണ്ടി ജീവിക്കുന്ന ആദിത്യൻ അമ്മ കണ്ടെത്തുന്ന മറ്റൊരു കുലസ്ത്രീയായ സുധയെ വിവാഹം കഴിക്കുന്നു.

ജനിച്ച നാൾ മുതലാണ് ജീവിതം ആരംഭിക്കുന്നത് എന്ന ധാരണ ആദിത്യനില്ല. ഏതെങ്കിലും ഒരു സാക്ഷാത്ക്കാരത്തിലൂടെ നമ്മുടെ ജീവിത്തെക്കുറിച്ച് എവിടെവച്ച് എപ്പോൾ നാം ബോധവാനാകു ന്നുവോ അവിടെവച്ച് അപ്പോഴാണ് നാം നമ്മുടെ ജീവിതമാരംഭി ക്കുന്നത് എന്നാണ് കഥാകൃത്ത് ആദിത്യനിലൂടെ പറയുന്നത്. ആദിത്യൻ തന്റെ കുഴപ്പങ്ങൾ നിറഞ്ഞ ജീവിതത്തിന്റെ തുടക്കം എവിടെയെന്നു നിർണയിക്കുന്നില്ല.അത് ഇരുപതാം നൂറ്റാണ്ടിലോ പതിനേഴാം നൂറ്റാിലോ ആണ്. സാമാന്യവത്ക്കരണത്തിൽ ഒതുങ്ങാത്ത വ്യഥിതമായ ജീവിത സങ്കീർണതകൾ ചിത്രീകരിക്കുന്ന ഈ നോവലിൽ കഥാപാത്രത്തിൽ നിന്ന് കാലത്തെ അകറ്റി നിർത്തുകയാണ് ചെയ്യുന്നത്. ആദിത്യനെപ്പോലെതന്നെ ഈ നോവലിന്റെയും ആദിത്യന്റെ ജീവിതത്തിന്റെയും ഭാഗമാണ് രാധ. രാധയില്ലെങ്കിൽ ആദിത്യൻ പൂർണ്ണനാകുന്നില്ല. പ്രകൃതിക്കുവേണ്ടി, രാജ്യത്തിനുവേി നിലകൊള്ളുന്ന ഒരു പുരുഷനുവേണ്ടി തന്റെ സ്ത്രീത്വം പോലും സമർപ്പിക്കാൻ തയ്യാറായി നിൽക്കുന്ന രാധ. പ്രകൃതിയുടെ രാഷ്ട്രീയം പറയുന്ന യുവാക്കൾക്ക് മാതൃകയായ രാധയെ കണ്ടെത്തി രാധയുടെ ആദിത്യനായിമാറി അനന്തതയിലേക്ക് ഒരു സിതാറുമായി നടന്നു പോകുന്ന ആദിത്യനിൽ നോവൽ അവസാനിക്കുമ്പോൾ രാധ അല്ലെങ്കിൽ ആദിത്യൻ അവർ ഒന്നാണെ ന്നൊ എന്താണ് സ്നേഹമെന്നൊ എന്ന പുതിയ കാഴ്ചപ്പാടിന്റെ ഒരു തലം നമ്മൾ തിരിച്ചറിയുന്നു. അതിലേക്ക് കഥാകൃത്ത് നമ്മെ എത്തിക്കുന്നു.

ആദിത്യനും രാധയും മറ്റു ചിലരും മറ്റു നോവലുകളിൽ നിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്നു ചിന്തിക്കുമ്പോൾ ഒരു പെയിന്റിംഗും ഒരു കൊളാഷും എങ്ങനെ വ്യത്യസ്തമായിരിക്കുന്നു

എന്നു പറയുന്നതുപോലെയാണ്. വിദൂര കാഴ്ചയിൽ ഒരു സാധാരണ പെയിന്റിംഗ് ആയി തോന്നുകയും അടുത്തെത്തുമ്പോൾ വിവിധ ദൃശ്യങ്ങൾ കോർത്തിണക്കിയ ഒരു കൊളാഷായി ഇത് അനുഭവ പ്പെടുന്നു. ഒരു പെയിന്റിംഗ് പോലെ തോന്നിപ്പിക്കുന്ന മറ്റു നോവലു കളിൽ നിന്ന് ആദിത്യനും രാധയും മറ്റു ചിലരും വ്യത്യസ്തമായി രിക്കുന്നതും ഇതു കൊണ്ടുതന്നെയാണ്.

# *Lust for Life*: Painting the Life of a Painter

Dr. Shibu.B

The awareness that you are writing a novel based on the life of a person whom the world knows makes the biographical novel a strenuous endeavour. You can never be factually incorrect, you cannot make it too spicy by adding your imagination, and most of all, you are forbidden to conceive a climax of your creation. You have to keep in check your creative extravaganza, keeping in mind that you have a real person at your disposal who restricts the trajectory of your creative journey. But, at the same time, the work you attempt should catch the attention of the readers. There are two phases for a writer of an autobiographical novel to proceed in his project. The first one is the collection and verification of the factual materials about the person in question. The second phase is to combine those materials based on the writer's aesthetic vision without compromising the facts. The writer has to ensure that the materials so collected have coalesced into an aesthetic unit. For that, information and materials collected from various sources have to undergo cosmetic treatments. Put in other words, to write a successful biographical novel, a writer should strike a balance between aesthetic and factual aspects without letting either dominate the other. Irving Stone's *Lust for Life* (1934) is a classic example of the rare union between the aesthetic and the factual couched in an apt language.

Lust for Life is an intimate attempt to capture the turbulent life of Vincent van Gogh, one of the greatest artists of all ages. Van Gogh

had experienced the excruciating pain of being rejected and humiliated by the world of art connoisseurs before being exalted to the position of an impeccable genius. Vincent Willem van Gogh was born on 30th March, 1853, in Groot-Zundert, a predominantly Catholic province of North Brabant in the Netherlands. Born into a family of art dealers, Vincent started his career as an art dealer with Goupil & Cie in the Hague. His father Theodore Van Gogh was a minister of the Dutch Reformed Church, and his mother, Anna Carnelia Carbentus, was an affectionate gentle woman who loved Vincent abundantly. Being a genuine lover of art, he despised the vanity of the affluent class who frequented the art gallery and spent enormously on cheap art. His outrageous invectives on a lady of the high breed had made him sever his association with the Goupil. His wish to become a teacher proved futile as he had failed to meet the standards set by the authority. Though his father wanted his son to become a pastor, for the young Vincent, serving God was nothing more than serving the suffering people. He had a short unsuccessful ecclesiastical stint at a Protestant missionary school in Laken, near Brussels which he abandoned knowing fully well how lacklustre his sermon was. Despite his being adjudged as an inefficient clergy by his trainers he was sent to a coal-mining district of Borinage in Belgium by the church officials to work with the miners and do as much as he could to alleviate the sufferings of the unfortunate miners. He learned how precarious and perilous the predicament of the miners was during his stay at Petit-Wasmes in Borinage. His sympathy knew no bounds when he happened to realize the ill-treatment unleashed by the owners of the mines and the inhuman working conditions of the miners. Driven by altruistic instincts and a deep concern for the working class he raised his voice against the management which eventually invited the antipathy of the church. The recalcitrant church, conniving with the management of the mining industry, showered abusive comments on van Gogh which made him

leave his ecclesiastical obligation and return home. His stay with his parents further exacerbated his already tense relationship with his father and he eventually returned to Cuesmes at Borianage. There, for the first time in his life, he started drawing figures of people and planes which he sent to his beloved brother Theo van Gogh who was working in an art gallery in Paris. Later on, this relationship between Theo and Vincent proved extremely fruitful to the world of art. It was Theo who inspired Vincent to pursue a career in painting. He spent his time and money for his brother to excel in his vocation. With the active support of Theo, Vincent relentlessly started pursuing his passion despite a host of discouragement from the world of art academia.

As a man unwilling to comply with the social norms and etiquettes, rejection had never been new to Vincent. Throughout his life, he was rejected by many men and women. He was rejected by the clergy when he supported the miners of Borinage and they castigated him for being the "greatest enemy of Christianity." His first crush on Ursula ended in self-abnegation when he was ridiculed by the enraged girl as a "red-headed jerk." When another girl, Kee Vos-Stricker, outrightly rejected him, the impulsive Vincent placed his hand on the candle till the room got filled with the smell of his burnt flesh. His relationship with Margaret was also unsuccessful. Vincent's masochistic tendency prompted him to cut his earlobe when Micheal asked him to prove his love towards her. However, that relationship further worsened his already debilitating psychic disorder. Just like his personal life, his professional life too was riddled with humiliations and rejections. Established painters of his time had spared no time to reprimand Van Gogh for his unconventional creative wisdom. When the aficionados from the world of art belittled his earnest endeavours, he found solace in the saying: "To become an intelligent man one has to live like a fool at the beginning."

The only group who supported Vincent was the avant-garde artists from Paris who, fed up with the worn-out artistic practices prevalent during their time, turned towards experimental initiatives. Those post-impressionist artists like Paul Gauguin, Paul Cezanne, George Seuret, and others were crude in their brush strokes, colour mixing, and other techniques. Those post-impressionist artists were shrewd to perceive the irrefutable genius of Vincent van Gogh, though his style was radically different and unique. Paul Gauguin praised his pictures as the "pictures of an epileptic." He was lavish with colours. The extravagant display of his ardently amorous relationship with light and colour produced exceptionally brilliant compositions. His works like Sunflower, The Potato Eaters, The Starry night, etc, unequivocally display the immeasurable depth of his impeccable genius. Van Gogh strongly believed that for an artist to create he should know the psychology of his characters more than their physiology. He claimed that his pictures would tell the viewers what his characters had eaten that day. For him, a visceral understanding of the life of the people is a prerequisite for good art. Van Gogh was reluctant to follow the cold rules of the academicians. Instead, he wanted to pursue art based on his convictions. As Albert Aurier had astutely observed, the features of Van Gogh's art were its excessive power and wildness. In his oeuvre, Aurier identified a powerful, wild sincerity that is uncommon in other painters. Being a maverick, he carved a niche for himself for the posterity to cast their look at his pictures only with a wide-open mouth. But during his lifetime, he had never been followed by other painters and connoisseurs. In addition to his unorthodox style and brush strokes, the vicissitudes of his mental derangement prompted others to keep a safe distance from him. It is to be remembered that Van Gogh had spent much of the latter part of his life between a mental asylum at Arles and his home. Though the exact cause of his death is still not

known, Van Gogh is believed to have shot himself in the chest with a 7mm Faucheux pinfire revolver on 27 July 1890, at the age of 37.

The narrative, though remains linear throughout, leaving no scope for any experimentation, captures the intense inner feeling of an eccentric genius with all its nuances. *Lust for Life* can be considered a biographical novel with a definite beginning, middle, and end. There are nine chapters(books) in the novel, each deal with the life of the artist in various cities like London, Bornage. Etten, Hague, Newnan, Paris, Arlis, St Remy, and Auvers. But what makes it unique is the presence of multi-layered thematic substrata that progress in multiple dimensions as the narrative progresses. For example, a reader can identify the following thematic strands welded together inextricably throughout the novel:  the life of an artist, the life of a genius who had to drink the bitter taste of utter rejection, a seething critique of the institutionalized religion, the life of an outsider, an intense illustration of the sublime love between two brothers, academic deliberations on art, the inner pain of a lonely lunatic, constant conflicts between genuine art and the art industry, complex terrains of love relationships, and the life of an ardent champion of the poor. The list I have mentioned above is incomplete as readers can add more and more strands to it. This possibility of an indefinite number of narrative strands that one can excavate from the novel makes it a riveting page-turner. Further, the aesthetic treatment of the facts collected from various sources renders the work its superior quality. Irving Stone extensively drew on the letters exchanged between Theo and Vincent to work out his project, in addition to many other sources. There were 700 letters, written between the brothers, that spoke about the personal and artistic journey of van Gogh. The film version of the novel appeared in 1956, directed by Vicente Minnelli, starring Kirk Douglas and Antony Quin.

Irving Stone, a master of biographical novels, succeeded in inventing a language by which he could capture the emotional vicissitudes of one of the most unpredictable figures in the history of art; a language that helps us look simultaneously at the world through the eyes of the artist and at the life of the painter; or a language that could express the immediacy of his temperament. The novel is not a dispassionate narration of the life of a painter. Never has he fallen in the trap of mere prosaic documentation. On the contrary, in each sentence, we experience, with absolute intimacy, the life of an eccentric genius pulsating with passion and vigour. We feel the visceral outbursts and impulsive reactions of Van Gogh, the irrefutable brilliance of his compositions, the pain of utter rejections meted out to him, and the warmth of love between the brothers. Further, the picturesque quality of his language helps us experience the earnest embrace between the blazing sun and the lush green planes of the countryside that remains a leitmotif of the novel as well as of the paintings of Vincent Van Gogh.

# കരിനീല: പെൺമനസ്സിലെ പ്രണയ നിഗൂഢതകൾ

ദേവതീർത്ഥ.എം.ജെ.

കെ.ആർ മീരയ്ക്ക് മുഖവുരകൾ വേണ്ട. മലയാള സാഹിത്യ ലോകത്ത് ലബ്ധപ്രതിഷ്ഠ നേടിയ എഴുത്തുകാരിയുടെ കഥകൾ ഉത്തരാധുനികതയും കടന്ന് ഹൈപ്പർറിയലിസത്തിലേക്കുള്ള പടവുകൾ കയറുകയാണ്. ശരീരമില്ലാത്ത ദിവ്യപ്രണയിനികളല്ല മീരയുടെ കഥയിലെ നായികമാർ. കാമവും മോഹവും പകയും പ്രതികാരവും അവരെ നയിക്കുന്നു. ഓരോ കഥയും വായനക്കാരെ മുറിവേൽപ്പിക്കുന്നു. അവരിൽ നാണക്കേടുണ്ടാക്കുന്നു. വേദനിപ്പിക്കുന്നു ഉറക്കം കെടുത്തുന്നു.കരിനീലയും അങ്ങനെ ഒരു കഥയാണ്. ഹൃദയത്തിന്റെ ലോലഭിത്തികളിൽ ഞണ്ടിന്റെ കാലുകളെപ്പോലെ അള്ളിപ്പിടിക്കുന്ന കഥ. അസ്വസ്ഥജനകമായ അനുഭവബോധങ്ങളുടെ മുറിവുകൾ സൃഷ്ടിച്ച് വായനക്കാരെ നീറ്റുന്ന കഥ. പ്രണയത്തിന്റെ അത്യഗാധമായ ഭാവങ്ങളാണ് മീര കരിനീലയിൽ ആവിഷ്ക്കരിക്കുന്നത്. ജന്മാന്തരങ്ങളുടെ അന്വേഷണമാണ് കഥയിലെ പ്രണയം. കരിനീല'യിലെ നായിക പ്രേമത്തെക്കുറിച്ച്, പറയുന്നത് കേൾക്കുക: "ഇതെന്റെ കടിഞ്ഞൂൽ പ്രേമമൊന്നുമല്ല. ഞാൻ എക്കാലത്തും പ്രേമബദ്ധയായിരുന്നു. വിവാഹത്തിന് മുമ്പും പിമ്പും. എന്റെ പ്രേമം ഉഗ്രവിഷമുള്ള ഒരു അലസസർപ്പമാണ്. വളഞ്ഞു ചുറ്റി സ്വന്തം ഉടൽ മെത്തയാക്കി എത്രയോ കാലം ഞാൻ തക്കം പാത്തുകിടക്കുന്നു. ആർക്കോ വേണ്ടി. എന്റെ ദംശനമേറ്റാൽ മരിക്കാ ത്ത ഒരാൾ. സ്വയമേ നീലനിറമുള്ളവൾ. മൂന്നു കണ്ണുള്ളവൾ." കരിനീല യിൽ ആരോ ഒരാൾ ശിവനാണ് അവൾ ശിവപ്പാതിയും. ശിവശക്തിസംഗമത്തിന്റെ അസാധാരണമായ ബന്ധത്തെയാണ് മീര ഇവിടെ ആവിഷ്ക്കരിക്കുന്നത്. ശിവനിൽ അലിയാൻ, അല്ലെങ്കിൽ ശിവദംശനമേല്ക്കാൻ ദാഹിച്ചു വലയുന്നവളാണ് അവൾ. വിവാഹിതയും രണ്ടു കുട്ടികളുടെ അമ്മയുമായ നായിക. മനസ്സിലെപ്രണയസങ്കല്പത്തിന്റെ പ്രതിരൂപമായ സർവസംഗ പരിത്യാഗിയായ സന്യാസിയിൽ അവളെത്തന്നെ

കണ്ടെത്തുകയാണ്. സന്യാസിയുടെ വീടു വാങ്ങാൻ ഭർത്താവുമൊന്നിച്ച് എത്തിയ അവളെ ഒരു മൂർഖൻ ദംശിക്കുന്നു. കുട്ടിക്കാലത്ത് പാദസരമിടാറുണ്ടായിരുന്ന കാലിലാണ് മൂർഖന്റെ കുഞ്ഞിപ്പല്ലുകൾ അമർന്നത്. കാലിലെ മുറിപ്പാടിനു മേലെ സന്യാസി മുറുക്കിക്കെട്ടുകയും പിന്നീട് മുറിവിലേക്ക് മുഖംതാഴ്ത്തി അയാൾ ചോരവലിച്ചെടുത്ത് പുറത്തേക്ക് തുപ്പുകയും ചെയ്യുന്നു. ആ വേദനയിലും അവൾ ആനന്ദിക്കുക യായിരുന്നു. കാമത്തിന്റെ വേദനയിൽ പ്രണയത്തിന്റെ ആനന്ദം. ജീവന്റെ ഓരോ രക്തതുള്ളികളും അവളിൽ നിന്ന് അയാളിലേക്ക് ഒഴുകുന്ന അവിസ്മരണീയ മുഹൂർത്തം വായനക്കാരിലും ഉന്മാദമുണ ർത്തുന്നു.

വെള്ളത്തിന് ദാഹിക്കുന്ന അവൾക്ക് സന്യാസി കിണ്ടിയിൽ ജലംപകർന്നു കൊടുക്കുന്ന നിമിഷമുണ്ട്. ആ രംഗം മീര എത്ര ഭാവതീവ്രമായാണ് ആവിഷ്കരിച്ചിരിക്കുന്നത് ഭർത്താവ് ഏത് നിമിഷവും വരാം. ഞാൻ കൈകൾ നീട്ടി. കഴുത്തിൽ വളഞ്ഞു. മുഖം വലിച്ചു താഴ്ത്തി. ചുണ്ടുകളിൽ പല്ലുകൾ ആഴ്ത്തി. എന്റെ ഏറ്റവും നല്ല വിഷപ്പല്ലുകൾ! നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും കൊള്ളാം, അയാൾ നീലിച്ചുപോയി സദാചാരവാദികൾക്ക് അപകടമണിയൊച്ചയായി തോന്നാമെങ്കിലും ആ ചുംബനം യഥാർഥത്തിൽ ജീവിതത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള സഞ്ചാരമാണ്. യൗവനത്തിന്റെ കൂസലില്ലായ്മയും ധിക്കാരവുമാണ്. സംതൃപ്ത ദാമ്പത്യമെന്ന കറുത്ത ഫലിതത്തിന്റെ പൊട്ടിച്ചിരിയാണ്. തൃപുരസുന്ദരിയെ ആരാധിക്കുന്ന യോഗിയെ അവൾ തന്റേതാക്കുകയാണ് ജന്മാന്തരങ്ങളിലൂടെ തേടിനടന്ന തന്റെ പുരുഷനെ ഈ ജന്മത്തിൽ സ്വന്തമാക്കുന്ന സഫലനിമിഷമാണ്.

പുറംപടം പൊഴിച്ചിട്ടു മുറികൂടുന്ന ജന്മങ്ങൾ. ഒന്നിൽ നിന്ന് അടുത്തതിലേക്ക്. ഓരോ ജന്മം. ഓരോന്നിലും അയാൾ. എപ്പോഴും അയാൾക്ക് ഒരേ നിറം. കരിനീല നിറം. എന്ന് എഴുത്തു കാരി അടിവരയിട്ടു പറയുന്നതും അതു കൊണ്ടാണ്. “കത്തിത്തുടങ്ങിയ വീടുപോലെയാണ് എന്റെ പ്രേമം. വിരഹത്തിന്റെ മഴയിലും അത് ആസക്തിയോടെ കത്തുന്നു. തീ നാളങ്ങൾ ആകാശത്തേക്ക് പാതി വിടർത്തുന്നുന്നു. ഈ ജന്മം പൊള്ളിയടരുന്നു. വീണ്ടും ഒരു ജന്മമുണ്ടാകും വീണ്ടും സന്യാസി വരും. വീണ്ടും ഞങ്ങൾ പരസ്പരം കണ്ടെത്തും. എന്റെ ദംശനമേറ്റ് വീണ്ടും അയാൾ കരിനീലിയ്ക്കും.”

– 'കരിനീല' അവസാനിക്കുന്നതിങ്ങനെയാണ്. അവളുടെ പ്രണയത്തിന്റെ ദംശനമേറ്റ് കരിനീലിക്കാൻകാത്തിരിപ്പിന്റെ അങ്ങേയറ്റത്ത് ആരോ ഒരാൾ...വരും ഇനിയുള്ള ജന്മങ്ങളിലും.

വിവാഹം- ദാമ്പത്യം പ്രത്യുല്പാദനം മരണം എന്നീ അച്ചുതണ്ടുകളിൽ കറങ്ങുന്ന സാമ്പ്രദായിക പ്രണയസങ്കല്പങ്ങളെ കഥയിൽ ദർശിക്കാനാവില്ല.കാരണം തുടക്കത്തിൽ എഴുത്തുകാരി പറയുന്നതുപോലെ ഇതു കഥയല്ല ജീവിതമാണ്. കഥയിൽ നുണപറയാം ജീവിതം എഴുതുമ്പോൾ പറ്റില്ല. വിചിത്രമാണ് പ്രണയം

എന്ന് നമുക്കു തോന്നാം പക്ഷെ മീരയുടെ പ്രണയത്തിന്റെ പ്രത്യയശാസ്ത്രത്തിൽ പ്രണയം വിചിത്രം മാത്രമല്ല വേദനാജനകവുമായിരിക്കണം. സ്വന്തമാക്കുന്ന ഒരു നിമിഷത്തിലേക്ക് അതിന്റെ ജ്വാലകൾ അണയാതെ സൂക്ഷിച്ച് ഒടുക്കം ആ പ്രണയാഗ്നിയിൽ വെന്തു മരിക്കുക. കാമവും മോഹവും ഇടകലർന്ന

പ്രണയം.ചിലപ്പോൾ അതിന്റെ ആയുസ്സ് ഏതാനും നിമിഷങ്ങൾ ആയിരിക്കാം പിന്നീട് നീറിപ്പിടയുന്ന കാത്തിരിപ്പിന്റെ ആയിരത്തൊന്നു രാവുകൾ പിന്നിടേണ്ടി വരാം. ആ ഒരു നിമിഷത്തിലൂടെ, പ്രണയത്തിന്റെ തൃഷ്ണകളും കടമ്പുമരങ്ങളും പൂത്തു നിന്ന ഒരു രാത്രിയിലൂടെ, കഥയിലെ നായികയും കടന്നുപോകുന്നുണ്ട്. സന്യാസിയുടെ ആത്മബലത്തെ തീഷ്ണപ്രണയം കൊണ്ട് അവൾ കീഴടക്കുന്ന രാത്രി. അവൾ വിജയിക്കുന്ന രാത്രി. അതുമതിയായിരുന്നു അവൾക്ക്. അടുത്ത ജന്മത്തിലും അയാൾ ഇതു പോലെ തന്നെ പ്രതിരോധിക്കുമെന്നും അകറ്റാനും വെറുക്കാനും ശ്രമിക്കുമെന്നും അവൾക്കറിയാം പക്ഷെ അവൾ പ്രണയത്തിന്റെ അപ്രതിരോധ്യമായ ഇച്ഛാശാക്തിയിൽ വിശ്വസിക്കുന്നു. അന്നും തന്റെ ദംശനമേറ്റ് അയാൾ നിലംപതിക്കുമെന്നും അന്നും ഇതു പോലെ തങ്ങൾ ഇണചെരുമെന്നും ഹൃദയം പിളർന്നു പിരിയുമെന്നും പിരിഞ്ഞാലും തന്റെ രക്തം അയാളൂടെ രക്തത്തോട് കലരാൻ ദാഹിക്കുമെന്നും അവൾ വിശ്വസിക്കുന്നു. സ്വാഭാവിക ജീവിതത്തിന്റെ മടുപ്പിക്കുന്ന നൈരന്തര്യങ്ങൾ അഭിനയിച്ചു ഫലിപ്പിക്കുന്നുണ്ടെങ്കിലും.അവളിപ്പോൾ അടുത്ത ജന്മത്തിലും അയാളെ കൊത്താനുള്ള വിഷം തന്റെ നീലഞരമ്പുകളിൽ കരുതിവയ്ക്കുന്ന ഗൂഢമായ ആഹ്ലാദത്തിലാണ് . കഥ വായിച്ചു തീർന്നപ്പോൾ എന്റെ മനസ്സും കരിനീലയായി. അല്ലാതെ മറ്റെന്താണ് പറയുക.

# 'नेपथ्य राग' में जिह्वाविहीन नारी

आज हिंदी साहित्य जगत में महिला लेखन का विकास निरंतर हो रहा है।समकालीन हिंदी साहित्य के लेखिकाओं में मीराकांत का प्रमुख स्थान है। 'हाइफन', 'कागजी बजे' (कहानी संग्रह) 'ततः किम', 'उर्फ हिटलर' (उपन्यास)' 'इहामृग', 'नेपथ्यराग','भुवनेश्वर दर भुवनेश्वर ','कंधे पर बैठा था शाप ' (नाटक) आदि प्रमुख रचनाएँ है।सेठ गोविंद दास सम्मान , मोहन राकेश सम्मान , दिल्ली के साहित्यकार सम्मान आदि सामानों से पुरस्कृत मीराकांत के सबसे चर्चित नाटक है 'नेपथ्य राग'।मीराकांत अपनी रचनाओं के माध्यम से पुरुष सत्तात्मक समाज में प्रश्नचिन्ह लगाती है और नेपथ्य में खड़ी नारी को मंच पर लाने का प्रयास करती है। 2004 में प्रकाशित 'नेपथ्य राग' स्त्री की आजादी, अस्मिता और निजी पहचान के प्रश्नों से जूझता है।

प्रस्तुत नाटक कथा वाचन शैली में आधुनिक परिवेश में प्रारंभ होता है जहां 21वीं सदी की पढी लिखी और कामकाजी नारी मेधा है जो दफ्तर के पुरुष सहकर्मियों से सहयोग न मिलने के कारण परेशान है ।मेधा अपनी परेशानी माँ से व्यक्त करते समय माँ चौथी- पांचवी शताब्दी की ज्योतिष विद्या में निपुण खना नामक युवती की कहानी सुनाती है। माँ मेधा को यह समझाने की कोशिश करती हैं कि नारी की स्थिति आज भी वही है जो पुरुष की संकीर्ण वर्चस्ववादी मानसिकता तय करती है।

उज्जैनी के राजा के राजा मालवगण नायक विक्रमादित्य के नवरत्नों में से _एक वराह मिहिर खना की विलक्षण बुद्धि के कारण उसे अपनी शिष्या बनाते हैं ।वराह मिहर का प्रतिभावान पुत्र पृथुयशस _विदुषी खना के प्रति आसक्त होकर उसे अपनी पत्नी बना लेता है। खना विदुषी है असाधारण बुद्धि वाली युवती है। लेकिन जब विवाह का प्रस्ताव सामने आते हैं वह एक साधारण युवती की तरह असमंजस में पडती है। उसे पता था कि विवाह के बाद नक्षत्रों की दूरी नापना अपना इतना आसान नहीं होगा जितना पहले था। खना को पृथुयशस जैसा पंडित पति एवं वराह मिहिर जैसा सभारत्न श्वसुर प्राप्त होते हैं।लेकिन शादी के बाद हर साधारण नारी की तरह खना अभी घर की चहारदीवारी में बंद होने के लिए बाध्य होती है।खाना अपने बंधु काका सुबंधु भट्ट से अपने को खो जाने की व्यथा इस प्रकार व्यक्त करती है ।

"खना :(उदास स्वर में )क्या भविष्यवाणी और क्या ज्योतिष ।बंधु काका हमसे हमने क्या सोचा था परंतु ..
सुबंधु :(जिज्ञासा पूर्वक) क्या सोचा था?

खना :यही कि ज्योतिषविद के परिवार में जा रही हूँ लगा था , निरंतर नवग्रहों के सानिध्य में रहूंगी, नक्षत्रों से बातें करूंगी, पृथ्वी और आकाश का अंतराल नापूँगी परंतु...
सुबंधु: क्या हुआ तुम सुखी तो हो?
खना:पृथुयशस की पत्नी और आचार्य वराह मिहिर की पुत्रवधू के रूप में तो हूँ।परंतु पता नही काका कभी - कभी ऐसा प्रतीत होता है कि खना कहीं खोती जा रही है(अचानक पलटकर) क्या खना खो जाएगी?

खना सुबंधु भट्ट के स्नेह पूर्ण दबाव में आकर विवाह के लिए अपनी इच्छाओ को दबा देती है और बाद में उसे इस निर्णय पर पछतावा भी होती है।खना के पांडित्य विद्वता एवं ज्ञान का यश राजा तक पहूँचता है। विक्रमादित्य अपने प्रशासन के उलझन को सुलझने के लिए वेश बदलकर वराह मिहिर के घर पहूँचते हैं ।वहाँ खना से अनजाने में मुलाकात होती है और अपनी समस्या का समाधान खना से पाकर अचंभित होते हैं। खना का प्रवचन सच निकलता है और महाराज उससे प्रभावित होकर उन्हें अपने सभासद बनाना चाहते हैं।एक विवाहिता स्त्री को भविष्य वक्ता के रूप में राज्यसभा में सम्मान देना पितृसत्तात्मक समाज को स्वीकार न हुआ। अंततः पुरुष सभासद खना को राज्यसभा में सभासद के रूप में स्वीकृति तो प्रदान करते हैं किंतु जिह्वाविहीन रूप में। यह निर्णय सुनकर खना न बेहोश पड़ जाती है न उसे आश्चर्य होती है क्योंकि उसे पता था कि नारी की क्षमता को स्वीकारना समाज के लिए आसान बात नही है।

चिंता में मग्न श्वसुर से खना पूछती है -"क्या नव रत्नों को मेरा प्रवेश स्वीकार्य है?
वराह मिहिर: परंतु उनका कहना है कि यदि स्त्री सभासद बने तो पहले उसकी जीभ काट ली जाए।"2। जुबान का काटना प्रतीकात्मक है क्योंकि एक पंडित व्यक्ति को वैचारिक अभिव्यक्ति से वंचित कराना मृत्युदंड देने के समान है।खना और खना जैसी कई स्त्रियाँ आज भी नेपथ्य में खड़ी है या ऐसा करने के लिए विवश है।

वैचारिक अभिव्यक्ति से रहित स्त्री ही पुरुष सत्तात्मक समाज को प्रिय है। पुरुष को नारी का भोग्या रूप स्वीकार्य है पर वैचारिकता अस्वीकार्य है। सभ्य एवं प्रगतिशील कहे जाने वाले 21वीं सदी में भी स्त्री की स्थिति में ज्यादा बदलाव नहीं आया है। इसका प्रमाण है मेधा को पुरुष सहकर्मियों द्वारा मैडम के बदले सर बुलाना। पुरुष को नारी का उच्च पद पर हासिल होना स्वीकार नहीं है।नारी को नेपथ्य से मंच

तक लाने के कोशिशें किन कारणों से आगे नहीं बढ़ पाती है उसे ढूंढने का प्रयास 'नेपथ्य राग' नाटक में हुआ है। ऐतिहासिक पृष्ठभूमि को आधार बना कर वर्तमान में नारी की यथार्थ परिस्थिति को समाज में सामने लाने का प्रयास इस नाटक में हुआ है। प्रतिभाशाली स्त्री के दुखद अंत के दर्द को वाणी देना नाटककार का उद्देश्य है। चौथी -पांचवी शताब्दी की खना और 21वीं शताब्दी की मेधा की समस्याएँ समान है क्योंकि उसके मूल में एक ही विचारधारा या मानसिकता काम कर रही है 'वैचारिक अभिव्यक्ति से रहित नारी ही समाज को स्वीकार्य रही है'।

**संदर्भ ग्रंथ**

1.नेपथ्य राग ,मीरकांत, भारतीय ज्ञानपीठ,प्रथम संस्करण,2004

2.नेपथ्य राग ,मीरकांत, भारतीय ज्ञानपीठ,प्रथम संस्करण,2004

# റൂമിയും മസ്നവിയും, ചില സൂഫീ ചിന്തകളും

ഡോ.ബഷീർ പൂളക്കൽ

വിശ്വപ്രസിദ്ധ സൂഫിയും ഇലാഹി അനുരാഗത്തിന്റെ ആത്മാവറിഞ്ഞ അപൂർവം ജ്ഞാനികളിൽ ഒരാളുമാണ് മൗലാനാ ജലാലുദ്ദീൻ റൂമി (12071273). പതിമൂന്നാം നൂറ്റാണ്ടിലെ പേർഷ്യൻ കവിയും സൂഫി സന്യാസിയുമായിരുന്നു. റൂമിയെ കുറിച്ചും മസ്നവിയെ കുറിച്ചും വിശകലനം ചെയ്യുന്നതിന് മുമ്പ് സൂഫിസത്തെ കുറിച്ച് അറിഞ്ഞിരിക്കൽ നന്നായിരിക്കും.

**സൂഫിസം**

ഇസ്ലാം മതത്തിലെ യോഗാത്മക ആത്മീയ ധാരയാണ് സൂഫി മാർഗ്ഗം(സൂഫിസം). ഇത് അനുഷ്ഠിക്കുന്നവരെ സൂഫി എന്ന് വിളിക്കുന്നു. സൂഫിസം എന്നുണ്ടായി എന്നതിനെ കുറിച്ച് അഭിപ്രായ വിത്യാസങ്ങളുണ്ടെങ്കിലും 'കമ്പിളി ' എന്നർത്ഥമുള്ള സൂഫ് എന്ന പദത്തിൽ നിന്നാണ് 'സൂഫി' എന്ന വാക്കുണ്ടായത്. ആത്മനിയന്ത്രണ ത്തിന്റെ ചിഹ്നം എന്ന രീതിയിൽ ആദ്യകാല സൂഫികൾ ധരിച്ചിരുന്ന കമ്പിളി വസ്ത്രങ്ങളിൽ നിന്നാണ് ഈ പേര് വന്നത്. ഔലിയ, വലിയ്യ് തുടങ്ങിയവ സൂഫികളെ കുറിക്കാൻ ഉപയോഗിക്കുന്ന അറബി പദങ്ങളാണ്. സഹായി, സുഹൃത്ത് എന്നെല്ലാം ഈ വാക്കിന് അർത്ഥങ്ങളുണ്ട്.

സത്യത്തിന്റെ കണ്ണാടിയിൽ സ്വന്തം മുഖം നോക്കുന്നവനാണ് സൂഫി, ആദിയിൽ പ്രപഞ്ച സൃഷ്ടിക്ക് കാരണഭൂതമായ, നിർവചനാ തീതമായ ദൈവ സ്നേഹത്തിന്റെ ദർശനത്തിൽ സൂഫികൾ പലപ്പോ ഴും പ്രണയികൾ ആവാറുണ്ട്.

അണുവിലും അതിലും സൂക്ഷ്മമായ തരംഗങ്ങൾക്കും വ്യക്തമായ വഴി നിർണ്ണയിച്ച് സധാ വഴി നടത്തുന്നത് ആ മഹത്തായ സ്നേഹത്തിന്റെ കാരുണ്യമാണ് എന്നത് സൂഫികളെ സംബന്ധിച്ച്

അനുഭവ ജ്ഞാനമാണ്.

ഈ അനുഭവത്തിന്റെ തീക്ഷ്ണത ഒളിഞ്ഞും തെളിഞ്ഞും സൂഫീ രചനകളിലും കാണാവുന്നതാണ്.

### സൂഫിസം ഇന്ത്യയിൽ

ഇന്ത്യയിൽ ഇസ്‌ലാം പ്രചരിക്കുന്നത് സൂഫികളുടെ കടന്ന് വരവോട് കൂടിയാണ്. ജാതീയത ഗ്രസിച്ച സമൂഹത്തിൽ സൂഫികളുടെ സൗഹാർദ്ധ പൂർണ്ണമായ ഇസ്ലാമിക നിലപാട് ധാരാളം അയിത്തജാതികളെ ഇസ്‌ലാം സ്വീകരിക്കാൻ കാരണമാക്കി. മുഈനുദ്ദീൻ ചിശ്തി, നിസാമുദ്ദീൻ എന്നീ സൂഫി ഔലിയാക്കളിലൂടെ ലക്ഷക്കണക്കിന് പേർ ഇസ്‌ലാം മതം സ്വീകരിച്ചു. ബുൾബുൾ ഷാ എന്ന സൂഫി ഫഖീർ കാരണം കാശ്മീരികൾ ഭൂരിഭാഗവും ഇസ്‌ലാം സ്വീകരിച്ചു.

സൂഫി മാർഗ്ഗം ഇന്ത്യയിൽ ഏറെ പ്രചരിച്ചത് മുഗൾ ഭരണകാല ത്താണ്.

### സൂഫിസം കേരളത്തിൽ

മുഹമ്മദ് നബിയുടെ കാലത്ത് തന്നെ ഇസ്‌ലാം കേരളത്തിലെ ചില കടലോരങ്ങളിൽ പ്രചരിച്ചിരുന്നു. എന്നാൽ ഉൾനാടുകളടക്കം പൂർണ്ണമായും മലയാളക്കരയിൽ ഇസ്‌ലാം കടന്ന് ചെല്ലുന്നത് സൂഫികളുടെ വരവോട് കൂടിയാണ്.

മാലിക്ബ്നു ദീനാറെന്ന സുഫി യോഗിയും കൂട്ടരുമാണ് കേരളത്തിലാകമാനം ഇസ്ലാം പ്രചരിപ്പിക്കാൻ തുടക്കം കുറിച്ചത്. ലക്ഷദ്വീപ് അടക്കമുള്ള സമീപ സ്ഥലങ്ങളിലും സൂഫിസത്തിന് നല്ല വേരോട്ടം ലഭിച്ചു. ശൈഖ് മുഹ്യുദ്ദീൻ അടക്കമുള്ള സൂഫിയോഗി കളുടെ പേരിൽ കേരളത്തിലുടനീളം പള്ളികളും, റാത്തീബുകളും, ദർഗ്ഗകളും സ്ഥാപിക്കുവാനും അതുവഴി മത ബോധം ഊട്ടിയുറപ്പിക്കു വാനും, മത പ്രചാരണം നടത്താനും തുടർന്ന് വന്ന സൂഫികൾ പരിശ്രമിച്ചു.

കലയെ പ്രോത്സാഹിപ്പിക്കുന്ന സമീപനമായ തിനാൽ ദഫ്, അറബന, കോൽക്കളി എന്നിവയുടെ ഉപയോഗവും, പക്ഷിപ്പാട്ട്, മാല

പ്പാട്ട്, നൂൽപ്പാട്ട്, പടപ്പാട്ട്, എന്നിങ്ങനെ മാപ്പിളപ്പാട്ടുകളുടെ രൂപീകരണ വും, അറബി മലയാള എഴുത്ത് രീതിയുമൊക്കെ സൂഫികളുടെ കീഴിൽ വികാസം പ്രാപിച്ചു.

പോർച്ചുഗീസ് - ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങളും മതമൗലിക വാദികളുടെ കടന്നു വരവും കേരളത്തിൽ സൂഫിസത്തെ ദുർബല മാക്കിയെങ്കിലും, നേർച്ചകൾ, കുത്ത് റാത്തീബ്, മൗലിദ് തുടങ്ങിയ സൂഫീ ആചാരങ്ങൾ ഇന്നും പരമ്പരാഗത മുസ്ലിംകൾക്കിടയിൽ സജീവമായി നിലനിൽക്കുന്നുണ്ട്.

പൊന്നാനി സൈനുദ്ദീൻ മഖ്ദൂം, ജിഫ്രികൾ, മമ്പുറം സൈതലവി തങ്ങൾ, വെളിയങ്കോട് ഉമർ ഖാസി, കോഴിക്കോട് വലിയ ഖാസി ഖാസി മുഹമ്മദ്, ആലി മുസ്ലിയാർ, മടവൂർ ഇ.ങ അബൂബക്കർ, കണിയാപുരം അബ്ദു റസാഖ് വലിയുള്ളാഹി, കുണ്ടൂർ അബ്ദുൽ ഖാദർ മുസ്ലിയാർ എന്നിവർ കേരളത്തിലെ സൂഫി പ്രമുഖരാണ്.

### സാഹിത്യ രംഗത്തെ സൂഫീ സ്വാധീനം

ആത്മീയ ധാരയായ സൂഫി ചിന്ത, സാഹിത്യം, സംഗീതം, സാംസ്കാരിക മേഖലകളിൽ ചെലുത്തിയ സ്വാധീനം വലുതാണ്. ഇമാം ഗസ്സാലി, ഇബ്നു അറബി തുടങ്ങിയ തത്വ ചിന്തകൻമാരും, മൗലാനാ ജലാലുദ്ദീൻ റൂമി, ഹാഫിസ് ശീറാസി, ഉമർ ഖയ്യാം തുടങ്ങിയ കവികളും ഇബ്നു സീനയെ പോലുള്ള വൈദ്യ പ്രതിഭകളും ഖവാരിസ്മിയെ പോലുള്ള ശാസ്ത്രജ്ഞരും സൂഫീ പശ്ചാതലത്തിൽ ജീവിച്ചതിനാൽ ഇസ്ലാമിക ആദ്ധ്യാത്മ ദർശനം എന്നറിയപ്പെടുന്ന സൂഫിസം ലോകമൊട്ടാകെ നിഖില മേഖലകളിലായി വ്യാപിച്ചു.

ഇസ്ലാമിക സംസ്കാരത്തിലും, സാഹിത്യത്തിലും ഒരുപോലെ വലിയ തരത്തിലുള്ള സ്വാധീനങ്ങൾ സൂഫിസം ചെലുത്തീട്ടുണ്ട്. റൂമി ഗ്രന്ഥങ്ങളും, ശീറാസി കവിതകളും അത്താറിന്റെ രചനകളും അതിനുദാഹരണങ്ങളാണ്. മധ്യ പൗരസ്ത്യ ദേശങ്ങളിലെ വാസ്തു വിദ്യയിലും, കാലിഗ്രഫിയിലും സൂഫീ സ്വാധീനം കാണാൻ സാധിക്കും.

## സൂഫി സാഹിത്യം മലയാളത്തിൽ

മുഹ്‌യിദ്ദീൻ മാല, രിഫാഇ മാല, നഫീസത്ത് മാല, മമ്പുറം മാല തുടങ്ങിയ മാലപ്പാട്ടുകൾ, നൂൽപ്പാട്ടുകൾ, കപ്പപ്പാട്ട് വിരുത്തങ്ങൾ എന്നിങ്ങനെ നീളുന്ന വലിയ സാഹിത്യ ശാഖയാണ് മലയാള സൂഫീ രംഗം.

ക്രിസ്തു വർഷം 922 –ൽ തന്റെ അർത്ഥവത്തായ 'അനൽ ഹഖ്' എന്ന ശത്വഹാത്ത് മൂലം വധിക്കപ്പെട്ട പ്രശസ്ത സൂഫിയായ മൻസൂർ അൽ ഹല്ലാജിന്റെ ദിവ്യാത്മാവിനോടുള്ള പ്രണയം മനസ്സിലാക്കിയ മുഹ് യുദ്ദീൻ ശൈഖ് ഹല്ലാജിനെ അംഗീകരിക്കുന്നതായും, ബഹുമാനിക്കുന്നതായും മുഹ്യുദ്ദീൻ മാലയുടെ രചയിതാവ് ഖാസി മുഹമ്മദ് വ്യക്തമാക്കുന്നു. ഇത്തരത്തിൽ പൂർവ്വസൂരികളായ സൂഫി ശ്രേഷ്ഠരെ ബഹുമാനിക്കുന്ന പല രചനകളും കേരളത്തിൽ കാണാൻ സാധിക്കും.

മറ്റൊരു സൂഫീ രചനയാണ് ഇച്ച അബ്ദുൽ ഖാദർ എന്ന ഇച്ച മസ്താന്റെ വിരുത്തങ്ങൾ. വടക്കൻ കേരളത്തിലെ പ്രമുഖ സൂഫി വര്യനും ആദ്യാത്മിക കവിയുമായ മസ്താൻ (1871 1931) തന്റെ ജീവിത കാലത്ത് കടത്തിണ്ണകളിലും നടക്കുന്ന വഴിയോരങ്ങളിലും ചുമരുകളിലും എഴുതി വെച്ച രചനകളാണ് പിന്നീട് ഇച്ച മസ്താൻ വിരുത്തങ്ങളായി പ്രസിദ്ധമായത്.

മലയാള സാഹിത്യത്തിലെ മറ്റു പല കൃതികളിലും സൂഫീ സ്വാധീനം വ്യക്തമാണ്. ബഷീറിയൻ രചനകളിൽ അദ്ദേഹത്തിന്റെ സൂഫീ ജീവിതവും അധ്യാത്മിക വികാരവും പ്രതിഫലിച്ചതായി കാണാം. കേരളീയ സാഹിത്യ പ്രസ്ഥാനത്തിൽ ഇന്ന് കാണുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾക്കു കാരണം ബഷീറിന്റെ സൂഫീ സ്വാധീന രചനകളായിരുന്നെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

ജി. ശങ്കരക്കുറുപ്പിന്റെ മുത്തു ചിപ്പി, ഓടക്കുഴൽ തുടങ്ങിയ കൃതികളിൽ പേർഷ്യൻ സ്വാധീനം വ്യക്തമാണ്. പി. കുഞ്ഞിരാമൻ നായരുടെ കൃതികളിൽ റൂമിയുടെയും മറ്റു ഉത്തരേന്ത്യൻ സൂഫികളുടെയും ആശയങ്ങളും ഭാഷാ ശൈലിയും കാണാവുന്നതാണ്. അത് കൊണ്ട് തന്നെയാണ് വൈക്കം മുഹമ്മദ് ബഷീർ അദ്ദേഹത്തെ 'സൂഫീ നായർ' എന്ന് കളിയും, കാര്യവും ധ്വനിപ്പിച്ച് വിളിച്ചത്.

എന്നാൽ സൂഫി സാഹിത്യം നേരിടുന്ന വലിയ വെല്ലുവിളി അതിന്റെ ആധുനിക വൽക്കരണമാണ്. സൂഫിസം മതാതീതമാണെന്ന വാദം കൂടുന്നുണ്ടെങ്കിലും ചരിത്രത്തിന്റെ പിൻബലം സൂഫിസ ത്തിന്റെ അടിസ്ഥാനം ഇസ്ലാമാണെന്ന വാദത്തിന് തന്നെയാണ്.

## മൗലാനാ ജലാലുദ്ദീൻ റൂമി

ജലാലുദ്ദീൻ റൂമി പതിമൂന്നാം നൂറ്റാണ്ടിലെ പേർഷ്യൻ കവിയും സൂഫി സന്യാസിയുമായിരുന്നു. ഇന്നത്തെ അഫ്ഗാനിസ്ഥാനിലുള്ള ബാൽഖ് പ്രവിശ്യയിലാണ് അദ്ദേഹം ജനിച്ചത്. ജീവിതത്തിന്റെ ഏറിയ പങ്കും ഇന്നത്തെ തുർക്കിയിലെ ''കോന്യയിൽ' അതായത് പഴയ റോമാ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന പ്രദേശത്ത് കഴിഞ്ഞതിനാൽ റൂമി എന്ന വിശേഷണ നാമത്തിൽ അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ കവിതകളും അദ്ധ്യാപനങ്ങളും വിശ്വോത്തരവും ഒട്ടനേകം ലോക ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടവയുമാണ്.

മക്കയിലേക്കുള്ള തീർത്ഥ യാത്രക്ക് ശേഷം 1228 -ൽ അദ്ദേഹ ത്തിന്റെ കുടുംബം കോന്യയിൽ താമസമുറപ്പിച്ചു. 1238-ൽ തന്റെ പിതാവിന്റെ മരണശേഷം അലപ്പോയിലും, ദമാസ്കസിലുമായി ജലാലുദ്ദീൻ പഠനം നടത്തി, 1240-ൽ കോന്യയിൽ തിരിച്ചെത്തി. നാല് വർഷങ്ങൾക്ക് ശേഷം അദ്ദേഹം പ്രശസ്ഥനായ സൂഫി മുഹമ്മദ് ശംസ് തബ്രീസിയുടെ ശിക്ഷണത്തിലായി. 1247-ൽ തബ്രീസി കൊല ചെയ്യപ്പെട്ടു. ഇതിൽ സന്തപ്തനായ റൂമി ഭൗതിക ലോകത്തോട് വിട പറഞ്ഞ് ധ്യാനത്തിൽ മുഴുകി. ഈ ധ്യാന കാലത്താണ് അദ്ദേഹത്തിന്റെ മഹത് രചനയായ 'മസ്നവി എ മഅനവി' രചിക്കപ്പെടുന്നത്.

1273 -ൽ തന്റെ 66ാം വയസിൽ മരിക്കുകയും സ്വ പിതാവിന്റെ ഖബറിനടുത്ത് മറവ് ചെയ്യപ്പെടുകയും ചെയ്തു. ഹരിത ശവകുടീരം എന്നറിയപ്പെടുന്ന ഒരു പ്രൗഢിയാർന്ന കുടീരം അവിടെ നിലകൊള്ളുന്നു.

## മസ്നവി എ മഅനവി

റൂമിയുടെ ഏറ്റവും പ്രശസ്തമായ രചനയാണ് പേർഷ്യൻ ഭാഷ യിൽ രചിക്കപ്പെട്ട ബൃഹത്ത് കാവ്യമായ മസ്നവി - മസ്നവി എ മഅനവി എന്നാണ് മുഴുവൻ പേര്. തന്റെ ജീവിതത്തിന്റെ അവസാന

കാലഘട്ടത്തിൽ രചിച്ച അനശ്വര കൃതിയാണ് മസ്നവി. ആറു വാല്യങ്ങളിലായി 27000 (ഇരുപത്തി ഏഴായിരത്തോളം) വരികളുൾപ്പെടുന്ന ഈ കൃതി 'പേർഷ്യൻ ഖുർആൻ' എന്ന് വിശേഷിപ്പിക്കപ്പെടുന്നു. ആറു വാല്യങ്ങളിൽ ആദ്യ രണ്ട് വാല്യങ്ങൾ ബൗദ്ധികതയോട് ആഭിമുഖ്യമുള്ള മനുഷ്യന്റെ അധമ മനസ്സിനെയാണ് ചിത്രീകരിക്കുന്നത്. മൂന്നും നാലും വാല്യങ്ങളിൽ കാര്യ-കാരണ ചിന്തയും ജ്ഞാനത്തെയുമാണ് അവതരിപ്പിക്കുന്നത്. അവസാന രണ്ട് വാല്യങ്ങളിൽ പറയാൻ ശ്രമിക്കുന്നത്: മനുഷ്യൻ തന്റെ ദൈവീകമായ അവസ്ഥ അറിയണമെങ്കിൽ ബൗദ്ധികതയോടുള്ള അവന്റെ ബന്ധനങ്ങൾ വിച്ഛേദിക്കണം എന്നതാണ്. ഈ രചനയുടെ യഥാർത്ഥ അർഥങ്ങൾ ആസ്വദിക്കണമെങ്കിൽ സൂഫീ ആത്മീയ തത്വങ്ങളുടെ അടിസ്ഥാന ജ്ഞാനം ആവശ്യമാണ്.

അലാവുദ്ദീൻ അത്താറിന്റെ പക്ഷിപ്പാട്ട്, ഒമർ ഖയ്യാമിന്റെ റുബാഇയ്യാത്ത് തുടങ്ങിയ പേർഷ്യൻ കവിതകൾ മലയാളത്തിന്റെ മിസ്റ്റിക് കവി ജി. ശങ്കരക്കുറുപ്പടക്കമുള്ളവർ വിവർത്തനം ചെയ്തിട്ടുണ്ട്. മസ്നവിയിലെ കഥകളെയും ഈരടികളെയും പലപ്പോഴായി മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തീട്ടുണ്ട്.

ഈ ഭൂമിയുടെ നിറത്തിലും നാദത്തിലും കലരുമ്പോഴും തന്റെ സ്വത്വത്തെ അറിയാനുള്ള ആഗ്രഹം ഏതൊരു മനുഷ്യന്റെയുള്ളിലും ഉണ്ട്. മസ്നവിയിലെ ആദ്യ വാല്യങ്ങളിലെ കവിതകളുടെ പ്രമേയം അതാണ്.

'ശ്രോത്രം വിട്ടകന്ന് വിധൂരതയെ പുൽകിയോർ തേടി തേടിയലയുന്നു വീണ്ടും ശ്രോതസ്സിൽ ചേരുവാൻ'

ആത്മ ബോധത്തിൽ നിന്നും വേറിട്ട ഹൃദയത്തിന്റെ പ്രരോദനമാണീ വരികൾ. മുളങ്കാട്ടിൽ നിന്നും വെട്ടിമാറ്റിയ ഓടക്കുഴലിന്റെ പ്രതീകത്തിലാണ് കവി ഇത് ചിത്രീകരിക്കുന്നത്.

സൂഫിസത്തിൽ ആത്മാവിനെ അറിയാൻ വ്യക്തമായ വഴിയുണ്ട്. റൂമിയുടെ ദർശനത്തിൽ മനുഷ്യന് അവന്റെ അത്മാവിന്റെ സ്വാതന്ത്ര്യവും അനശ്വരതയും ആർജിക്കുവാനും വ്യക്തിത്വത്തിന്റെ സമ്പൂർണ്ണ വികാസത്തിനും സ്നേഹം, വിവേചന ബുദ്ധി, സത്യ ജ്ഞാനത്തിൽ അടിസ്ഥാനമായ കർമം, വൈരാഗ്യം എന്നിവ ആവശ്യമാണ്.

റൂമി പാടീട്ടുണ്ട്:
എന്നിൽ നിന്നും നിന്നിലേക്കൊരു വഴിയുണ്ട്
ഞാൻ സദാ തിരയുന്നതും അതാണ് .
അതിനായ് സ്വച്ഛന്ദവും നിശ്ചലവുമായി ഞാൻ
നിലകൊള്ളുന്നു- ജലം ചന്ദ്ര ബിംബത്തെ
ഏറ്റു വാങ്ങുവാനെന്ന പോലെ .

മസ്നവിയിലെ പല കഥകളും ഖുർആനിൽ നിന്നും, ഹദീസിൽ നിന്നും എടുത്തതും അത് പോലെ ജനങ്ങൾക്കിടയിൽ പ്രചരിച്ചിരുന്ന ചില കഥകളുമാണ്. എന്നാൽ ഒരു സൂഫിയുടെ പല ഘട്ടങ്ങളെയും അഭ്യാസങ്ങളെയും പറ്റിയുള്ള ധാരണ പ്രതീകാത്മകമായി വായനക്കാർക്ക് നൽകുകയും ചെയ്യും.

ബാഹ്യാർത്ഥത്തിൽ തേനും ആന്തരാർത്ഥത്തിൽ അമൃതുമാണ് റൂമി കവിതകൾ. കവിതയിലെ സൂഫീ രൂപങ്ങൾ എന്താണെന്ന് പരിശോധിക്കുമ്പോഴാണ് മസ്നവിയുടെ മഹത്വം നാമറിയുക.

**ശൈലി**

27000 ത്തിലധികം വരികളുള്ളതിനാൽ തന്നെ ആദ്യാവസാനം വരെ ഒരേ അവതരണ ശൈലി ഒഴിവാക്കാൻ റൂമി ശ്രദ്ധിച്ചിരിക്കുന്നു. പല ശബ്ദങ്ങളാണ് വൈവിധ്യത്തിനായി റൂമി തിരഞ്ഞെടുത്തത്. അതിൽ ചിലത് ഇവയാണ്:

1. ഗ്രന്ഥകർത്താ ശബ്ദം:- ഉപദേശ രൂപേണ ഗ്രന്ഥകാരൻ അല്ലെങ്കിൽ സൂഫി ഗുരു പറയുന്നു.
2. കാഥിക ശബ്ദം:- ഇടക്കിടെ കഥകളും ചെറു വിവരണങ്ങളും കടന്നുവരുന്നു. ഒരു കഥ പറച്ചിലിന്റെ രൂപത്തിലേക്ക് പെട്ടെന്ന് ഒഴുക്ക് മാറുന്നു.
3. ഉപമാ ശബ്ദം:- ഉപമകളിലൂടെ കാര്യങ്ങൾ വിവരിക്കുന്ന രീതി പലപ്പോഴും റൂമി സ്വീകരിക്കുന്നു.
4. സംഭാഷണ രീതി:- കഥാപാത്രങ്ങളെക്കൊണ്ട് സംസാരിപ്പിച്ച് ആശയങ്ങൾ അവതരിപ്പിക്കുന്നു.
5. ധർമ്മോപദേശം:- ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും

പാഠങ്ങൾ ഉദ്ധരിക്കുന്ന രീതി.

6. ചോദ്യ ശൈലി:- പലപ്പോഴും ചോദ്യം ചോദിച്ച് കൊണ്ട് ഉത്തരം വായനക്കാർക്ക് കണ്ടെത്താൻ വിടുന്ന രീതി. ഉത്തരം ഞാൻ പറയുന്നില്ല, അത് ഉൾക്കൊള്ളാൻ നിങ്ങൾക്ക് ആയിട്ടില്ല എന്നാണ് പലപ്പോഴും കവി സൂചിപ്പിക്കുന്നത്.

# യക്ഷി: പുരുഷ കാമനയുടെ ഭ്രമ സന്ദേഹങ്ങൾ

ശാലിനി പി

ശാസ്ത്രത്തിന്റെ നിർവചനങ്ങൾക്ക് അതീതമായി ഇന്നും തുടരുന്ന മനുഷ്യന്റെ വിചിത്രമായ മനോവ്യാപാരങ്ങൾ കൃത്യമായി അടയാളപ്പെടുത്തുന്ന നോവലാണ് യക്ഷി. ഒരു ഡസനിലേറെ നോവലുകളും ഇരുന്നൂറിൽപ്പരം ചെറുകഥകളും മലയാളത്തിനു സമ്മാനിച്ച മലയാറ്റൂർ രാമകൃഷ്ണന്റെ സൈക്കോളജിക്കൽ ത്രില്ലർ ആണിത്. 1967 ൽ പ്രസിദ്ധീകരിച്ച ഈ നോവൽ തമിഴ് ,ഹിന്ദി ,ഇംഗ്ലീഷ് ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 1967ൽ കെ എസ് സേതുമാധവൻ 'യക്ഷി' എന്ന പേരിലും 2011 ൽ ശാലിനി ഉഷ നായർ 'അകം' എന്ന പേരിലും ചലച്ചിത്രമാക്കുകയുണ്ടായി. നൂറ്റി എഴുപത്തിയഞ്ച് പേജുകളിൽ, ഒറ്റയിരുപ്പിന് വായിച്ചു തീർക്കാൻ കഴിയുന്ന നോവൽ എന്ന് യക്ഷിയെ നിസ്സംശയം വിശേഷിപ്പിക്കാം. നോവലിന് മലയാറ്റൂർ ആദ്യം നിശ്ചയിച്ച പേര് 'മുഖം' എന്നായിരുന്നു. പിന്നീട് വയലാർ രാമവർമ്മയുടെ നിർദ്ദേശപ്രകാരം 'യക്ഷി' എന്നാക്കി മാറ്റുകയായിരുന്നു. മനുഷ്യ മനസ്സിന്റെ താളവും, താളം തെറ്റലുകളും, വിഷാദവും, സങ്കീർണതകളും ചിലപ്പോഴെങ്കിലും ഉൾക്കൊള്ളാൻ തയ്യാറാകാതെ പോകുന്ന ഏതൊരിടത്തിലും 'യക്ഷി' അതിന്റെ മുഴുവൻ പ്രാധാന്യത്തോടെ വായിക്കപ്പെടേണ്ടതുണ്ട്.

സുമുഖനായ കെമിസ്ട്രി പ്രൊഫസർ ശ്രീനിവാസന്റെ കഥയാണ് യക്ഷി. തികച്ചും ആകസ്മികമായി കോളേജിലെ ലാബിൽ വച്ചുണ്ടാകുന്ന ഒരു അപകടത്തിൽ ശ്രീനിവാസന് തന്റെ മുഖത്തിന്റെ ഒരു ഭാഗം പൂർണ്ണമായും നഷ്ടപ്പെടുന്നു. ഈ അപകടം മുതൽ ശ്രീനിവാസൻ ഭ്രാന്താശുപത്രിയിൽ എത്തുന്നതുവരെ അദ്ദേഹത്തിന്റെ ജീവിതത്തിൽ/മനസ്സിൽ നടക്കുന്ന വിചിത്രമായ ചിന്തകളോ സംഭവങ്ങളോ ആണ് നോവൽ പങ്കുവയ്ക്കുന്നത്. ആശുപത്രിയിൽ വച്ച് ശ്രീനിവാസന്റെ മുഖത്തെ ബാൻഡേജ് അഴിച്ചു മാറ്റുമ്പോഴൊക്കെ ഡോക്ടർ അദ്ദേഹത്തിന്റെ മുഖത്തെ കണ്ണട ഊരി മാറ്റുന്നത് മുതൽ

തന്റെ മുഖത്തിന്റെ വൈരൂപ്യം വലിയൊരു ഞെട്ടലായി ശ്രീനിവാസൻ തിരിച്ചറിയുന്നു. അത്രകാലം തികച്ചും ഊർജ്ജസ്വലനായ, കഴിവുള്ള , സുമുഖനായ കെമിസ്ട്രി പ്രൊഫസറായിരുന്ന ശ്രീനിവാസൻ പിന്നീടങ്ങോട്ട് എല്ലാ ഇടങ്ങളിൽ നിന്നും ഉൾവലിഞ്ഞ് തന്നിലേക്ക് മാത്രമായി ഒതുങ്ങിക്കൂടുന്നു. തന്റെ കാമുകിയായിരുന്ന വിജയലക്ഷ്മിയുടെ ഭാഗത്തുനിന്നുള്ള ക്രൂരമായ അവഗണന അയാളെ കടുത്ത അപകർഷതാ ബോധത്തിലേക്ക് തള്ളിയിടുന്നു. ഒപ്പം അച്ചടക്കത്തിന്റെ പേരിൽ താൻ ഒരിക്കൽ ശാസിച്ച വനജയുടെ പരിഹാസവും അതിന്റെ ആഴം കൂട്ടുന്നു. തന്റെ ജീവിതത്തിലേക്ക് ഇനിയൊരിക്കലും ഒരു പെൺകുട്ടി പോലും കടന്നു വരില്ല എന്ന തോന്നൽ ശ്രീനിവാസനെ ഒരു ലൈംഗികത്തൊഴിലാളിയുടെ വീട്ടിൽ എത്തിക്കുന്നു. എന്നാൽ അവിടെ വച്ച് അയാൾക്ക് ഉണ്ടാകുന്ന അനുഭവം അദ്ദേഹത്തിന്റെ മനോനിലയെ വീണ്ടും മോശമാക്കുന്നു. അയാളുടെ മുഖത്തിന്റെ വൈരൂപ്യത്തേക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് അവിടെ വച്ചും അയാൾക്ക് നേരിടേണ്ടിവരുന്നത്. അറപ്പോടും ഭയത്തോടും കൂടിയാണ് അവിടെ പോലും അയാൾ സ്വീകരിക്കപ്പെടുന്നത്. എല്ലാത്തിൽ നിന്നുമുള്ള രക്ഷ എന്നോണം അയാൾ യക്ഷികളെക്കുറിച്ചും, മന്ത്രവാദത്തെക്കുറിച്ചും ഗവേഷണം ആരംഭിക്കുന്നു. ദയനീയം എന്ന് പറയട്ടെ, തന്റെ പഠന വിഷയത്തെ ശാസ്ത്രീയമായി സമീപിക്കാൻ ശ്രീനിവാസന് സാധിക്കുന്നില്ല.

തന്റെ ജീവിതത്തിലേക്ക് അവിചാരിതമായി കടന്നുവരുന്ന രാഗിണി എന്ന അതിസുന്ദരിയായ പെൺകുട്ടിയെ തന്റെ ഗവേഷണത്തിൽ നിന്നും ഉരുത്തിരിഞ്ഞ സകല ചേരുവകളും ചേർത്ത് അയാൾ യക്ഷിയായി സങ്കൽപ്പിക്കുന്നു. തുടർന്നുണ്ടായ ഓരോ സംഭവങ്ങളെയും അയാൾ ഇത്തരം വിചിത്രമായ ചിന്തകളിൽ കൊരുത്തിടുന്നു. തന്റെ വീടിന് സമീപം നിന്നിരുന്ന, അന്നേവരെ പൂക്കാത്ത പാല പൂക്കും എന്ന് രാഗിണി പറഞ്ഞ ദിവസം തന്നെ അത് പൂക്കുന്നു. അതുമുതൽ അയൽക്കാരനായ അനന്തന്റെ വീട്ടിലെ നായ ചത്തതും, അനന്തന്റെ ഭാര്യയായ കല്യാണിയമ്മയുടെ ഗർഭം അലസി പോകുന്നതും ഉൾപ്പെടെ എല്ലാ സംഭവങ്ങളും അയാൾ രാഗിണി എന്ന യക്ഷിയുമായി ബന്ധപ്പെടുത്തുന്നു. രാഗിണിയെ യക്ഷി അമ്പലത്തിനടുത്ത് വെച്ചാണ് കണ്ടുമുട്ടിയത് എന്ന് ആവർത്തിച്ച് പറയുന്ന ശ്രീനിവാസൻ മുൻപൊരിക്കൽ കൊട്ടാരക്കരയിൽ

വെച്ച് അവളെ കണ്ടതായോ, താൻ അവളോട് വഴി ചോദിച്ചതായോ, എന്തിന് അങ്ങനെയൊരു യാത്ര നടത്തിയതിനെ പറ്റിയോ പോലും ഓർമ്മയില്ല. തന്റെ കോളേജിൽ വളരെ കുറച്ചുകാലം രാഗിണി പഠിച്ചി രുന്നു എന്നും , അങ്ങനെയാണ് രാഗിണിക്ക് തന്റെ പേരും, വിവര ങ്ങളും അറിയുന്നത് എന്നുമൊന്നും വിശ്വസിക്കാൻ ശ്രീനി വാസൻ കൂട്ടാക്കുന്നില്ല. രാഗിണി തന്റെ ചോര കുടിക്കാൻ വന്ന യക്ഷി ആണെ ന്നും, അവളുമായി ശരീരം പങ്കുവെച്ചാൽ തന്റെ മരണം സംഭവിച്ചേ ക്കാം എന്നുമൊക്കെയുള്ള വാദങ്ങളാണ് രതിയിൽ ഏർപ്പെടാൻ കഴി യാതെ അശക്തനായിത്തീരുന്നതിനു ശ്രീനിവാസൻ നിരത്തുന്നത്. രാഗിണിക്ക് പരമ്പരാഗതമായി കൈമാറിക്കിട്ടിയ ആഭ രണങ്ങളുടെ കാലപ്പഴക്കം അയാളുടെ സംശയങ്ങൾ ബലപ്പെടു ത്തുന്നു. ഒരിക്കൽ പോലും രാഗിണിയുമായി ശാരീരികബന്ധം പൂർത്തിയാക്കാൻ കഴി യാതെ ശ്രീനിവാസൻ നിസ്സഹായനാകുന്നു. തന്റെ മുഖം കണ്ടാണ് അനന്തന്റെ വളർത്തുനായ ഭയക്കുന്നതെന്ന്, അല്ലെങ്കിൽ മുൻപില്ലാത്ത അപരിചിതത്വം കാണിക്കുന്നതെന്ന് അയാ ൾ ഒരിക്കലും തിരിച്ചറി യുന്നില്ല. എല്ലാം രാഗിണി എന്ന യക്ഷിയെ കണ്ടിട്ടാണ് എന്നാണ് ശ്രീനിവാസൻ പറഞ്ഞുവെക്കുന്നത്.

നിവൃത്തിയില്ലാത്ത ഒരു ഘട്ടത്തിൽ, ശ്രീനിവാസന്റെ പ്രവൃത്തി കളിലും വിചിത്രമായ ചിന്തകളിലും മനംനൊന്ത് അയാളുടെ യഥാർ ത്ഥ പ്രശ്നം ലൈംഗികബന്ധത്തിൽ ഏർപ്പെടുമ്പോൾ ഉള്ള പരാജയ മാണെന്ന് രാഗിണിക്ക് തുറന്നു പറയേണ്ടി വരുന്നു. ക്ഷുഭിതനായ ശ്രീനിവാസൻ രാഗിണിയെ ക്രൂരമായി മർദ്ദിക്കുന്നു. തുടർന്ന് യക്ഷി യെ നശിപ്പിക്കാൻ ഉറുമ്പുകളെ ഹോമിക്കുകയും, രാഗിണിയുടെ തല യിൽ ആണിയടിച്ചു കയറ്റാൻ തുടങ്ങുകയും ചെയ്യുന്നു. ഒടുവിൽ അയാൾ അവളെ ഇല്ലാതാക്കുന്നു. അപ്പോൾ പോലും അവൾ മരിച്ചു എന്നല്ല, മറിച്ച് പുകച്ചുരുളുകളായി ആകാശത്തേക്ക് ഉയർന്നു എന്നു മാണ് അയാൾ സങ്കൽപ്പിക്കുന്നത് . എന്തിനാണ് തന്നെ തിരഞ്ഞ് ആശുപത്രിയിൽ പോലീസുകാർ വരുന്നതെന്ന് അയാൾക്കു മനസ്സിലാ കുന്നില്ല . തനിക്ക് ചുറ്റും സ്വയം തീർത്ത കെട്ടുകഥകളുടെയും സങ്കല്പ ങ്ങളെയും ലോകത്ത് അയാൾ ഒരു തടവുകാരൻ ആയിരിക്കെ നോവ ൽ അവസാനിക്കുന്നു . ശ്രീനിവാസന്റെ വിചിത്രമായ ചിന്തകൾക്കൊ പ്പം നിഷ്കളങ്കമായി, തീർത്തും നിസ്സഹായരായി വായനക്കാരും സഞ്ചരിക്കുന്നു.

# OTHELLO THE TRAGEDY OF DUBIETY

Akhila G M

Shakespeare's Othello is based on a novella in Giraldi Cinthio's Gli Hecatommithi , a collection of tales published in 1565. Iago , a Venetian soldier and ensign , rages with anger for Othello promoting Cassio instead of him.He plots almost all characters against Othello and also trick Othello to suspect his wife of adultery. His suspicion and jealousy ends with the death of many innocent people , arousing pity and fear.

Othello is treated as a play of love, racial prejudice, manipulation ,gender and so forth ,but the theme of jealousy is of paramount importance. Every tragedy has a change in fortune, a change from good to bad. In Othello fascination which dominates the early acts of the play turns horror. The play portrays different types of love , Desdemona's love for Othello , Othello's love for Desdemona , Roderigo's love for Desdemona , Iago's love for money and Emilia's love for Desdemona . Only Desdemona's love for Othello is the true love for love is not love which alters when it alteration finds.

Jealousy is the tragic flaw of Othello and that which rules most of the characters. Lending his ears to the envenomed words Iago Othello paves way to his own tragic end. None of the characters except Emilia realises the jealousy of her husband that causes the death of many.

Shakespeare's plays are the cross sections of Elizabethan England. The plight of women in a male dominated society is clearly depicted in Othello . Desdemona is a strong

character but she struggles to prove her innocence. Of all the three female characters Emilia is the strongest one. In the beginning she silently obeys her husband's orders but the moment she realises Iago's evil motive , she accuses Iago of villainy. All the three female characters Desdemona, Emilia and Bianca loves their mates unconditionally .

Racism seems to be a big concern in the play.Characters like Brabantio , Iago uses offensive terms like 'old black ram' , devil , barbary horse , gennet while speaking about Othello.The way Brabantio accusses Othello for marrying his daughter reveals the attitude of English men towards the black. The play is not a racist work since Shakespeare's hero is inwardly innocent and loving.Eventhough Othello fulfills his duty as General , he not considered suitable to marry a Venetian girl just because he is black.There are many instance in play where Othello is described as someone who is to be feared of , because of his physical appearance.

Brabantio says:

"To fall in love with what she feared to look on

It's judgement maim'd and most imperfect "

Othello lived and died not just in the theatres of Elizabethan England he is still alive in the inner self if every man.Shakespeare and his characters are not of an age but of all times.

# കരുണ - ഉന്മാദിയിൽ നിന്നും പരിത്യാഗിയിലേക്ക്

വിനോദ് തോമസ്

ഉൽക്കടമായ വികാരവിക്ഷോഭങ്ങളുടെ പ്രകടിത സ്ഥലികളാണ് ആശാൻ കവിതകൾ. രൂപശില്പത്തിലും പ്രതിപാദ്യവിഷയ വൈവിധ്യത്തിലും അന്തർധാരയായി വർത്തിക്കുന്നതും ഇതുതന്നെയാണ്.1873 മുതൽ 1924 വരെയാണ് കുമാരനാശാന്റെ ജീവിതകാലം. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽത്തന്നെ കുമാരനാശാൻ വീണപൂവ് എന്ന ആദ്യ കാവ്യവുമായി രംഗപ്രവേശം ചെയ്തപ്പോൾ അനുവാചക പക്ഷത്ത് പുതിയൊരു കാല്പനിക ഭാവുകത്വ പരിസരം രൂപപ്പെടുകയാണുണ്ടായത്. ആ കാല്പനികതയുടെ വസന്തത്തിൽ സ്നേഹത്തിന്റെ സൗന്ദര്യവും ശക്തിയും അതിന് സ്വാതന്ത്ര്യവുമായുള്ള അഭേദത്വവും എന്നും പരിലസിച്ചു. സ്നേഹം എന്ന വികാരത്തിന്റെ അടിയൊഴുക്ക് വീണപൂവ് മുതൽ കരുണവരെയുള്ള കൃതികളിൽ കാണാം. സ്നേഹഗായകൻ എന്ന അർത്ഥപൂർണ്ണമായ വിശേഷണത്തിന് അർഹനാണ് അദ്ദേഹം.

നിഷ്കാമമായ അനുരാഗത്തിന്റെ അതീന്ദ്രിയമായ അനുഭൂതിവിശേഷമാണ് കരുണ (ഖണ്ഡകാവ്യം) കരുതി വെക്കുന്നത്. ആരോടാണ് എന്തിനോടാണ് കരുണ കാണിക്കേണ്ടത്? എന്ന ചിന്ത ഇവിടെ പ്രസക്തമാണ്. കാമബന്ധുരമായ ശരീരത്തോടോ, ഭാവബന്ധുമായ മനസ്സിനോടോ? പ്രണയാതുരയായ വാസവദത്ത എന്ന സങ്കല്പനത്തെ ഉദാത്തീകൃതമാക്കുന്ന അനുഭൂതി വിശേഷം സൃഷ്ടിക്കുന്ന ഭാവ മണ്ഡലമാണ് ആശാന്റെ കരുണയിൽ.

പ്രണയം കൊണ്ട് ജീവിതത്തെ ദാർശനിക തലത്തിലേക്ക് ഉയർത്തുകയാണ് വാസവദത്ത. പുരുഷനോട്ടത്തിൽ സ്ത്രീ ശരീരം ഒരു ഭോജ്യ വസ്തുവാണ്. ഭാര്യയെന്നോ കാമുകിയെന്നോ വേശ്യയെന്നോ വേർതിരിവില്ലാതെ വിവിധ ബന്ധങ്ങളോടെ ആസ്വദിക്കാൻ പറ്റിയ വസ്തു. ആ ശരീരം വികൃതമാക്കപ്പെടുന്ന അവസ്ഥയിലാണ് കരുണയുടെ കാതൽ.ഉന്മാദിയായ മനുഷ്യമനസ്സ് സർവ്വാംഗ

പരിത്യാഗിയായി മാറുന്ന അവസ്ഥാ വിശേഷം. യാഥാർത്ഥ്യത്തിന്റെയും സങ്കൽപത്തിന്റെയും ഇടയ്ക്ക് നിൽക്കുന്ന ഒരു ശില്പക്രമമാണ് ആശാൻ സ്വീകരിച്ചിരിക്കുന്നത്.

ഉത്തര മഥുരയിലെ വാസവദത്ത എന്ന വാരനാരിയുടെ കഥയാണ് കരുണ. വിത്തപ്രതാപം പുലർത്തുന്ന ഏതു പുരുഷനെയും അവൾ സ്വീകരിച്ചു. ആരെയും അവൾ സ്നേഹിച്ചിരുന്നില്ല എന്നതാണ് വാസ്തവം. എന്തുകൊണ്ട് എന്ന ചോദ്യത്തിന് സദാചാരം എന്ന് ഉത്തരം .എന്നാൽ ക്ഷണിച്ചിട്ടും സമയമായില്ല എന്ന് പറഞ്ഞു നിന്ന ഉപഗുപ്തന്റെ നേർക്ക് മാത്രം സദാചാരവിരുദ്ധമായി സ്നേഹം എന്ന വികാരം ഉണർന്നുവന്നു. അഭിലാഷം വിഫലമായപ്പോൾ ആ വികാരം വാസവദത്തയുടെ ഉള്ളിൽ ഘനീഭവിച്ചു കിടന്നു. ഏതാനും മാസങ്ങൾ കഴിഞ്ഞ് അവിടുത്തെ തൊഴിലാളി പ്രമാണി അവളെ സ്വാധീനത്തിലാക്കി. ഇതിനിടയിൽ വിദേശീയനായ ഒരു വർത്തകൻ മഥുരയിൽ എത്തുകയും അയാളുടെ ധന സമൃദ്ധിയിൽ വാസവദത്ത ആകൃഷ്ടയായി പുതിയ ബന്ധം സ്ഥാപിക്കുകയും ആദ്യ കാമുകനെ സൂത്രത്തിൽ  കൊന്ന് ശരീരം ചാണകക്കുഴിയിൽ കുഴിച്ചുമൂടുകയുമാണ് അവൾ ചെയ്തത്. തൊഴിലാളിനേതാവിനെ കാണാതായപ്പോൾ സ്വാഭാവികമായ അന്വേഷണം നടക്കുകയും ഒടുക്കം പ്രേതം കണ്ടു കിട്ടുകയും ചെയ്തു. വിസ്താരത്തിൽ വാസവദത്ത കുറ്റക്കാരിയാണെന്ന് കണ്ടെത്തുകയും കരചരണാധികൾ മുറിച്ച് വാസവദത്തയെ ചുടുകാട്ടിൽ തള്ളാൻ ന്യായാധിപൻ വിധിക്കുകയും ചെയ്തു. വിധി നടപ്പിലാക്കപ്പെട്ട അവസരത്തിൽ ഉപഗുപ്തൻ വാസവദത്തയെ ചെന്ന് കാണാൻ തീർച്ചപ്പെടുത്തി. കാണുന്ന സമയം വിച്ഛേദിക്കപ്പെട്ട തന്റെ ശരീരം അവൾ മറക്കുകയാണ്. കാമനകളുടെ എരിഞ്ഞടങ്ങലുകളിലേക്ക് പോകാൻ തനിക്ക്  ആവുന്നില്ല എന്ന പ്രഖ്യാപനമാണിത്. പ്രണയം, ലൈംഗികത ശരീരം ഇവയിലെ കാമനകളുടെ നിത്യനൈമിത്തിക ചോദനകളെ ആശാൻ ഒരിക്കലും മൂടിവെക്കുന്നില്ല. മുമ്പ് ആ ശരീരം താമരപ്പൂ പോലെ സുരഭിലമായിരുന്നു ഇന്നാകട്ടെ വിധി അവളെ അഴുക്കിലും ചോരയിലും പൂഴ്ത്തിയിട്ടിരിക്കുകയാണ്.

സന്ദേഹിയായ മനുഷ്യൻറെ മുൻപിൽ ലൗകിക നഷ്ടത്തെ നിസ്സാരവൽക്കരിച്ച് ഉൽകൃഷ്ടതരമായ സൗഭാഗ്യത്തെ അവതരിപ്പിക്കുന്ന ഉപഗുപ്തനെയാണ് പിന്നീട് കാണുന്നത്. ശരീരസൗന്ദര്യം വിശ്വസനീയമല്ല എന്നും അത് വിട്ടുപിരിയാൻ കഴിയാത്ത വിധത്തി

ലുള്ള പല പ്രലോഭനങ്ങളിലേക്കും വേഗത്തിൽ വഴി കാണിക്കുമെന്നും എന്നാൽ അനശ്വരമായ വേറൊരു സൗന്ദര്യമുണ്ടെന്നും അദ്ദേഹം വാസവദത്തയെ ഉപദേശിക്കുന്നു. വാസവദത്ത ആദ്ധ്യാത്മികമായ ഒരു അനുഭൂതി വിശേഷത്തിലേക്ക് വളർന്ന് ഭക്തിപൂർവ്വം മരണം വരിക്കുകയാണ്.

വാസവദത്തയുടെ ഈ അവസ്ഥയ്ക്കു മുന്നേ ഉപഗുപ്തന് കരുണ കാണിക്കാമായിരുന്നു എന്ന വിമർശനമുണ്ട്. സമയമായില്ല എന്ന ന്യായം അതിദാരുണവും ബീഭത്സവുമായ കാഴ്ചകളിലേക്ക് കാവ്യത്തെ നയിക്കുന്നു. അതിനു തക്ക സമാധാനവും കവി കരുതിവെക്കുന്നുണ്ട്. തീവ്രവേദന കൊണ്ട് നീറി ആർദ്രമായ ഒരു മനോമണ്ഡലം ഉണ്ടാക്കിയെടുത്ത് ഉപദേശത്തിന് അനുകൂലമായ ഇടം ഒരുക്കുകയാണ് ചെയ്തത്. ഭോഗങ്ങളുടെ അസ്ഥിരതയിലേക്കും അന്തസ്സാരശൂന്യത യിലേക്കും വാസവദത്തയെ നയിക്കുകയാണ് ആശാൻ.

ഡോ.പോൾ കാരസിന്റെ The Gospel of Buddha എന്ന കൃതി യിൽ നിന്നാണ് ആശാൻ കരുണയുടെ വിഷയം കണ്ടെടുക്കുന്നത്. മനുഷ്യജീവിതത്തിന്റെ മൗലികതത്ത്വങ്ങൾ പ്രപഞ്ചനം ചെയ്യുവാൻ ഒരു വേശ്യയുടെ കഥ ഫലപ്രദമായി ഉപയോഗിച്ചു എന്നതാണ് ആശാന്റെ മഹിമ. കഞ്ജബാണന്റെ പട്ടം കെട്ടിയ മതിമോഹിനിയാ യിരുന്നു അവൾ.കുലത്തൊഴിൽ വർത്തിക്കുന്നവൾ. ചുറ്റും അഭിമത മറിഞ്ഞ് പ്രവർത്തിക്കുന്ന തോഴിമാർ. കുല നയമനുസരിച്ചായാലും സ്വമേധയാ ആയാലും വിശപ്പടക്കാൻ വേണ്ടിയായാലും ഒരു അഭിസാരിക പുരുഷനെ സ്വീകരിക്കുന്നതും നിരാകരിക്കുന്നതും ധന സ്ഥിതി നോക്കിയിട്ടാണ്. അത്തരം ഒരു ഹൃദയത്തിൽ അനുരാഗം അങ്കുരിക്കുന്നു.അതു വേശ്യാംഗനയുടെ തുടിക്കുന്ന സ്വഭാവത്തിന് നിരക്കുന്നതല്ല. എങ്കിലും അതും സാധ്യമാക്കുകയാണ് വാസവദത്ത യിലൂടെ ആശാൻ.

സാഹചര്യങ്ങളുടെയും അനുഭവങ്ങളുടെയും പ്രേരണയും സമ്മർദ്ദവുമില്ലാതെ ആർക്കും സ്വഭാവത്തിൽ മാറ്റം വരുത്താനാ വില്ല.'വിശസനം സുഖികളെ വിജ്ഞരാക്കുന്നു' ബ എന്ന മനുഷ്യ സ്വഭാവതത്ത്വം ഒരു കാവ്യത്തിൽ കവി സ്ഥാപിച്ചിരിക്കു ന്നു. വേശ്യയായിരിക്കുന്നത് കുറ്റമല്ല എന്നാൽ അവൾ ചെയ്ത

പാതകം ശിക്ഷാർഹമാണ്. ഏൽക്കേണ്ടി വരുന്ന ശിക്ഷയോ അതി കഠിനവും. കാവ്യാരംഭത്തിലും അവസാനത്തിലും നാം കാണുന്ന വാസവദത്ത ഉൾപരിവർത്തനത്തിലൂടെ തന്റെ ശരീരത്തെയും ആത്മാവിനേയും ഒന്നാക്കിച്ചേർക്കുകയാണ്.

ആശാൻ കവിതകളുടെ അന്തർധാര സ്നേഹമാണെന്ന് കരുണ യും സ്ഥാപിക്കുന്നുണ്ട്. പതിതകാരുണികനായ ഉപഗുപ്തന് വാസവദത്തയോട് നിഷ്കാമമായ സ്നേഹമാണ്. ആ സ്നേഹം ഏറ്റവുമധികം ആശ്വാസവും മനസ്സമാധാനവും നൽക്കുന്നതാക്കി കവി. അകൃത്രിമമായ പ്രണയം കൊണ്ടും സ്ഥായിയായ വാത്സല്യം കൊണ്ടും അവൾ സ്നേഹത്തിനർഹയാണ്. ജീവിത തത്ത്വബോധം വിളംബരം ചെയ്യുന്ന ലോകോക്തികൾ സന്ദർഭാനുസരണം കവി ഇതിൽ എഴുതിച്ചേർക്കുന്നുണ്ട്. പാമര ജനങ്ങൾക്കു പോലും ആസ്വദി ക്കാവുന്ന പല ദൃശ്യകലാ മാധ്യമങ്ങളിലേക്ക് കരുണ അനുകല്പനം ചെയ്യപ്പെട്ടിട്ടുണ്ട്. കാവ്യാലങ്കാര ചാതുരിയും ഭാവോജ്ജ്വലമായ രചനാ ശൈലിയും കരുണയുടെ കരുത്താണ്.

മലയാള കാവ്യാന്തരീക്ഷത്തിൽ ആശാൻ കവിതകളുടെ അടി സ്ഥാനം സ്നേഹമെന്ന വികാരമാണ്. നളിനി മുതൽ വാസവദത്ത വരെ ജീവിതത്തിന്റെ ആത്യന്തികമായ സാരം സ്നേഹമാണെന്ന് ജീവിച്ചു തെളിയിക്കുന്നുണ്ട്.

# 'അക്കർമാശി': തിളങ്ങുന്ന ഇന്ത്യയിലെ അർദ്ധ ജാതിക്കാരന്റെ നിലവിളികൾ

വിജയലക്ഷ്മി.കെ എസ്

1956 ജൂണിൽ ജനിച്ച ശരൺകുമാർ ലിംബാളെയുടെ ആത്മകഥ ആഖ്യാനമാണ് അക്കർമശി. ലിംഗായത്ത് സമുദായക്കാരനായ ഹനുമന്ത ലിംബാളെയുടെയും മഹാർ ജാതിക്കാരിയായ മാസമായിയുടെയും മകനായാണ് ശരൺകുമാർ ജനിച്ചത്. ഇംഗ്ലീഷിൽ ബിരുദവും മറാത്തിയിൽ ബിരുദാനന്തര ബിരുദവും ഗവേഷണ ബിരുദവും ലഭിച്ചിട്ടുണ്ട്.മഹാരാഷ്ട്രയിലെ നാസിക് ആസ്ഥാനമായുള്ള യസ്വന്ത് ജവാൻ ഓപ്പൺ യൂണിവേഴ്സിറ്റി പൂനെ ഡിവിഷൻ ഡയറക്ടറാണ് അദ്ദേഹം. ഭാര്യ കുസുമം. മറാത്തയിലെ ദളിത് ക്ലാസ്സിക്കുകളിൽ ഒന്നായാണ് ഈ കൃതി അറിയപ്പെടുന്നത്. അക്കർമാശി ഉൾപ്പെടെ നാൽപ്പതോളം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അക്കർമാശി ഫ്രഞ്ച് ഇംഗ്ലീഷ് ഉൾപ്പെടെ പല ഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്. മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് പ്രശസ്ത വിവർത്തകനായ ശ്രീ കാളിയത്ത് ദാമോദരൻ ആണ്. അദ്ദേഹത്തിന് 2006-ലെ കേരള സാഹിത്യ അക്കാദമിയുടെ വിവർത്തന സാഹിത്യത്തിനുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്.

അതി പ്രാചീനകാലം മുതൽ തന്നെ ഇന്ത്യയിൽ നിലനിന്നിരുന്ന ഒരു സമ്പ്രദായമാണ് ജാതിയത അല്ലെങ്കിൽ ചാതുർവർണ്ണ്യം. ഇന്ത്യയിലെ ദളിതർ ഹിന്ദു മതത്തിന്റെ ഭാഗമാവുകയും യാതൊരു വിധ അവകാശങ്ങളോ പരിഗണനകളോ ലഭിക്കാതിരുന്നവരുമാണ്. ദളിതരുടെ അവസ്ഥകൾ ഒരുപരിധിവരെ പുറത്തേക്ക് കൊണ്ടുവന്നത് ഡോക്ടർ അംബേദ്കറുടെ നേതൃത്വത്തിൽ ആയിരുന്നു. അദ്ദേഹം ദൈവിക സിദ്ധാന്തങ്ങളെയും അനാചാരങ്ങളെയും എതിർത്തുകൊണ്ട് മുന്നോട്ടുവരികയും അതിന്റെ ഭാഗമായി ദളിതർ ഒത്തുചേരുകയും ദളിത് പ്രസ്ഥാനം രൂപപ്പെടുകയും ചെയ്തു. കേരളത്തിലും ഇത്തരത്തിൽ ജാതീയത നിലനിന്നിരുന്നു. അതിശക്തമായി തന്നെ.അത്

ഒരു പരിധി വരെ നിയന്ത്രിച്ചിരുന്നത് നവോത്ഥാന നായകന്മാരുടെ പ്രവർത്തനങ്ങൾ കൊണ്ടാണ്.കേരളത്തിലെ വില്ലുവണ്ടി സമരം, ഗുരുവായൂർ സത്യാഗ്രഹം, കല്ലുമാല സമരം,മാറുമറയ്ക്കൽ സമരം, ഇതൊക്കെ കേരളത്തിലെ ജാതീയതയ്ക്കെതിരെ നടന്ന സമരങ്ങൾ ആണ്. ഇത് ഒരു മുന്നേറ്റമായിരുന്നു. ഒരു പുത്തനുണർവ്. മുന്നേറ്റത്തിലൂടെ ഒരുപരിധിവരെ ജാതിയെ തുടച്ചുമാറ്റാൻ കേരളത്തിന് സാധിച്ചിട്ടുണ്ടെന്നും മറ്റു ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുടെ അവസ്ഥ വളരെ പരിതാപകരമാണ്. തൊട്ടടുത്ത സംസ്ഥാനമായ കർണാടകയിൽ മടയ സ്നാന എന്ന പേരിൽ ബ്രാഹ്മണരുടെ എച്ചിലിലയിൽ കിടന്നുരുളുന്ന ദളിതരുടെ ചിത്രം ഇന്നും നിലനിൽക്കുന്നതാണ്. ഇങ്ങനെ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിത്യ ജീവിതത്തിൽ ദളിതർ അനുഭവിക്കുന്ന ഒരുപാട് യഥാർത്ഥ സംഭവങ്ങൾ,യാതനകൾ, മാധ്യമങ്ങളിലൂടെ ലോകം കാണുന്നുണ്ട്.അതിനെതിരെയുള്ള പ്രക്ഷോഭങ്ങളും നടക്കുന്നുണ്ട്.അയിത്തവും തൊട്ടുകൂടായ്മയും നിയമം മൂലം നിരോധിച്ച ഒരു ഭരണഘടനയുള്ള ഒരു രാജ്യമാണ് ഭാരതം. വർണ്ണത്തിന്റെ പേരിൽ ദളിതർ അനുഭവിക്കുന്ന യാതനകളുടെ ചിത്രമാണ് അക്കർമാശി.

25 വയസ്സുവരെ ശരൺകുമാർ ലിംബാളെ അനുഭവിച്ച ദുരിത കഥയാണ് അക്കർമാശി. തന്റെ ജീവിതം ഒരു മഹാമാരി പോലെ മറച്ചു വെക്കേണ്ട ഒന്നാണ് എന്ന് പറഞ്ഞുകൊണ്ടാണ് അക്കർമാശി ആരംഭിക്കുന്നത്. ആമുഖമായി അദ്ദേഹം പറഞ്ഞു വെക്കുന്ന ചില കാര്യങ്ങളുണ്ട്. പ്രബലർ ദുർബലരെ ആക്രമിക്കും പോഴും അവരെ ചൂഷണം ചെയ്യുമ്പോഴും സാധാരണയായി പീഡിപ്പിക്കപ്പെടുന്നത് സ്ത്രീകളാണ്. ഈ നെറികെട്ട സമൂഹത്തിൽ പുരുഷന്റെ വ്യഭിചാരത്തെ സാധൂകരിക്കാൻ അവന്റെ സ്വന്തം ശക്തി, സമ്പത്ത്, സംസ്കൃതി, എന്നിവയുടെയെല്ലാം പിൻബലമുണ്ട്.എന്നാൽ സ്ത്രീക്കോ? അവൾക്ക് ബലാത്സംഗത്തെ തന്റെ വയറ്റിൽ പേറി നടക്കേണ്ടി വരുന്നു.അതിന് ജന്മം നൽകേണ്ടിവരുന്നു. ആ ബലാൽസംഗത്തിനെ പോറ്റി വളർത്തേണ്ടി വരുന്നു. പിന്നെ ആ ബലാൽക്കാരം ഒരു ജന്മം മുഴുവൻ ജീവിച്ചു തീർക്കേണ്ടി വരുന്നു.ഇത്തരമൊരു ജീവിതത്തിന്റെ വേദന ഈ ആത്മകഥയിൽ ഉണ്ട് എന്ന് അദ്ദേഹം സത്യസന്ധമായി പറയുന്നു. അച്ഛനമ്മമാരുടെ ആചാര വിരുദ്ധ ബന്ധത്തെ ലിംബാളെ ബലാൽസംഗം ആയിട്ടാണ് കാണുന്നത് വർഗ്ഗ വർണ്ണ ജാതി

വ്യവസ്ഥകൾ നൽകുന്ന ജന്മസിദ്ധമായ അവകാശങ്ങൾ അച്ഛന് ഉള്ളതായി അദ്ദേഹം പറയുന്നു.അയാളുടെ ഇത്തരത്തിലുള്ള സംഭോഗം സമൂഹവും സംസ്കാരവും അംഗീകരിച്ചിട്ടുള്ളത് ആകുന്നു. പക്ഷേ ലിംബാളെയുടെഅമ്മ അയിത്തജാതിക്കാക്കാരിയും ദാരിദ്ര്യയുമാണ്. അതുകൊണ്ട് തന്നെ തന്റെ അമ്മ സമൂഹ വ്യവസ്ഥ യുടെ ബലിമൃഗം ആയിരുന്നുവെന്ന് അദ്ദേഹം തിരിച്ചറിയുന്നുണ്ട്.ഈ തിരിച്ചറിവ് ഉണ്ടാകുന്നത് ദളിത് പ്രസ്ഥാനത്തിന്റെ പ്രക്ഷോഭത്തി ലൂടെയും ദളിത് സാഹിത്യത്തിലൂടെയും ആണെന്ന് അദ്ദേഹം പറയുന്നു.

തന്റെ അമ്മ മസാമായിക്കു സമർപ്പിച്ചുകൊണ്ടാണ് ശരൺ കുമാർ തന്നെ ആത്മകഥ ആരംഭിക്കുന്നത്. മഹാരാഷ്ട്രയുടെയും കർണാടകയുടെയും അതിർത്തി പങ്കിടുന്ന ഒരു ഗ്രാമപ്രദേശമാണ് ഈ ആത്മകഥയുടെ പശ്ചാത്തലം. ആ നാട്ടിൽ പ്രധാനമായും കണ്ടുവരുന്ന ലിംഗായത്ത് സമുദായക്കാർ അതായത് സവർണർ, പിന്നെ അതിനു താഴെയുള്ളവർ, അതിനുതാഴെ ദളിത് വിഭാഗത്തിൽ ഉള്ള മഹാർ, മാഗ് ജാതിക്കാർ. ഈ ദളിത് വിഭാഗത്തിൽ ഉള്ളവർ കാലങ്ങളായി നേരിടുന്ന ചൂഷണങ്ങളും അവഗണനകളും ആണ് ഈ ആത്മകഥയിൽ പറയുന്നത്.ആദ്യമായി സ്കൂളിലേക്ക് പോകുന്ന അനുഭവം ആണ് അദ്ദേഹം തന്റെ ആത്മകഥയിൽ വിവരിക്കുന്ന ആദ്യരംഗം. ആദ്യമായി സ്കൂളിലേക്ക് പോകുന്ന ശരൺ കാണുന്നത് ഗിർമ്മാല്യ എന്ന ലിംഗായത്ത് സമുദായക്കാരന്റെ പാടത്ത് പണിയെടുത്ത് കൊണ്ടിരിക്കുന്ന തന്റെ കൂട്ടുകാരൻ മാരുതിയെയാണ്. ഇതുപോലെ ഒരുപാട് കുഞ്ഞുങ്ങൾ സ്കൂളിലേക്ക് പോകാൻ കഴിയാത്തവരായി ആ നാട്ടിലുണ്ട്. വിദ്യാലയത്തിലേക്ക് എത്താൻ സാധിച്ച ശരണിന് ഒരുപാട് പ്രതീക്ഷകൾ ഉണ്ടായിരുന്നു. പക്ഷേ അവിടെയും ശരണിന് നേരിടേണ്ടിവരുന്നത് കുറെ അവഗണനകളും പരിഹാസങ്ങളും മാത്രമായിരുന്നു. താൻ ഒരു കസേര ആദ്യമായി കാണുന്നത് വിദ്യാലയത്തിൽ ചെന്നതിനു ശേഷം ആണെന്ന് ശരൺ ഓർമ്മിക്കുന്നു.പക്ഷേ ആ കസേരയിൽ ഒന്നു തൊടാനോ അതി ലിരിക്കാനോ മഹാർ, മാംഗ് ജാതിയിൽപെട്ട കുട്ടികൾക്ക് ആവില്ലാ യിരുന്നു. ലിംഗായത്ത് കുട്ടികളാണ് കസേരയിലിരുന്നത്.അതിനു തൊട്ടുതാഴെ മറ്റ് ജാതിയിൽ പെട്ട കുട്ടികൾ.ഇവരുടെ പുറത്ത് അഴിച്ചുവെച്ച ചെരുപ്പുകൾക്കിടയിൽ നിന്നു കൊണ്ടാണ് ശരണും

കൂട്ടുകാരും പഠിച്ചിരുന്നത്. വിദ്യാലയമുറ്റത്തെ കളികളിലും ഉണ്ടായിരുന്നു നിയന്ത്രണം. ലിംഗായത്ത് കുട്ടികൾ കബഡി കളിക്കുമ്പോൾ ദളിത് വിഭാഗങ്ങളിൽ പെടുന്ന കുട്ടികൾ മാറിനിൽക്കണം. കളികളിൽ അവർ ഏർപ്പെടരുത്.കാരണം കളികൾക്കിടയിൽ പരസ്പരം തൊട്ടു പോയാൽ അശുദ്ധമാകും. മാറി മാറി നിന്നാണ് കുട്ടികൾ കളിക്കുക. അതുപോലെ ഭക്ഷണകാര്യത്തിലും ഉണ്ടായിരുന്നു പലതരം നിയന്ത്രണങ്ങൾ. ബാക്കി വരുന്ന ഭക്ഷണം പൊതിഞ്ഞുകെട്ടി മഹർ ജാതിക്കാരായ കുട്ടികൾക്ക് കൊടുക്കും. അധ്യാപകർക്കും ഈ കുട്ടികളോട് കടുത്ത അവഗണന ആയിരുന്നു എന്ന് ശരൺ ഓർമിക്കുന്നുണ്ട്. സവർണ്ണ വിഭാഗക്കാരായ കുട്ടികളും ഒന്നിച്ച് ഭക്ഷണം കഴിക്കുന്ന അധ്യാപകർ തങ്ങളുടെ ഒപ്പം ഭക്ഷണം കഴിച്ചിരുന്നെങ്കിൽ എന്ന് ശരൺ  ആഗ്രഹിക്കുന്നുണ്ട്.പക്ഷേ

അധ്യാപകർ അഴിച്ചുവെച്ച് ചെരുപ്പിൽ തൊടാൻ പോലും പേടിക്കുന്നു മഹാർ കുട്ടികൾ.

ഈ ആത്മകഥയിലെ പ്രധാനപ്പെട്ട ഒരു അവസ്ഥയാണ് മഹാർ സമുദായക്കാർ അനുഭവിക്കുന്ന ദാരിദ്ര്യവും വിശപ്പും. വിദ്യാലയത്തിൽ ഭക്ഷണം കഴിക്കുമ്പോൾ ലിംഗായത്ത കുട്ടികളും അധ്യാപകരും കഴിച്ച, ഭക്ഷണത്തിന്റെ അവശിഷ്ടം ഒന്നിച്ചു പൊതിഞ്ഞുകെട്ടി കുട്ടികൾക്ക് കൊടുക്കുമായിരുന്നു. കഴിച്ചതിനു ശേഷം ഉള്ള അവശിഷ്ടം നായകൾക്ക് കൊടുക്കുന്നതുപോലെ വാങ്ങി കഴിക്കേണ്ടി വന്നതിന്റെ വേദന, ആക്ഷേപം, വായനക്കാരനെ വല്ലാതെ അസ്വസ്ഥപ്പെടുത്തും. കുട്ടികൾ എപ്പോഴും ദൈവത്തിന്റെ നേരിട്ടുള്ള അവതാരങ്ങൾ ആണെന്നാണ് പറയപ്പെടുന്നത്.കുട്ടികൾക്ക് അമ്പലത്തിൽ പോലും കയറാൻ ഉള്ള അവകാശം  ഉണ്ടായിരുന്നില്ല എന്ന് ശരൺ പറയുന്നുണ്ട്. വിദ്യാലയത്തിലെ വിവേചനങ്ങളും പരിഹാസങ്ങളും ആണ് ഈ ആത്മകഥയുടെ  ആദ്യഭാഗങ്ങളിൽ ശരൺകുമാർ ലിംബാളെ പറയുന്നത്. തന്റെ മുത്തശ്ശിയായ സാന്താമായിയുടെ കൂടെയാണ് ശരൺ താമസിക്കുന്നത്. ഈ ആത്മകഥയിൽ ബന്ധങ്ങളിൽ ഒരുപാട് നിർണായതകൾ കാണാൻ കഴിയും. പുസ്തകം വായിക്കുമ്പോൾ ശരണിന്റെ ആരൊക്കെയാണ് ഇവരൊക്കെ എന്നുള്ള ഒരു ആശയക്കുഴപ്പം നമുക്ക് കാണാൻ കഴിയും.  അത്രത്തോളം ബന്ധങ്ങളിൽ സങ്കീർണത നമുക്ക് ഇതിനകത്ത് കാണാൻ കഴിയും. ശരൺകുമാർ താമസിക്കുന്നത് മുത്തശ്ശിയുടെ കൂടെയാണ്. മുത്തശ്ശി താമസിക്കുന്നത്

ഒരു മുസ്ലിമിന്റെ കൂടെയാണ്.അദ്ദേഹം മുത്തശ്ശിയുടെ ഭർത്താവല്ല, മുത്തശ്ശിയുടെ കൂടെ വന്ന താമസിക്കുന്നതാണ്.അദ്ദേഹത്തെ ശരൺ വിളിച്ചിരുന്നത് ദാദ എന്നാണ്. അദ്ദേഹമാണ് ശരണിനെ പഠിപ്പിക്കുന്നതും ചിലവുകളൊക്കെ നോക്കുന്നതും. അതിനുകാരണം ശരൺ കുമാറിന്റെ അമ്മയും അച്ഛനും ഒരിക്കലും അംഗീകരിക്കാത്ത മകനായിരുന്നു അദ്ദേഹം. ശരൺ മാത്രമല്ല, ഉയർന്ന ജാതിയായ ലിംഗായത്ത് സമുദായത്തിലും താഴ്ന്ന ജാതിയായ മഹാർ സമുദായത്തിലും ജനിക്കുന്ന കുട്ടികൾ അക്കർമാശികളാണ്. അർദ്ധ ജാതിക്കാരാണ്. രണ്ടു സമൂഹത്തിനും മുമ്പിലും ഒറ്റപ്പെട്ട അവഗണനകൾ ഏറ്റുവാങ്ങിയാണ് അവർ ജീവിക്കേണ്ടത്.

മുത്തശ്ശിയുടെ കൂടെയാണ് ശരൺ ബാല്യത്തിൽ താമസിച്ചത്. മുത്തശ്ശിയുടെ കൂടെ അടിച്ചു വാരാനും അതുപോലെ പഴം തുണികൾ പെറുക്കാനും ഒക്കെ ശരണും പോയിരുന്നു. ദാരിദ്ര്യവും വിശപ്പും ആണ് ഈ ആത്മകഥയിൽ പ്രധാനമായും പറയുന്നത്. മുത്തശ്ശിയുടെ കൂടെ ചാണകം വാരാൻ പോകുന്ന ശരൺ കാണുന്ന സ്ഥിരം കാഴ്ചകൾ ഉണ്ട്. പശുക്കളുടെ ചാണകത്തിൽ നിന്ന് കിട്ടുന്ന, ദഹിക്കാതെ കിടക്കുന്ന ജോവർ ധാന്യങ്ങൾപെറുക്കിയെടുത്ത് കഴുകിയുണക്കി, മഹാർ ജാതിയിൽപ്പെട്ട സ്ത്രീകൾ അത് പൊടിച്ച് കുട്ടികൾക്ക് ഭക്ഷണം (ബാക്രി) ഉണ്ടാക്കി കൊടുക്കുന്ന കാഴ്ച. ഈ ബാക്രി കഴിക്കുമ്പോൾ ഈ ഭക്ഷണത്തിന്റെ ഒരു മണം, പശുവിന്റെ ചാണകത്തിന്റെ മണം തികട്ടിവരുന്ന ഒരു അവസ്ഥയെക്കുറിച്ച് ശരൺ വിവരിക്കുന്നുണ്ട്. അത്രത്തോളം ഉണ്ട് വിശപ്പിന്റെ കാഠിന്യം. ചത്ത പശുക്കളും എലിയും ഒക്കെയായിരുന്നു ഇവരുടെ ഭക്ഷണം. എല്ലുമുറിയെ പണിയെടുത്താലും യാതൊന്നും ഉയർന്ന ജാതിക്കാരായ ലിംഗായത്ത് സമുദായക്കാർ ഈ മഹാ ജാതിക്കാർക്ക് കൊടുത്തിരുന്നില്ല. പണിയെടുത്ത് കഴിയുമ്പോൾ അവർ കഴിച്ച എന്തെങ്കിലും ഭക്ഷണത്തിന്റെ അവശിഷ്ടങ്ങളും മറ്റുമാണ് ഇവർക്ക് കൊടുത്തിരുന്നത്. പ്രത്യേകിച്ച് കൂലി ഒന്നും കൊടുത്തിരുന്നില്ല. ഇങ്ങനെ എല്ലാതരത്തിലും അവഗണനകളും അവഹേളനങ്ങളുമാണ് ഈ മഹാർ ജാതിക്കാരായ അക്കർമാശികൾ അനുഭവിച്ചിരുന്നത്.

ഈ ആത്മകഥയിൽ ഒരു പ്രണയ കഥ കൂടി എഴുതിയിട്ടുണ്ട് ശരൺ. ശരണിന്റെ കൂട്ടുകാരിയായ സേവന്തയോട് തോന്നുന്ന പ്രണയവും, അവർ തമ്മിലുള്ള ഒത്തുചേരലും ഒക്കെ ഈ കഥയിൽ

വിശദീകരിക്കുന്നുണ്ട്. പക്ഷേ അക്കർമാശി കളായ കുട്ടികൾക്ക് പ്രണയിക്കാൻ കൂടിയുള്ള അവകാശമുണ്ടായിരുന്നില്ല എന്നും ശരൺ പറഞ്ഞു വെക്കുന്നുണ്ട്. മഹാർ ജാതിക്കാരായ പെൺകുട്ടികളെ അക്കർമാശികൾ പ്രണയിച്ചു കഴിഞ്ഞാൽ അവരെ മഹാർ ജാതിക്കാർ അടിച്ചു ഓടിക്കും എന്ന് പറയുന്നു.അതുകൊണ്ട് മുത്തശ്ശി ശരണിന് മുന്നറിയിപ്പ് കൊടുക്കുന്നുണ്ട്. അങ്ങനെ ആ ബന്ധം ഉപേക്ഷിക്കേണ്ടി വരുന്ന ശരണിനെ  നമുക്ക് ഈ കഥയിൽ കാണാം.

സാന്താമ്മായിയുടെ മകളായ മസാമായി ഇടൽ കാബ്ലെ എന്ന മഹാർ ജാതിക്കാരനെ വിവാഹം കഴിക്കുന്നു. അവർ ഹനുമന്ത ലിംബാളെ എന്ന ലിംഗായത്ത് വിഭാഗക്കാരനായ കൃഷിസ്ഥലത്ത് ജോലി ചെയ്യുന്നു. ഹനുമന്ത് ലിംബാളെക്ക് മസാമായിയോട് ഇഷ്ടം തോന്നുകയാണ്. പഞ്ചായത്ത് നേതാവായിരുന്ന ഹനുമന്ത് ലിംബാളെ മസാമായിയോട് ഇടൽ കാബ്ലെയുമായുള്ള ബന്ധം ഉപേക്ഷിക്കാൻ ആവശ്യപ്പെടുന്നു. അതിനുശേഷം ഒറ്റക്കായ മസാമായിയുടെ കൂടെ ഹനുമന്ത ലിംബാളെ താമസിക്കുന്നു. അവർ തമ്മിലുള്ള ബന്ധത്തിൽ ഒരു കുട്ടി ഉണ്ടാകുന്നു. ആ കുട്ടിയാണ് ശരൺ. പക്ഷേ ഈ കുട്ടി ഉണ്ടായതിനുശേഷം ഈ കുട്ടിയുടെ പിതൃത്വം ഏറ്റെടുക്കാൻ ഹനുമന്ത ലിംബാളെ തയ്യാറായിട്ടില്ല.ഇതുപോലെ അർദ്ധ ജാതിക്കാരായ, അക്കർമാശികളായ ഒരുപാട് കുട്ടികൾ ഈ ഗ്രാമത്തിന്റെ സ്ഥിരം കാഴ്ചയാണ്. പിന്നീട് ഒറ്റക്കായ അവസാമായി യശ്വന്ത് റാവു എന്ന മറ്റൊരാളുടെ കൂടെ താമസിക്കുന്നു. അവരുടെ ബന്ധത്തിന് ശരണ്യ ഒരു തടസ്സമാകുന്നു. അങ്ങനെയാണ് മുത്തശ്ശിയുടെ കൂടെ ശരൺ താമസിക്കുന്നത്. ഇതിൽ ആദ്യത്തെ ബന്ധത്തിൽ ഇടൽ കാബ്ലെയുമായുള്ള ബന്ധത്തിൽ തന്നെ മാസാമായിക്ക് രണ്ടു കുട്ടികളുണ്ട്.  അതുപോലെ കാക്ക എന്ന ശരൺ സംബോധന ചെയ്യുന്ന,യശ്വന്ത് റാവുവിൽ മസാമായിക്കു ഒരു ഏഴ് കുട്ടികളുണ്ട്. ഏഴ് സഹോദരിമാരാണ് ശരണിനുള്ളത്.തന്റെ സഹോദരിമാരായ സുനി നാഗി നിർമ്മി പങ്കി ഇവരുടെയൊന്നും കാര്യത്തിൽ, സുരക്ഷിതത്വത്തിൽ  ഇടപെടാൻ ഉള്ള അവകാശം ശരണ്യ ഉണ്ടായിരുന്നില്ല. ഏതെങ്കിലും ഒരു കാര്യത്തിൽ തീരുമാനമെടുക്കാനുള്ള ഒരു സ്വാതന്ത്ര്യം ചരൺ ഇന്റെ അമ്മയോ കാക്കയോ അദ്ദേഹത്തിന് നൽകിയിരുന്നില്ല. അതുകൊണ്ടുതന്നെ കുടുംബത്തിലും ശരൺ അവഗണിക്കപ്പെട്ടിരുന്നു.

ശരണിന്റെ ജീവിതത്തിൽ ഒരു പ്രധാന വ്യക്തി ഇടപെട്ടിരുന്നു. അദ്ദേഹത്തിന്റെ പേരാണ് ബോസ്ലെ മാഷ്. അദ്ദേഹമാണ് ശരണ്യയുടെ പേരിന്റെ കൂടെ ലിംബാളെ എന്ന പേര് ചേർക്കുന്നത്. അമ്മ പറഞ്ഞ പേരാണ് കുട്ടിയുടെ അച്ഛന്റെ പേര് എന്ന് പറഞ്ഞുകൊണ്ട് ഹനുമന്ത് ലിംബാളെയുടെ പേര് ശരണിന്റെ പേരിന്റെ കൂടെ ചേർക്കുന്നത്. അപ്പോഴാണ് ശരൺ തന്റെ അച്ഛന്റെ പേര് ഹനുമന്ത് ലിംബാളെ ആണെന്നും അദ്ദേഹം ലിംഗായത്ത് സമുദായക്കാരൻ ആണെന്നും അറിയുന്നത്. ശരണ്യ പേരിന്റെ കൂടെ തന്റെ പേര് ചേർത്തത് അറിഞ്ഞ ഹനുമന്ത് ലിംബാളെ ബോസ്ലെ മാഷേ ഭീഷണിപ്പെടുത്തുന്നുണ്ട്. പക്ഷേ സമൂഹത്തിൽ മുന്നേറ്റങ്ങൾ ഉണ്ടാവാൻ ആഗ്രഹിക്കുന്ന ഒരു അദ്ധ്യാപകൻ ആയതുകൊണ്ട് അദ്ദേഹം ആ ഭീഷണിക്കു മുമ്പിൽ വഴങ്ങുന്നില്ല. പിന്നീട് തന്റെ അച്ഛൻ ആരാണെന്ന് അറിഞ്ഞ ശരൺ അദ്ദേഹത്തെ കാണാൻ ശ്രമിക്കുകയും അദ്ദേഹം താമസിക്കുന്ന സ്ഥലത്തേക്ക് പോവുകയും ഒക്കെ ചെയ്യുന്നുണ്ട്. അവിടെയെത്തുന്ന ശരണിനെ മഹാർ ജാതിക്കാരൻ എന്നു പറഞ്ഞ് എല്ലാവരും അടിച്ചോടിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഇങ്ങനെ സംഭവിച്ചതിനു ശേഷം ശരണിന്റെ വീട്ടിലേക്ക് ഹനുമന്ത ലിംബാളെ ഒരുദിവസം വരുന്നു. അവിടെവെച്ച് ഹനുമന്ത ലിംബാളെ ശരണിനെ മടിയിലിരുത്തി താലോലിക്കുകയും ചെയ്തപ്പോൾ വലിയ സന്തോഷമായി. കാരണം തന്റെ അച്ഛൻ ആരാണെന്ന് അറിഞ്ഞ നിമിഷം മുതൽ അദ്ദേഹത്തിന്റെ സ്നേഹവും വാത്സല്യവും ശരൺ വല്ലാതെ ആഗ്രഹിച്ചിരുന്നു. പക്ഷേ ചെറിയൊരു നിമിഷം മാത്രമേ നിലനിന്നിരുന്നു എന്ന് അദ്ദേഹം ഓർമ്മിക്കുന്നു. തന്റെ അമ്മ പെട്ടെന്ന് ദേഷ്യപ്പെടുകയും ഹനുമന്ത് ലിംബാളെ യും കാക്കയും പുറത്തിറക്കി വാതിൽ അടക്കുകയും ചെയ്യുന്ന കാഴ്ചയാണ് ശരൺ കാണുന്നത്. അന്നേരം അമ്മയോട് വല്ലാത്തൊരു ദേഷ്യമാണ് ശരണിന് തോന്നിയത്. പക്ഷേ പിന്നീട് ശരൺ വളർന്നു വലുതായപ്പോൾ ആണ് അന്ന് തന്റെ അമ്മ അച്ഛനെയും കാക്കേയെയും പുറത്താക്കി വാതിലടച്ചത് എന്തിനാണെന്ന് തിരിച്ചറിഞ്ഞത്. കാക്ക ഹനുമന്ത ലിംബാളെയുടെ കൂടെ കിടക്കാൻ മാസാമാ യിയോട് ആവശ്യപ്പെടുകയാണ് അന്നുണ്ടായത്. ആ സമയം അവരെ രണ്ടുപേരെയും ആട്ടിയോടിക്കുകയാണ് ആ അമ്മ ചെയ്തത്. ഇത്തരത്തിൽ പല സ്ത്രീകളും ആ ഗ്രാമത്തിൽ ഉണ്ട്.

സ്വന്തം കുഞ്ഞുങ്ങളുടെ മുൻപിൽ വച്ച് പോലും പീഡിപ്പിക്കപ്പെടുന്ന സ്ത്രീകൾ. ചപ്പേൽ കാവിലും ചുങ്കിയിലും ഒക്കെയായി തന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശരൺ,ഷോലാപ്പൂരിൽ ആണ് കോളേജ് വിദ്യാഭ്യാസം തുടങ്ങുന്നത്. അവിടെവച്ച് കുറെയധികം ദളിതരായ കുട്ടികളുടെ കൂടെ താമസിക്കാനും, അംബേദ്കർനെ കുറിച്ച് അറിയാനും ബുദ്ധിസത്തെ കുറിച്ച് മനസ്സിലാക്കാനും ഒക്കെ ശരണിന് അവസരം ലഭിച്ചു. ഇതിന്റെ ഒരു തുടർച്ചയായാണ് ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ് എന്നും ഓരോ പൗരനും തുല്യ അവകാശം ആണെന്നും ശരൺ അറിയുന്നതും ദളിത് പ്രസ്ഥാനത്തെക്കുറിച്ച് ശരൺ മനസ്സിലാക്കുന്നതും. അങ്ങനെ ശരൺ ദളിത് പ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുകയും ചെയ്യുന്നു. വീട് വിദ്യാഭ്യാസം കഴിഞ്ഞു ടെലികോം എക ്സ്ചേഞ്ചിൽ ശരണിന് ജോലി ലഭിക്കുന്നു. ജോലിസ്ഥലത്തും ശരണ് ജാതീയമായ വേർതിരിവുകൾ അനുഭവിക്കേണ്ടിവരുന്നു. അവിടെയും ദളിതന്റെ,അക്കർമാശിയുടെ പേരിൽ ഒക്കെ ശരണിന് അവഗണനകൾ നേരിടേണ്ടിവരുന്നു. പല സ്ഥലങ്ങളിലും പല സാഹചര്യങ്ങളിലും തന്റെ ജാതി അക്കർമാശി ആണ് എന്ന് പറയാനുള്ള ബുദ്ധിമുട്ട് നേരിടുന്നു നേരിടുന്നുണ്ട്. പല സന്ദർഭങ്ങളിലും അത് പറഞ്ഞിട്ടില്ല എന്ന് തന്നെ ശരൺ സൂചിപ്പിക്കുന്നുണ്ട്. ലിംഗായത്ത് എന്നത് ഉന്നത ജാതിക്കാരന്റെ കുടുംബപേർ ആയതുകൊണ്ട് തന്നെ താൻ ലിംഗായത്ത് കാരനാണ് എന്ന് സമൂഹത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചതായി അദ്ദേഹം പറയുന്നുണ്ട്.അക്കർമാശിയായ തനിക്കു വിവാഹത്തിനു പോലും തടസ്സങ്ങൾ ഉണ്ടായതായി ശരൺ ഓർമ്മിക്കുന്നുണ്ട്. വിവാഹം കഴിക്കാൻ വേണ്ടി ആദ്യമായി പെണ്ണുകാണാൻ പോകുന്ന സ്ഥലത്തും അവിടെയും ശരണന് അവഗണനയാണ് അനുഭവിക്കേണ്ടിവന്നത്. ആർക്കു പെണ്ണ് കൊടുത്താലും ഒരു അക്കർമാശിക്ക്,അർദ്ധജാതിക്കാരന്, ജാതി ഇല്ലാത്തവന് പെണ്ണ് കൊടുക്കാൻ കഴിയില്ല എന്ന് പെൺകുട്ടിയുടെ അച്ഛൻ പറയുന്നു. അതിനുശേഷം മറ്റൊരു പെൺകുട്ടിയെ കാണുകയും,അവരാണ് കുസുമം, കുസുമത്തെ വിവാഹം ചെയ്യുകയും ചെയ്യുന്നു. പക്ഷേ കുസുമത്തിന്റെ അച്ഛനുമമ്മയും ശരണിന്റെ കൂടെ കുസുമ ത്തെ പറഞ്ഞ് അയക്കുന്നില്ല. വിവാഹം കഴിപ്പിച്ചു കൊടുത്തു എന്നല്ലാതെ ശരണിന്റെ കൂടെ മകളെ താമസിക്കുന്നില്ല. ശരണിന്റെ വീട്ടിലേക്ക്

പറഞ്ഞു വിടുന്നില്ല. അവസാനം അവരോട് യുദ്ധം ചെയ്തു കുസുമ ത്തെ വിളിച്ചിറക്കി കൊണ്ടു വന്ന് വേറൊരു സ്ഥലത്ത് താമസിക്കേണ്ടി വരുന്നു. ഈ രീതിയിൽ എല്ലാ ഭാഗത്തുനിന്നും ശരണിന് അവഗണനകളും അവഹേളനങ്ങളും അനുഭവിക്കേണ്ടിവരുന്നു. ഇത്തരത്തിലുള്ള ജീവിതത്തിനിടയിൽ ഒരിക്കൽ ശരൺ മഹാരാഷ്ട്രയിൽ ഉള്ള തന്റെ വീട്ടിലേക്ക് പോവുകയും, അവിടെ തന്റെ വീട്ടിലുള്ള മുത്തശ്ശി സാന്താമായിയെയും ദാദയെയും തന്റെ അമ്മ മസാമായിയെയും സഹോദരങ്ങളെയും കാണുന്നു. അപ്പോൾ ശരൺ തിരിച്ചറിയുകയാണ്, നാടിനും വീടിനും ഒരു മാറ്റവും സംഭവിച്ചില്ല എന്നുള്ളത്. എന്റെ സഹോദരിമാരെ എല്ലാം അമ്മയുടെ പാതയിൽ തന്നെയാണ്. നാഗി വിവാഹിതയായി പോയെങ്കിലും

അവിടുന്ന് തിരിച്ചു പോരുകയും മറ്റൊരു ലിംഗായത്ത് കാരന്റെ മകനുമായി ബന്ധം ഉണ്ടാവുകയും ചെയ്യുന്നു. മറ്റു സഹോദരിമാരുടെ അവസ്ഥയും മറിച്ചല്ല. തിരിച്ച് ഇവരോടൊക്കെ യാത്രപറഞ്ഞ്, വേദനയോടുകൂടി പോകുന്ന ശരൺ ആലോചിക്കുന്ന കാര്യങ്ങളുണ്ട്. 'എന്നാണ് ഇതിനൊക്കെ ഒരു മാറ്റം ഉണ്ടാകുന്നത്'. ബസ്സിറങ്ങി നടക്കുന്നതിനിടയിൽ തന്റെ ഒരു സുഹൃത്തായ നന്ദുവിനെ കാണുന്നു. നന്ദു ദളിത് പ്രസ്ഥാനവും ആയിട്ട് ഒക്കെ മുന്നോട്ടു പോയത് കൊണ്ട് അവരുടെ ജീവിതത്തിൽ കുറെയധികം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അവന് ഒരു ബാങ്കിൽ ജോലി ലഭിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ അവന്റെ അമ്മയ്ക്കും മാറ്റങ്ങൾ ഉണ്ടായിരുന്നു. ആ മാറ്റങ്ങളെ ശരൺ ആലോചിക്കുകയായിരുന്നു. വസ്ത്രം ധരിക്കാൻ ഇല്ലാതിരുന്ന ഒരു സ്ത്രീ ഏറ്റവും നന്നായി വസ്ത്രം ധരിച്ചുകൊണ്ട് നിൽക്കുന്നു എന്ന കാഴ്ച ശരണിനെ വളരെയധികം സന്തോഷിപ്പിച്ചു. എങ്കിലും തന്നെ ഗ്രാമത്തിന്റെ അവസ്ഥയെ കുറിച്ച് ഓർത്ത് ചിന്താകുലനായിരുന്നു ശരൺ. തന്റെ ഭാര്യ ഒരു മകനെ പ്രസവിച്ചു എന്നും ആ സമയത്ത് ശരൺ അറിയുന്നു. അദ്ദേഹം മകന് മുമ്പേ ഒരു പേര് കണ്ടു വച്ചിട്ടുണ്ടായിരുന്നു.അനാര്യൻ എന്നായിരുന്നു ആ കുഞ്ഞിന്റെ പേര്. വീണ്ടും ശരൺ ചിന്തിക്കുകയാണ് 25 വയസ്സിനുള്ളിൽ ആണ് താൻ ഇത്രയധികം അനുഭവിച്ചത്. അസമയം ശരണിന്റെ മനസ്സിൽ വന്ന ചില ചോദ്യങ്ങളുണ്ട്. ആ ചോദ്യങ്ങളെ പറഞ്ഞു കൊണ്ടാണ് അക്കർമാശി എന്ന ആത്മകഥ അദ്ദേഹം അവസാനിപ്പിക്കുന്നത്. 'സാന്തമായിയുടെയും മാസാമായിയുടെയും മരണാനന്തര

ചടങ്ങുകളിൽ ആളുകൾ പങ്കെടുക്കുമോ? എന്തിനാണ് ഇത്രയധികം ആചാരങ്ങളുടെ അടരുകൾ? ശരിയുടെയും തെറ്റിന്റെയും അടിസ്ഥാന മൂല്യങ്ങൾ നിശ്ചയിച്ചത് ആരാണ്? എന്തിനുവേണ്ടി?അവർ എന്റെ ജന്മം അനൈതികം ആണെന്ന് വിധിച്ചാൽ ഞാൻ ഏതു മൂല്യങ്ങളെ യാണ് പിന്തുടരേണ്ടത്? '.

അക്കർമാശി എന്ന ആത്മകഥ കേരളീയർക്ക് അപരിചിതമായ ഒരു ജീവിത സാഹചര്യങ്ങളെയാണ് വരച്ചു വെച്ചത്. പക്ഷെ നരന് നരൻ അശുദ്ധ വസ്തു വായിരുന്ന ഒരുകാലം നമുക്കുമുണ്ടായിരുന്നു എന്ന സത്യം നമ്മുടെ മുൻകാല എഴുത്തുക്കാർ രേഖ പെടുത്തിവെച്ചി ട്ടുണ്ട്. ജനാധിപത്യ ഇന്ത്യയിൽ ദളിതന്റെ, സാധാരണക്കാരന്റെ, അവസ്ഥ എത്രമാത്രം അരക്ഷിതമാണെന്ന് വായനക്കാരനെ ബോധ്യപ്പെടുത്തുന്നു അക്കർമാശി.ഇന്ത്യൻ ദളിത് ജീവിതത്തിന്റെ യാഥാർഥ്യം സ്വന്തം അനുഭവങ്ങളിലൂടെയാണ് അദ്ദേഹം വായനക്കാരനോട് പറയുന്നത്. ഇരുപത്തഞ്ചാമത്തെ വയസ്സിലാണ് ശരൺ കുമാർ ലിംബാളെ ഈ ആത്മകഥാവ്യാനം എഴുതുന്നത്. ഇരുപത്തഞ്ചു വയസ്സിൽ ആത്മ കഥ എഴുതേണ്ടതുണ്ടോ എന്ന ചോദ്യവും വിമർശനവും അദ്ദേഹം നേരിടേണ്ടി വന്നിട്ടുണ്ട്. പക്ഷെ ഇരുപത്തഞ്ചുകാരനായ ഒരാളുടെ അനുഭവങ്ങൾ മാത്രമല്ല അക്കർമാശി എന്നതാണ് സത്യം. ദളിതരും അർദ്ധ ജാതിക്കാരുമായ അദ്ദേഹത്തിന്റെ ഒരുപാട് സഹജീവികളുടെ അനുഭവമാണ് ഈ ആത്മകഥ എന്നതാണ് ഈ പുസ്തകത്തിന്റെ പ്രാധാന്യം.ഈ പുസ്തകം വായിച്ചാസ്വദിക്കേണ്ടതല്ല...

വായിച്ചനുഭവിക്കേണ്ടതാണ്... വായിച്ച്, ചിന്തിച്ച്, തിരിച്ചറിവു കൾ ഉണ്ടാവേണ്ടതാണ്.

# ഹൃദയസ്പർശിയായ സ്പർശം

നൗഷിജ.എ

ഒഴുക്കിനെതിരെ മാത്രം നീന്താൻ വിധിക്കപ്പെട്ടപ്പോഴും വിധിയോട് ഒട്ടും കലഹിക്കാതെ സമരസപ്പെട്ട് മുന്നേറിയ കെ സൗജത്തിന്റെ ജീവിത പുനരാവിഷ്കാരമാണ് സ്പർശം. അനുഭവ ത്തിന്റെ ആർജ്ജവം സ്നേഹത്തിന്റെ ഊഷ്മളതയും ദുഃഖത്തിന്റെ തണുപ്പും മനസ്സിനെ വല്ലാതെ സ്പർശിക്കുന്നു. ജാതിമത ചിന്തകൾ തൂത്തെറിഞ്ഞ് മനുഷ്യനെ മനുഷ്യനായി കാണാൻ ഉള്ള സൗജത്തിന്റെ പരിശ്രമം ആണിത്.അഞ്ചാം ക്ലാസ് വിദ്യാഭ്യാസം മാത്രമുള്ള ഒരു തയ്യൽതൊഴിലാളിയിൽ നിന്നും ഒരു എഴുത്തുകാരി യിലേക്കുള്ള പരിണാമമാണ് സ്പർശം.എഴുതിലേക്കുള്ള യാത്രയിൽ വിദ്യാഭ്യാസം മതം ജാതി പ്രായം തുടങ്ങിയ ഒന്നുംതന്നെ മനുഷ്യന്റെ സർഗ്ഗശക്തിയെ തടയിടാൻ കഴിയില്ല എന്ന യഥാർഥ്യം ഓർമ്മപ്പെടു ത്തുകയാണ്.

ബെന്യാമിൻ പറഞ്ഞതുപോലെ 'അനേകം കഴിവ് കൈകളുള്ള ഒരു മഹാ നദിയാണ് നോവൽ നമ്മുടെ ചുറ്റുമുള്ള ഓരോ രചനകളും വ്യത്യസ്ത സങ്കേതങ്ങൾ, ഭാഷ, സംസ്കാരം, ദേശം, അങ്ങനെ തുടങ്ങി വൈവിധ്യങ്ങളുടെയും സർഗാത്മകതയുടെയും ഒരു മിശ്രിതമാണ്. ഏതൊരു രചനയുടെയും കെട്ടുറപ്പ് തീക്ഷ്ണമായ ജീവിത പശ്ചാത്തലം തീവ്രമായ അനുഭവങ്ങളും കാഴ്ചപ്പാടുകളും ആണ്.എഴുത്തിന്റെ പുതിയ ലോകത്തേക്ക് തന്റേതായ പ്രാദേശിക രീതിയിലുള്ള രചനയാണ് സൗജത്തിന്റ വിജയം.ഒരു നോവലിന്റെ ഘടനയും സ്വഭാവവും ഒട്ടും ചേർന്ന് പോകാതെ സ്വപ്നത്തിൽ തുടങ്ങി പൂവിരിയുന്ന ലാഘവത്തോടെ ഓരോ കഥാപാത്രങ്ങളെയും അവതരിപ്പിക്കുകയാണ് എഴുതുകാരി ചെയുന്നത്.പ്രണയവും വിരഹവും കുടുംബ ബന്ധങ്ങളും ബന്ധനങ്ങളും സാധാരണ നോവലുകളിലെ പോലെയാണെങ്കിലും അനുഭവത്തിന്റെ തീവ്രതയും സ്നേഹത്തിന്റെ ഊഷ്മളതയും ദുഃഖത്തിന് തണുപ്പും മനസ്സിനെ

കൂടുതൽ ഹൃദയസ്പർശി ആക്കുന്നു.ജാതിമതചിന്തകൾ കുത്തിവെച്ച സമൂഹത്തിൽ മനുഷ്യനെ മനുഷ്യനായി കാണാൻ ഉള്ള ശ്രമമാണ് ആണ് എഴുത്തുകാരി നടത്തുന്നത് .ഈ കഥ നടക്കുന്നത് കരിമ്പുഴ എന്ന ഗ്രാമത്തിലാണ് ആ നാട്ടിലെ ജന സ്വീകാര്യനായ റോബിൻ എന്ന യുവാവ് ഒരു സ്വപ്നം കാണുന്നു

അയൽപക്കകരിയും കളിക്കൂട്ടുകാരിയും മായ മീരയുമായുള്ള തന്റെ വിവാഹം. എന്നാൽ വിവാഹദിവസം മീരയെ പള്ളിയിൽ നിന്ന് ആരോ തട്ടിക്കൊണ്ടുപോകുന്നു, അത് കണ്ട് ആർത്തു വിളിക്കുന്നാ റോബിന്റെ ശബ്ദം കേട്ട് അന്നാമ്മ എത്തുന്നു.

തുടർന്ന് തന്റെ മകനും മീരയുമായി ഇങ്ങനെ ഒരു ബന്ധമണോ ഉണ്ടായിരുന്നതെന്ന് ഒരു ദീർഘനിശ്വാസത്തോടെ ചോദിച്ചറിഞ്ഞു,. പിന്നീട് മകനുവേണ്ടി വിവാഹം ആലോചിക്കാം എന്ന് വാക്കു നൽകുന്നു. പക്ഷേ അത് പാലിക്കാൻ കഴിയാതെ അന്നമ്മ കരിമ്പുഴ യുടെ തീരാ നഷ്ടമായി. റോബിന്റെ ജീവിത കൃതികൾ പോലും മാറി മറഞ്ഞു, ഭാരതി ടെക്സ്റ്റിലെ മാനേജരാണ്. മാസങ്ങൾക്ക് അപ്പുറം ഫ്രാൻസിസ് എന്നാ പുരോഹിതന്റെ നിർദ്ദേശപ്രകാരം ജോലിക്ക് പോയി തുടങ്ങുന്നു. ഈ അവസരങ്ങളിലെല്ലാം തന്നെ റോബിനിലും മീരയിലും അമ്മയുടെ മരണത്തിൽ വലിയ ആകാതം സൃഷ്ടിക്കപ്പെട്ടി രുന്നു. ഒരിക്കൽ ഭാരതി ടെക്സ്റ്റൈൽസ്ന്റെ ഉടമയായ രാജീവ് തനിക്ക് മീരയോട് തോന്നിയ പ്രണയം റോബിനോട് തുറന്നു പറയുന്നു. ഇത് കേട്ട് നിന്ന റോബിൻ പകച്ചു പോകുന്നു.റോബിൻ തന്റെ പ്രണയം തനിക്ക് എന്നെന്നേക്കുമായി നഷ്ടപ്പെടുകയാണ് എന്ന യാഥാർഥ്യത്തോട് കൂടിത്തന്നെ നിശ്ചലനായി എല്ലാം കേട്ടു നിൽക്കുന്ന മീരയെ വിവാഹം ആലോചിക്കുന്ന രാജീവന് ഉൾക്കൊള്ളാൻ മീരയ്ക്ക് കഴിയുന്നില്ല. റോബി നോടുള്ള പ്രണയം അവൾക്ക് അത്രത്തോളം ആഴത്തിൽ ആയിരുന്നു.

മീര നഷ്ടപ്പെട്ടുപോകുന്ന പ്രണയത്തെ ഓർത്ത് ആത്മഹത്യ തയ്യാറകുന്നു. എന്നാൽ മീരയുടെ അമ്മ സുമിത്ര മീരയിൽ വന്ന ചെറിയ മാറ്റം പോലും ശ്രദ്ധിക്കുകയും മകളെ ആത്മഹത്യയിൽ നിന്ന് തടയുന്നു. റോബിനോട് ഉള്ള മീരയുടെ പ്രണയം റോബിനുമായി സംസാരിക്കാം എന്ന് വാക്ക്നൽകുന്നു.എന്നാൽ മീരയെ നഷ്ടപെടുന്നത് കാണാൻ കഴിയാതെ റോബിൻ നാടുവിടുന്നു,പിന്നീട്

രാജീവനും ആയുള്ള വിവാഹദിവസം അടുത്തു .ആയിടക്കാണ് മിരയുടെ ജീവിതത്തിന്റെ തന്നെ ഗതി മാറ്റിമറിച്ച വലിയ ദുരന്തം ഉണ്ടാകുന്നു. മീരയുടെ പിതാവ് മഹാദേവന്റെ കണ്ണുകളിൽ ആദ്യമായി കാമവെറി കണ്ടു. മീരയുടെ ഇളം ശരീരത്തിലേക്ക് അലിഞ്ഞുചേരാനുള്ള വ്യഗ്രതയോടെ ഒരു രാക്ഷസന്. കാൽവെപ്പുകളോടെ അയാൾ അവളുടെ ദേഹത്തേക്കമരുന്നു. ഇത് കണ്ടുവന്ന സുമിത്ര മഹാദേവനെ തലക്കടിച്ചു കൊല്ലുന്നു,സുമിത്രക്ക് വധശിക്ഷ വിധിക്കുന്നു.കഥയുടെ ഗതി ഇവിടങ്ങളിൽ എത്തുമ്പോഴേക്കും പുതിയ കഥാപാത്രങ്ങൾ തികച്ചും സ്വാഭാവികമായ രീതിയിലുള്ള അവതരണം. പിന്നീടങ്ങോട്ടുള്ള കഥയുടെ ഗതി നിർണയിക്കുന്നത് ഗോപൻ എന്ന കഥാപാത്രത്തിലൂടെയാണ്. ഗോപൻ, റോബിന്റെ വീട്ടിലേക്കും ഭാരത ടെക ്സ്റ്റൈൽസ് ലെ പുതിയ മേനേജരുമായാണ് ഗോപന്റെ രംഗപ്രവേശം. മാതാപിതാക്കൾ ഇല്ലാത്ത ഒറ്റപ്പെട്ടുപോയ മീരയോടും അവളുടെ സഹോദരനോടും സമൂഹം കാണിക്കുന്ന ക്രൂരത അവറാച്ചൻ എന്ന് കഥാപാത്രത്തിന്റെ രംഗപ്രവേശനത്തിലൂടെ എഴുത്തുകാരി കാണിക്കുന്നു. രാജീവന്റെ അമ്മ രാജീവനെ മറ്റൊരു വിവാഹം കഴിപ്പിക്കുന്നു.തുടർന്ന് മീരക്ക് താങ്ങായി എത്തുന്ന ഉണ്ണി അമ്മയെ പോലുള്ള കഥാപാത്രങ്ങളെയും വളരെ മനോഹരമായിത്തന്നെ അവതരിപ്പിക്കുന്നു.

പ്രണയവും വിരഹവും ദുരന്തവും ഒരുപോലെ ജീവിതത്തിന്റെ ഭാഗമായ ഗോപൻ ഫ്രാൻസിസ് എന്ന പുരോഹിതന്റെ നിർബന്ധത്തിനു വഴങ്ങി വർഷങ്ങൾക്കുശേഷം ഗോപൻ മീരയെ വിവാഹം കഴിക്കാൻ തയ്യാറാവുന്നു, എന്നാൽ മീരാ ആദ്യമെല്ലാം വിവാഹത്തിന് എതിർത്തെങ്കിലും പിന്നീട് സഹോദരന്റെ നല്ല ജീവിതത്തിനു വേണ്ടി മീരയും സമ്മതിക്കുന്നു.

സന്തോഷ പൂർണ്ണമായ അവരുടെ ജീവിതത്തിലേക്ക് ദുരിതങ്ങളുടെ കെട്ടിപ്പിടിച്ച് പുതിയ വ്യക്തികളുടെ കടന്നുവരവ് ഭർത്താവിന്റെ വഞ്ചനയിൽ തകർന്നുപോയി മീര. ഗോപനെ എന്നെന്നേക്കുമായി ജീവിതത്തിൽ നിന്ന് ഒഴിവാക്കുന്നു. ദുരിതം നിറഞ്ഞ ഗോപന്റെ യഥാർത്ഥ ജീവിതം അറിയുന്ന മീര തനിക്ക് പറ്റിയ വലിയ തെറ്റിനെക്കുറിച്ച് ചിന്തിക്കുകയും സഹോദരനെയും മറ്റുള്ളവരെയും ഗോപനെ കണ്ടുപിടിക്കാനായി അയക്കുന്നു. അതിന്റെ ഭാഗമായി ഉണ്ണി അമ്മയെ ഗുരുവായൂരിലെക് അയക്കുന്നു, വർഷങ്ങ

ൾക്ക് ശേഷം സുമിത്രയും ഗുരുവായൂർ എത്തുന്നു. കഥയുടെ അവസാനം സുമിത്ര യുടെ സഹോദരന്റെ രംഗ പ്രേവേശനം ഓരോ വായനക്കാരുടെയും ഉള്ളിലുള്ള ഒരുപാട് ചോദ്യങ്ങൾക്കുള്ള ഉത്തരമാണ്, സുമിത്ര ഒരു എംബിബിസ് വിദ്യാർഥിനിയാണ്. ആകെ ആശ്രയമായിരുന്ന മുത്തശ്ശിയുടെ മരണത്തിൽ ഉണ്ടായ ആഘാതം താങ്ങാൻ കഴിയാതെ തളർന്ന് അവശയായി കിടക്കുന്ന സുമിത്രയെ മഹാദേവൻ എന്ന കാമഭ്രാന്തൻ ഇല്ലാതാക്കുന്നു. തുടർന്ന് സുമിത്ര ഗർഭിണിയാകുന്നു, മാസങ്ങൾക്ക് ശേഷം ഒരു ആൺ കുഞ്ഞിനെ പ്രസവിക്കുന്നു.കുട്ടിയെ സഹോദരൻ ഒരു അനാഥാലയത്തിൽ എത്തിക്കുന്നു അവിടത്തെ അന്തേവാസിയായ അന്നാമ്മ എന്ന സ്ത്രീ അവനെ എടുത്തു വളർത്തുകയും അവന് റോബിൻ എന്ന പേരു നൽകുകയും ചെയ്യുന്നു.സുമിത്ര മറ്റൊരു വിവാഹം കഴിക്കുന്നു. എന്നാൽ വർഷങ്ങൾക്കുശേഷം മഹാദേവൻ സുമിത്രയുടെ വീട്ടിലെത്തുന്നു, സന്തോഷ് പൂർണ്ണമായ സുമിത്രയുടെ ജീവിതത്തിനു വലിയ വിലങ്ങുതടിയാകുന്നു.പിന്നീട് സുമിത്ര മഹാദേവനെ വിവാഹം കഴിക്കുന്നു. ഇതെല്ലാം കേട്ടുനിന്ന ഉണ്ണിയമ്മ അമ്പരപ്പോടെ സുമിത്രയോട് ചോദിക്കുന്നുണ്ട് ഞാൻ നിന്നെ മീരയുടെ അമ്മ എന്നാണോ വിളിക്കേണ്ടത് അല്ലെങ്കിൽ റോബിന്റെ അമ്മ എന്നാണോ.

മീരയെ നഷ്ടപ്പെട്ട വേദനയിൽ നാടുവിട്ട റോബിൻ ഒരു പുരോഹിതനായി തിരിച്ചു കരിമ്പുഴയിൽ എത്തി.ഭാര്യയും മകളെയും നഷ്ടപ്പെട്ട ഗോപൻ ഒരു മുഴു ഭ്രാന്തനെപ്പോലെ ഗുരുവായൂരിൽ അലഞ്ഞു തിരിഞ്ഞു നടക്കുകയാണ്, ആ അവസരത്തിലാണ് ഉണ്ണി അമ്മയും സുമിത്രയും ഗോപനെ കാണുന്നതും ഉണ്ണിയമ്മ അവരെ രണ്ടു പേരെയും കൂട്ടി തിരിച്ച് കരിമ്പുഴയിൽ എത്തുന്നതും . എന്നാൽ മീര ഭർത്താവിനെ നഷ്ടപ്പെടുത്തിയതിന്റെ പേരിൽ ആത്മഹത്യ ചെയ്യാൻ ശ്രമിക്കുന്നു. എന്നാൽ മീരയുടെ ആശ്രമത്തെ തടഞ്ഞു കൊണ്ട് ഗോപൻ വീട്ടിലേക്ക് എത്തുന്നു.മീരയും റോബിനും സുമിത്രയും ഗോപനും തുടങ്ങി കഥയുടെ പ്രധാന കഥാപാത്രങ്ങൾ ഒരു രംഗത്തിൽ ഒന്നിക്കുന്നു ഒരു ശുഭ പരിസമാപ്തി.

എന്നാൽ കഥയുടെ അവസാനം ശുഭസൂചന നൽകണമെന്ന് കഥാകാരിക്ക് വാശി ഉണ്ടായിരുന്നു എന്നൊരു തോന്നലും അവസാന ഭാഗങ്ങളിലെ വായനയിലൂടെ അനുഭവപ്പെടും. പക്ഷേ കഥയുടെ തുടക്കം മുതൽ ഒടുക്കം വരെ ആശയത്തിൽ ഉണ്ടാകുന്ന ആകാംക്ഷ

വർധിക്കുകയാണ് എന്നത് എഴുത്തുകാരിയുടെ ഒരു വലിയ വിജയം തന്നെയാണ്.വിദ്യാഭ്യാസ യോഗ്യതയാണ് ഏതൊരു വ്യക്തിയുടെയും വലുപ്പച്ചെറുപ്പം അളക്കുന്നത് എന്ന പൊതുധാരണയിൽ വിപ്ലവാത്മകമായ മാറ്റം കൊണ്ടുവന്ന വ്യക്തിയാണ് കെ സൗജത്ത് അന്തർധാരയായി കഥയോടൊപ്പം അലിഞ്ഞുചേർന്നിരിക്കുന്ന പ്രണയവും ഇന്നത്തെ സമൂഹത്തിലെ അന ഐക്യത്തിന്റെ പ്രതീകമായ ജാതിമതചിന്തകൾ തൂത്തെറിഞ്ഞു കൊണ്ട് ബന്ധങ്ങളുടെയും സ്നേഹ ങ്ങളുടെയും ഐക്യമാണ് മതം എന്ന ആശയത്തിലേക്ക് വെളിച്ചം വീശുകയാണ് ഇവിടെ ചെയ്യുന്നത്. ഈ നോവലിന്റെ വായനയിൽ തുടക്കം മുതൽ ഒടുക്കം വരെ കഥാകാരി പോലും അറിയാത്ത ഒരു കഥാപാത്രമായി ഓരോ വായനക്കാരും ഉണ്ടായിരിക്കും എന്നതിൽ സംശയമില്ല. അത്രത്തോളം ഹൃദ്യമാണ് സ്പർശം,. തികച്ചും ഹൃദയസ്പർശിയായ സ്പർശം.

# കർഷക ജീവിതത്തിന്റെ കാണാപ്പുറങ്ങളിൽ

അന്നക്കുട്ടി പി.എം.

അധ്വാനശീലരായ വയനാടൻ കർഷകരുടെ വിയർപ്പിന്റെ ഉപ്പും, കണ്ണീരിന്റെ നനവും നെടുനിശ്വാസങ്ങളുടെ ചൂടും കൂടി ക്കലർന്ന അതിജീവന ശ്രമങ്ങളുടെ ഉണർവ്വും ഉൾക്കരുത്തും അനുഭവിച്ചറിഞ്ഞു വളർന്ന വ്യക്തിയാണ് ഞാൻ. പട്ടിണിയും, ദാരിദ്ര്യവും കഷ്ടപ്പാടുകളും, പകർച്ചവ്യാധികളും വകവെക്കാതെ രാപ്പകൽ ഭേദമന്യേ കഠിനാധ്വാനം ചെയ്ത് മണ്ണിൽ പൊന്നുവിളയിച്ച മുന്തലമുറയുടെ ത്യാഗോജ്ജ്വലമായ നേട്ടങ്ങളാണ് നാം ഇന്ന് അനുഭവിക്കുന്ന എല്ലാ സുഖസൗകര്യങ്ങളും. ഒരു പക്ഷേ മുതിർന്ന വരുടെ കഴിഞ്ഞകാല ജീവിതങ്ങളുടെ ആഴങ്ങളിലേക്ക് നിങ്ങൾ ഇത്ര യൊന്നും ഇറങ്ങിച്ചെന്നിട്ടുണ്ടാവില്ല. ഞാൻ കുഞ്ഞുനാൾ മുതൽ കണ്ടു വളർന്നതും അനുഭവിച്ചറിഞ്ഞതുമായ അതിജീവനശ്രമങ്ങളുടെ നൊമ്പരപ്പാടുകൾ പതിയാതെ പോയ കാൽപ്പാടുകളും രേഖപ്പെടു ത്താത്ത ചരിത്ര സത്യങ്ങളും, സമൃദ്ധിയേക്കാൾ വേഗത്തിലെത്തിയ തകർച്ചകൾ, കാടിറങ്ങുന്ന വന്യതയെ വെല്ലുന്ന സാംസ്കാരികാക്ര മണങ്ങളും അവഗണിക്കപ്പെടുന്ന ദീനരോദനങ്ങളും, നിസ്സഹായത യുടെ നെടുനിശ്വാസങ്ങൾ ഇത്തരം ഉള്ളുപൊള്ളിക്കുന്ന യാഥാർ ത്ഥ്യങ്ങളാണ്.? കർഷക ജീവിതത്തിന്റെ കാണാപ്പുറങ്ങളിൽ? എന്ന പുസ്തകമെഴുതാൻ എന്നെ പ്രേരിപ്പിച്ചത്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പല തലമുറകളിൽപ്പെട്ട, പല തരക്കാരായ 55 വ്യക്തികളു മായി നേരിട്ടും, ഫോണിലൂടെയും നടത്തിയ അഭിമുഖ സംഭാഷണങ്ങ ളുടെ സമാഹാരമാണ് ഈ പുസ്തകം. അവളുടെ കണ്ണീർക്കഥകൾ, കുടിയേറ്റ കാലത്തെ ദുരന്താനുഭവങ്ങൾ, വ്യത്യസ്തങ്ങളായ അനുഭവ സാക്ഷ്യങ്ങൾ, മാതൃകാപരമായ അതിജീവന ശ്രമങ്ങൾ, ഇന്നു നേരിടുന്ന വെല്ലുവിളികൾ, ക്രിയാത്മകമായ നിർദ്ദേശങ്ങൾ എന്നിവയെല്ലാം അവരുടേതായി തന്നെ രേഖപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.

സ്വന്തം നിലയിൽ പുസ്തകം പ്രസിദ്ധീകരിക്കുക എന്ന സാഹസത്തിന്റെ സാമ്പത്തിക ബാധ്യതപോലും നിസ്സാരമായി കരുതാൻ എനിക്കു ധൈര്യം പകർന്നത്, സമൂഹത്തിന്റെ നിലനില്പ്പിനാധാരമായ കാർഷിക വൃത്തിയിൽ ജീവിതകാലമത്രയും വ്യാപരിച്ച ഈ മഹത് വ്യക്തികളുടെ ജീവിത സാക്ഷ്യങ്ങളാണ്. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ നെറുകയിൽ നില്ക്കുന്ന നാം കൊറോണ മഹാമാരിയുടെ ഒതു കുഞ്ഞു വൈറസിനെ പേടിച്ച് അകത്തളങ്ങളിലേക്ക് ഒതുങ്ങിക്കൂടി വീർപ്പുമുട്ടുമ്പോൾ അറിയുക; യാതൊരുവിധ ജീവിത സൗകര്യങ്ങളും ഇല്ലാതിരുന്ന വയനാടൻ കൊടുംകാടുകളിൽ മലമ്പനിയും, വസൂരിയും ക്രൂര വിളയാട്ടം നടത്തിയ നമ്മുടെ പൂർവ്വികരെക്കുറിച്ച് കുടിയേറ്റത്തിന്റെയും, കുടിയിറക്കിന്റെയും കരളലിയിക്കുന്ന കഥകൾ, അകാലത്തിൽ പൊലിഞ്ഞുപോയ ബന്ധുമിത്രാദികൾ, ക്ലേശപർവ്വങ്ങൾ പിന്നിട്ട് സമൃദ്ധിയിലെത്തിയപ്പോൾ വിനയായി ഭവിച്ച കാലാവസ്ഥാ വ്യതിയാനം, വിളനാശം, വിലത്തകർച്ച, വന്യമൃഗശല്യം വിടാതെ പിന്തുടരുന്ന പ്രതിസന്ധികൾ, കുടിയേറ്റക്കാർ കയ്യേറ്റക്കാരായി ചിത്രീകരിക്കപ്പെട്ടു. വന്യമൃഗങ്ങൾക്കു കിട്ടുന്ന പരിരക്ഷ പോലും ലഭിക്കാത്ത നിസ്സഹായാവസ്ഥ. ഇതൊക്കെ കണ്ടില്ലെന്നു നടിക്കാൻ എങ്ങനെ സാധിക്കും. മണ്ണും, മഴയും അലർജിയാവുന്ന പുതുതലമുറയും, അധികാര ശ്രേണികൾ കയ്യാളുന്ന നേതാക്കന്മാരും തിരിച്ചറിയാതെ പോകുന്ന കാർഷിക ജീവിതത്തിന്റെ ഈ കാണാപ്പുറങ്ങൾ ഒന്നു തുറന്നു കാണിക്കുക എന്ന ഒരു എളിയ ഉദ്യമമാണ് ഈ പുസ്തകം. കെ.സി.റോസക്കുട്ടി ടീച്ചർ അവതാരിക എഴുതിയിട്ടുള്ള കർഷക ജീവിതത്തിന്റെ കാണാപ്പുറങ്ങളിൽ പ്രസിദ്ധീകരിച്ചത് കോഴിക്കോട് സ്പെൽ ബുക്ക്സ് എന്ന പ്രസാധകരാണ്.

പലവിധ പ്രതിസന്ധികളിൽ പകച്ചു നിൽക്കുന്ന കർഷകർക്ക് പ്രായോഗികമായ മാർഗ്ഗ നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുകയാണ് ബത്തേരി രൂപതാധ്യക്ഷൻ ഡോ: ജോസഫ് മാർ തോമസ്. 1968 ൽ അധ്യാപകനായി വയനാട്ടിലെത്തിയ ചന്ദ്രഭാനു മാസ്റ്റർ അന്നത്തെ വയനാടൻ അനുഭവങ്ങൾ പങ്കുവെക്കുന്നു. 95-ാം വയസ്സിലും തന്റെ കൃഷിയോർമ്മകൾ വിവരിക്കുമ്പോൾ അപ്പുചെട്ട്യാർക്ക് വലിയ ഉത്സാഹം. 1876ൽ തൃക്കൈപ്പറ്റ ശിവക്ഷേത്രത്തിലെ പൂജാകർമ്മങ്ങൾ

ക്കായി കർണ്ണാടകയിലെ കുന്താപുരത്തു നിന്നെത്തിയ ബ്രാഹ്മണ കുടുംബത്തിൽപ്പെട്ട സുബ്രഹ്മണ്യൻ സ്വാമി എന്ന കർഷകന്റെ വാക്കുകൾ ഹൃദയസ്പർശിയാണ്. ഏകവിളത്തോട്ടങ്ങൾ തകർച്ചയി ലേക്കു കൂപ്പുകുത്തിയപ്പോൾ ഇടവിളകൾ പരീക്ഷിച്ചു വിജയിച്ച റോയി ആന്റണി എന്ന യുവകർഷകൻ അതിജീവനത്തിന്റെ പുതുമാതൃകയാണ്. കല്ല്യാണിയമ്മ എന്ന ആദിവാസി സ്ത്രീ അന്നത്തെയും, ഇന്നത്തെയും ദുരവസ്ഥകളുടെ നേർചിത്രമാണ്. ലില്ലി എന്ന കർഷകത്തൊഴിലാളിയും, വിധവയായ അന്നമ്മ പൗലോസും പെൺകരുത്തിന്റെ ദൃഷ്ടാന്തങ്ങളാണ്. കച്ചവടത്തിനായി വന്ന് കാർഷിക മേഖലയെ പ്രണയിച്ച മൂസ ഹാജിയുടെ കുടുംബവും കൃഷിത്തകർച്ചയിൽ മനം മടുത്ത് കച്ചവടത്തിലേക്കു തിരിഞ്ഞ അബ്രഹാമും വ്യത്യസ്താനുഭവങ്ങൾ പങ്കുവെക്കുന്നു. വ്യത്യസ്ത മായ ഒരു കാർഷിക സംസ്കാരത്തിന്റെ നേരറിവുകളാണ്. 1327 നു മുമ്പ് വയനാട്ടിലെത്തിയ സൊരാഷ്ട്രിയന് മത വിഭാഗത്തിൽപ്പെട്ട ഇ.കെ.പാലിയയുടെ ചെറുമകൻ വൈ.ആർ പാലി പകർന്നു തരുന്നത്. കൃഷിനാശത്തെക്കുറിച്ചും, കടബാധ്യതകളെക്കുറിച്ചും വിലപിക്കുന്ന കർഷകർക്കിടയിൽ, കഠിനാധ്വാനത്തോടൊപ്പം ലളിത ജീവിതവും മിതമ്യയവും കൈമുതലാക്കി സംതൃപ്ത ജീവിതം നയിക്കുന്ന സാധാരണ കർഷകനാണ് മണ്ണഞ്ചേരി ബേബി. അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെയും പുത്തുർവയൽ സ്വാമിനാഥൻ ഫൗണ്ടേഷന്റെയും മേലധികാരികൾ വിവരിക്കുന്നത് ശാസ്ത്രീയമായ കൃഷി രീതികളും പ്രായോഗിക നിർദ്ദേശങ്ങളുമാണ്. ഇങ്ങനെ വയനാടിന്റെ പല ഭാഗങ്ങളിലുമുള്ള, പല വിഭാഗങ്ങളിൽപ്പെട്ട വ്യക്തികളുടെ കാർഷിക ജീവിതാനുഭവങ്ങളാണിവ കോവിഡ് മഹാമാരിയുടെ വിലക്കുകൾ മൂലം കൂടുതൽ ആദിവാസി വിഭാഗത്തിലുള്ളവരുടെ അനുഭവങ്ങൾ ശേഖരിക്കാൻ സാധിച്ചിട്ടില്ല.

ഇതിന്റെ പ്രതീക്ഷകളും നാളെയുടെ വാഗ്ദാനങ്ങളുമായ നിങ്ങൾ് ഈ പുസ്തകം വായിക്കാനുള്ള ക്ഷമ കാണിക്കുമെങ്കിൽ, വയനാടൻ കർഷകരുടെ കുതിപ്പും, കിതപ്പും നിങ്ങള്ക്കു തിരിച്ചറിയാൻ സാധിക്കും. അത് ഭാവിയിൽ നിങ്ങൾ വ്യത്യസ്ത ഉദ്യോഗസ്ഥ തലങ്ങളിൽ വ്യാപരിക്കുമ്പോൾ, കാർഷികവൃത്തിയെ അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് ഒരു പ്രചോദനമായിരിക്കും എന്നാണ് എന്റെ പ്രതീക്ഷ.